
ഇക്ബാൽ



എ. മാധവൻ

MUNAWWIR ISLAM HIGH SCHOOL
Date 5-2-80
P. O. ERNAKULAM

ഇക്ബാൽ

This is a good story
14-11-12

IQBAL
(A BIOGRAPHY)

By
A. MADHAVAN

1st Impression -- April 1961.
Copies 1000
RIGHTS RESERVED

Printed at:
Keralathilakam Press, Ernakulam.

Distributors
THILAKAM PUBLICATIONS
ERNAKULAM.

PRICE RS. 1. 50

ഇക്ബാൽ

MUNAVIRVI... HIGH SCHOOL
Date 5-2-80
ERNAKULAM.
5280

എ. മാധവൻ

വിതരണം:
തിലകം പബ്ലിക്കേഷൻസ്
എറണാകുളം

വില 1-50.





മുഖവുര

കഴിഞ്ഞ സഹസ്രാബ്ദത്തിനിടയ്ക്ക് ജനിച്ചിട്ടുള്ള ഏറ്റവും മഹാനായ മുസ്ലീംചിന്തകനെന്നു ലോകം തല കുലുക്കി അംഗീകരിയ്ക്കുന്ന അല്ലാമാ സർ മുഹമ്മദ് ഇക്ബാലിന്റെ ജീവിതചരിത്രം സുപ്രധാനമാണ്. അപ്രതിഹതമായ പ്രതിഭയും അനന്യസുലഭങ്ങളായ പഠനങ്ങളും എല്ലാറ്റിനുമുപരിയായി സപ്രത്യയസ്ഥൈര്യവും ഇക്ബാലിനെ ഒരതിമാനുഷനാക്കി. അദ്ദേഹത്തിന്റെ കൃതികളിലെന്നപോലെ ജീവിതത്തിലും ചിന്തകളിലും തികച്ചും സ്വതന്ത്രവും അനന്യസാധാരണവുമായ ഒരു വ്യക്തിവിശേഷത്തെയാണ് നാം ദർശിയ്ക്കുന്നതു്. ഇതിൽ അസാധാരണമായൊന്നുമില്ല; കാരണം, അദ്ദേഹത്തിന്റെ ജീവിതതത്വശാസ്ത്രംതന്നെ മനുഷ്യനിൽ വിശ്വാസമുറപ്പിയ്ക്കുന്നതും മനുഷ്യനെ അമാനുഷതത്വത്തിലേയ്ക്കു വളരാൻ കഴിവുണ്ടെന്നു പ്രഖ്യാപിയ്ക്കുന്നതുമാണ്. ഒരു കാര്യം ആദ്യംതന്നെ പറഞ്ഞേയ്ക്കാം. ഇക്ബാലിനെപ്പറ്റി എല്ലാ പ്രധാനവിവരങ്ങളും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചു നല്ലൊരു വിമർശനപരമായ ചർച്ചയും അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തെക്കുറിച്ചു് ഒരു ഗവേഷണവുമടങ്ങുന്ന ഒരു പുസ്തകം എഴുതുവാനുള്ള കഴിവു് എനിയ്ക്കില്ല. ഞാനതിനു പുറപ്പെട്ടുന്നുമില്ല. അങ്ങിനെ സമഗ്രമായ ഒരു പഠനത്തിനുള്ള സൌകര്യം എനിയ്ക്കുണ്ടായിട്ടില്ല. അദ്ദേഹം പഞ്ചാബി, ഉർദു, പേർഷ്യൻ എന്നീ ഭാഷകളിൽ കവിതകളും ഇംഗ്ലീഷ്, ഉർദു എന്നീ ഭാഷകളിൽ ഗദ്യപുസ്തകങ്ങളും എഴുതിപ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജർമ്മൻ, അറബിക്ക് എന്നീ ഭാഷകളിലും അദ്ദേഹം

ഗദ്യമെഴുതിയിട്ടുണ്ട്. അദ്ദേഹം മരിക്കുന്ന ഘട്ടത്തിൽ "വി സ്മൃതനായ ഒരു പ്രവാചകന്റെ ഗ്രന്ഥം" എന്ന ഒരു നീണ്ട ഇംഗ്ലീഷ് കവിത എഴുതുവാൻ ഉദ്ദേശിച്ചിരുന്നു. ഒരദ്ധ്യാപകനെന്ന നിലയ്ക്കു് ഇന്ത്യയിൽ ഇംഗ്ലീഷ് സാഹിത്യവും തത്വശാസ്ത്രവും, ഇംഗ്ലണ്ടിൽ അറബിക്കു് സാഹിത്യവും അദ്ദേഹം പഠിപ്പിച്ചിട്ടുണ്ടു്. ഒരു അഭിഭാഷകനെന്നനിലയ്ക്കു് അദ്ദേഹം നല്ല പ്രാക്ടീസു സമ്പാദിച്ചിരുന്നു. ഒരു തത്വജ്ഞാനിയെന്നനിലയ്ക്കു യൂറോപ്പിലെ ഏറ്റവും വലിയ തത്വജ്ഞാനികളുടെ തുല്യനാണദ്ദേഹം. ഇതു വളരെ തുറകളിൽ പ്രശസ്തിസമ്പാദിച്ച ഒരാൾ എങ്ങിനെയാണു് അസാധാരണനല്ലാതാവുക? എന്നാൽ ഒരു തത്വജ്ഞാനിയും കവിയും കൂടി സമീചീനമായി കലർന്ന സമുന്നതമായ ഒരു സംസ്കാരത്തിന്റെ ഉച്ചകോടിയിൽ കയറിനിന്നു ഭാവിലോകത്തിനു മുഴുവൻ ഒരു സന്ദേശം കൊടുക്കുമ്പോഴാണു്, അദ്ദേഹത്തെക്കുറിച്ചു സമഷ്ടിയായ ഒരു പ്രതിപാദനം അസാധ്യമായിത്തീരുന്നതു്. ഇക്ബാലിനെക്കുറിച്ചു് ഒരു ഗ്രന്ഥകാരൻ പറഞ്ഞപോലെ, ഇദ്ദേഹത്തിന്റെ ജീവിതചരിത്രത്തെ ഒരു ചെറുപുസ്തകത്തിൽ ഒതുക്കുവാൻ ശ്രമിക്കുന്നതു് ഹിമാലയപർവ്വതത്തെ ഒരു തപാൽമുദ്രയിന്മേൽ വരയ്ക്കുവാൻ ശ്രമിക്കുലാണു്. മനുഷ്യൻ മഹാന്മാരുടെ ജീവിതകഥ ആസ്പദിക്കുന്നതിൽ അതീവതല്പരനാണു്; വ്യത്യസ്തങ്ങളായ വിവിധരംഗങ്ങളിൽ മനുഷ്യബുദ്ധിയ്ക്കു് എത്രത്തോളം വളരുവാനും വികസിയ്ക്കുവാനും കഴിയുമെന്ന പ്രശ്നത്തിന്റെ സമാധാനം നൽകുന്ന ഒരു മഹച്ചരിതമാണു് ഇക്ബാലിന്റേതു്. പ്രസിദ്ധിസമ്പാദിക്കുവാൻ ഏതു മാർഗ്ഗമാണു് സ്വീകരിക്കേണ്ടതെന്നു തിരഞ്ഞെടുക്കത്തക്കവണ്ണം വൈവിധ്യമുള്ള പ്രതിഭയും ബുദ്ധിശക്തിയും പ്രകൃതി വളരെപ്പേക്കു കൊടുക്കുന്നില്ല. എന്നാൽ ഇക്ബാലിനു അങ്ങിനെ തിരഞ്ഞെടുക്കുവാൻ തികച്ചും സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇതുയും സമൃദ്ധവും, വിവി

5.2.80

ധവും അനുഗൃഹീതവുമായ പ്രതിഭ ഇതുവരെ വളരെപ്പേക്കു് ഉണ്ടായിട്ടണ്ടെന്നു തോന്നുന്നില്ല; പ്രസിദ്ധ ചിത്രകാരനുമെറുമായ ലിയൊണാർഡോ ഡാവിൻചി അത്തരത്തിൽ ഒരാളായിരുന്നു എന്നു കേട്ടിട്ടുണ്ടു്. അടുത്തകാലത്തുണ്ടായിട്ടുള്ള മറെറാരുദാഹരണം വേണമെങ്കിൽ വിശ്വമഹാകവിയായ രവീന്ദ്രനാഥടാഗോറിനെത്തന്നെ അനുസ്മരിയ്ക്കേണ്ടിവരും.

ഇക്ബാൽ ഇഹലോകവാസംവെടിഞ്ഞിട്ടു് ഇന്നേയ്ക്കു് ഇരുപത്തിമൂന്നു വർഷമായി. ഇനി അദ്ദേഹത്തെക്കുറിച്ചുള്ള ഒരു പഠനം അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതങ്ങളായ കൃതികളെ അടിസ്ഥാനപ്പെടുത്തിയിട്ടുവേണം നടത്തുവാൻ, അവിടേയും ചില ബുദ്ധിമുട്ടുകൾ! അദ്ദേഹം എഴുതിയിട്ടുള്ളതു് പല ഭാഷകളിലാണു്. അദ്ദേഹത്തിന്റെ കവിതകൾ ഏതെല്ലാം ഭാഷകളിലാണോ, ആ ഭാഷകളൊന്നുംതന്നെ ഈ ലേഖകനു സ്വാധീനമല്ലതാനും. ഇക്ബാലാകട്ടെ തന്റെ കവിതകൾ മറു ഭാഷകളിലേയ്ക്കു് തർജ്ജമചെയ്യാൻ അനുവദിക്കുന്നതു് നന്നെ ചുരുക്കമായിരുന്നു. തർജ്ജമ കവിതയുടെ ജീവനെ നശിപ്പിയ്ക്കുമെന്നാണദ്ദേഹം പറയാറു്. ഇക്ബാലിനെക്കുറിച്ചു ഒരു വമ്പിച്ച സാഹിത്യംതന്നെ വളർന്നുവന്നിട്ടുണ്ടു്. അദ്ദേഹത്തിന്റെ കൃതികളിൽ ചിലതെല്ലാം അങ്ങിങ്ങായി പരിഭാഷപ്പെടുത്തിയും വന്നിട്ടുണ്ടു്. ഇവയിൽനിന്നെല്ലാം അദ്ദേഹത്തെക്കുറിച്ചു ശേഖരിക്കുന്നവിവരം എത്രതന്നെ വിസ്തൃതമായാലും അപൂർണ്ണവും പക്ഷപാതപരവും ആയിരിക്കാനേ നിവൃത്തിയുള്ളു. വിലപ്പിടിച്ചതും ചാണയ്ക്കുവെച്ചു പടുത്തെടുത്തിയതുമായ ഒരു വൈരക്കല്ലിന്റെ ഏതെങ്കിലും ഒരു ഭാഗത്തു നോക്കിയാൽ അതിന്റെ പ്രകാശം മനസ്സിലാക്കാവുന്നതുപോലെ, ഇക്ബാലിന്റെ അമൂല്യതമനസ്സിലാക്കാൻ ഇങ്ങനെയുള്ള ഒരു പഠനവും സഹായിയ്ക്കുമെന്നുമാത്രം. ഇക്ബാൽ എന്തെല്ലാമായിരുന്നാലും, ഭാവിലോ

കത്തിന്റെ ഒടുവിലത്തെ അപഗ്രഥനത്തിൽ അദ്ദേഹത്തിന്റെപ്രശസ്തി സ്ഥിതിചെയ്യുന്നതു് അദ്ദേഹത്തിന്റെ കവിതകളിലാണു്. തന്റെ ജീവിതവും കവിതയും തമ്മിൽ അഭേദ്യമായവിധത്തിൽ ബന്ധപ്പെട്ടാണു് കിടക്കുന്നതെന്നു അദ്ദേഹം നല്ലപോലെ ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ ചിന്തകൾ മുഴുവൻ കവിതയ്ക്കു വിഷയമായിട്ടുണ്ടു്. അദ്ദേഹത്തിന്റെ കൃതികൾ താൽക്കാലികങ്ങളല്ല; സമകാലികങ്ങളാണു്—സമകാലികങ്ങൾ എന്നുവെച്ചാൽ അദ്ദേഹത്തിന്റെ ജീവിതകാലത്തെ ജീവച്ചൈതന്യംകൊണ്ടു തുളുമ്പുന്നവ എന്നർത്ഥം—ഇന്നു ജീവിക്കുന്ന കവിതയേ നാളെയും ജീവിക്കുകയുള്ളു.

ഇക്ബാലിന്റെ പേരിനു ചുറ്റും ഇന്നു ഒരു പ്രഭാപടലം—വളർന്നുവരുന്നുണ്ടു്, എന്നാൽ അദ്ദേഹം ഒരു ദൈവദൂതനായിരുന്നില്ല. അവസാനത്തെ പ്രവാചകനുശേഷം ലോകത്തിനു പ്രവാചകന്മാരുടെ ആവശ്യമില്ലാതായി എന്നു പ്രഖ്യാപിച്ച ഇക്ബാലിനെ ഒരു പ്രവാചകനാക്കാൻ ശ്രമിക്കുന്നതു കഷ്ടമാണു്. അദ്ദേഹം ഒരു മനുഷ്യനായിരുന്നു, ഒരു പരിപൂർണ്ണമനുഷ്യൻ; അതാണു് അദ്ദേഹത്തിന്റെ മഹത്വം. അതാണദ്ദേഹത്തിന്റെ വിജയത്തിന്റെ രഹസ്യം! മനുഷ്യത്വത്തിനെ അളക്കുവാൻ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നവരാണു് മഹാന്മാർ—ഈ മാനദണ്ഡംവെച്ചുനോക്കുമ്പോൾ നിശ്ചയമായും ഇക്ബാൽ ഒരു മഹാനാണു്. അവതാരങ്ങൾ പരിപൂർണ്ണ കലാത്മകമായ പരബ്രഹ്മത്തിന്റെ ഓരോ കലാംശങ്ങൾ ഉൾക്കൊള്ളുന്നവയാണെന്നും, ചൈതന്യമുള്ള ഏതൊന്നിലും ആ പരമാണുപ്രായമെങ്കിലുമായ ഒരു കലാംശം ഉണ്ടെന്നും ഹിന്ദുക്കൾ വിശ്വസിക്കുന്നു. ഒരു മുസൽമാനായ ഇക്ബാലിൽ ആ പരബ്രഹ്മത്തിന്റെ ഒരു നല്ല കലാംശംതന്നെ ഉണ്ടായിരുന്നെന്നു പറഞ്ഞാൽ അതു രുചിക്കാത്തവർ ഹിന്ദുക്കളോ മുസൽമാന്മാരോ—ആരായിരിക്കു

5284

മെന്നു എനിയ്ക്കു തീർത്തു പറയുവാൻ സാധ്യമല്ല. ഏതായാലും ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം ആ പ്രസ്ഥാവത്തെ ഏറ്റവും ശക്തിയായി നിഷേധിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുമായിരുന്നു. പക്ഷെ അതുകൊണ്ടൊന്നും ഒഴിയ്ക്കുവാൻ ഞാൻ തയ്യാറില്ല. ഈശ്വരന്റെയും മരണാനന്തരസ്വർഗ്ഗനരകങ്ങളുടെയും ആസ്തിക്യത്തെ ചോദ്യംചെയ്ത തീവ്രമായ ഖണ്ഡനങ്ങൾ നടത്തിയ കപിലനേയും ചാർവ്വാകനേയും ഏറ്റവും സമുന്നതകോടിയിലുള്ള തത്വചിന്തകന്മാരായി ആരാധിച്ചുപോരുന്ന ഒരു വംശപരമ്പരയിലാണു് ഞാൻ ജനിച്ചുവളർന്നിട്ടുള്ളതു്. ഭഗവാൻ ശ്രീരാമചന്ദ്രൻതന്നെ താനൊരു സാധാരണ മനുഷ്യനാണെന്നു പറഞ്ഞപ്പോൾ അദ്ദേഹം വൈഷ്ണവതാരമാണെന്നു ദേവന്മാർതന്നെ പറഞ്ഞുവെന്നല്ലേ പറയുന്നതു്?

സർ മുഹമ്മദ് ഇക്ബാലിന്റെ ജീവിതകാലത്തു പല സവിശേഷപരിതഃസ്ഥിതികളിലുംപെട്ട അദ്ദേഹത്തിനു രാഷ്ട്രീയമായ ചില അഭിപ്രായങ്ങൾ പറയേണ്ടിവന്നിട്ടുണ്ടു്. ആ അഭിപ്രായങ്ങൾ ഈ നാടിന്റെ ഭാവിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നു നമുക്കെല്ലാവർക്കും അറിയാം. ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം വഹിച്ച പങ്കിനെക്കുറിച്ചു പലർക്കും ആക്ഷേപമുണ്ടു്. എന്നാൽ ആ ആക്ഷേപം അദ്ദേഹത്തെ ഒരു കവി, തത്വജ്ഞാനി, മനുഷ്യൻ എന്നീ നിലകളിൽ വിലയിരുത്തുന്നതിനെതിരായി നില്ക്കുവാൻ പാടില്ല.

ഞാനിവിടെ ഇക്ബാലിനെ ഈ നിലയ്ക്കാണു് കാണുവാൻ ശ്രമിച്ചിട്ടുള്ളതു്. അതിൽ ഞാൻ വിജയിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. എങ്കിലും ഇതുപോലെ മഹാനായ ഒരു കവി, തത്വജ്ഞാനി, മനുഷ്യൻ ഭാരതത്തിൽ ജീവിച്ചിരുന്നു എന്ന അഭിമാനിയ്ക്കുവാൻ എനിയ്ക്കു സാധിച്ചു എന്നതാണു് ഏറ്റവും ചാരിതാർത്ഥ്യം നൽകുന്ന സംഗതി. ആ അഭിമാനം അനുവാചകർക്കും തോന്നുവാൻ ഈ പുസ്തകം സഹായിച്ചാൽ ഞാൻ കൃതാർത്ഥനാണു്.

എ. മാധവൻ

ഇക്ബാൽ

5280

മുകിലചക്രവത്തിമാരുടെ ഭരണത്തിൻകീഴിൽ ഭരണകർത്താക്കളേയും ഭരണീയരേയും തമ്മിൽ ക്രൂരതൽ അടുപ്പിയ്ക്കുവാനായി ഹിന്ദുക്കളേയും മുസ്ലീമിങ്ങളേയും കൂട്ടിയിണക്കുന്ന ഒരു നൂതനമതംതന്നെ സ്ഥാപിച്ച മഹാനായ അക്ബറുടെ കാലത്തു് കാശ്മീരത്തിലെ ഒരു കുലീന ബ്രാഹ്മണകുടുംബത്തിലെ അംഗങ്ങളും ഇസ്ലാംമതം സ്വീകരിക്കുകയുണ്ടായി. ആ ഹിന്ദുകുടുംബം കാശ്മീരിൽ ഇന്നും കുറേമുടിയാതെ നിലവിലുണ്ടത്രെ. ഇസ്ലാംമതം സ്വീകരിച്ചവരിൽ ചിലർ പിന്നീടു് പഞ്ചാബിലെ സിയാൽക്കോട്ടു് എന്ന പട്ടണത്തിൽ താമസമാക്കി. അവരിലൊരാളുടെ പിൻതലമുറക്കാരനായ ശൈഖ് നൂർമുഹമ്മദിനു് ക്രിസ്താബ്ദം 1873 ഫെബ്രുവരി 22-ാം തീയതി ഒരാൺകുട്ടി ജനിച്ചു. (ഹിജ്റ 1289 സിൽ ഹിജ്ജ് 24-ാംനു-) കുട്ടിയ്ക്കു് ആ വാത്സല്യനിധിയായ പിതാവു് 'ഇക്ബാൽ' എന്ന പേരിട്ടപ്പോൾ ആ പേരിനെ—ഇക്ബാൽ എന്നുവെച്ചാൽ പേഷ്യൻ ഭാഷയിൽ പ്രശസ്തി എന്നാണർത്ഥം—ഇത്രയും സാർത്ഥകമാക്കും തന്റെ പുത്രൻ എന്നദ്ദേഹം ഉദ്ദേശിച്ചു കാണുകയില്ല. കുലീനമായ ഒരു ബ്രാഹ്മണകുടുംബത്തിന്റെ പാണ്ഡിത്യപാരമ്പര്യം, കാശ്മീരത്തിന്റെ സുവിദിതമാ

യ പ്രകൃതിസൌന്ദര്യം, ഇസ്ലാമിന്റെ അപ്രതിരോധ്യമായ ഓജസ്സ്, എല്ലാറ്റിനും ഉപരിയായി പൌരസ്ത്യ ഭാഷകളിലുള്ള പരിജ്ഞാനത്തിന്റേയും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റേയും സംസ്കാരം—ഇത്രയും സുവിസ്തൃതമായ ഒരു പശ്ചാത്തലമായിരുന്നു ഇക്ബാലിന്റെ ജീവിതത്തിനുണ്ടായിരുന്നത്. ഇങ്ങിനെയുള്ള പശ്ചാത്തലം മറ്റുപലർക്കും ഉണ്ടായിരുന്നിരിക്കാം. എന്നാൽ അനന്യസാധാരണമായ പ്രതിഭാശക്തിയുണ്ടായിരുന്ന ഇക്ബാലിനു് ഈ പശ്ചാത്തലം താജ്മഹലിനുമുമ്പിൽ യമുനാനദി എന്നപോലെ സമീചീനമായിരിക്കുന്നു. പശ്ചാത്തലം ഇങ്ങിനെയെല്ലാമാണെന്നിരിയ്ക്കിലും ഇസ്ലാം മതവും സാഹിത്യവും തത്വശാസ്ത്രവുമാണു് അദ്ദേഹത്തെ ഇക്ബാലാക്കിത്തീർത്തതു്.

ഇക്ബാലിന്റെ പിതാവിനു് ഒരു ഗവണ്മെണ്ടുദ്യോഗമുണ്ടായിരുന്നു. ആ ജോലിയിൽ തുടർന്നുപോകുന്നതായാൽ പരിതഃസ്ഥിതികളെക്കൊണ്ടു താൻ കൈക്കൂലി വാങ്ങുവാനുള്ള പ്രലോഭനത്തിനു് വശംവദനായേക്കുമോ എന്നു ഭയപ്പെട്ടു് അദ്ദേഹം ആ ഉദ്യോഗം രാജിവെച്ചു. ഉപജീവനം സമ്പാദിക്കുന്നതിന്നായി ഒരു തൊപ്പിക്കച്ചവടം തുടങ്ങി. അദ്ദേഹത്തിനു് ആറു കുട്ടികൾ ഉണ്ടായിരുന്നു—രണ്ടാൺകുട്ടികളും നാലു പെൺകുട്ടികളും. അന്നത്തെ മുസ്ലീം സമുദായത്തിലെ സമ്പ്രദായമനുസരിച്ചു് അദ്ദേഹം തന്റെ മക്കൾക്കെല്ലാം ഇസ്ലാമിനെക്കുറിച്ചു് അറിവുണ്ടാക്കുന്നതരത്തിലുള്ള വിദ്യാഭ്യാസം നൽകിയിരുന്നു.

ഇക്ബാൽ ആ അദ്ധ്യയനത്തിനു ശേഷം ഒരു പ്രാഥമിക വിദ്യാലയത്തിൽചേർന്നു പഠിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ അവസാനത്തിൽ ഒരു സ്കോളർഷിപ്പ് നേടി അദ്ദേഹം മിഡിൽസ്കൂളിൽ ചേർന്നു. മിഡിൽസ്കൂളിൽനിന്നും സ്കോളർഷിപ്പ് കിട്ടിയതുകൊണ്ട് അദ്ദേഹത്തിനു് കോളേജിൽ ചേരുവാനും വിദ്യാഭ്യാസം തുടരുവാനും കഴിഞ്ഞു.

സിയാൽക്കോട്ടിലുള്ള സ്കോട്ടിഷ് മിഷൻകോളേജിൽ ചേർന്നാണു് അദ്ദേഹം പഠിച്ചതു്. അറബുഭാഷയിൽ ഒരാഗധപണ്ഡിതനായിരുന്ന മൌലാനാ മീർ ഹസ്സനായി അദ്ദേഹം പരിചയപ്പെട്ടതു് ഇവിടെവെച്ചാണു്. മൌലാനാ അന്നു് ആ കലാലയത്തിലെ അദ്ധ്യാപകന്മാരിൽ ഒരാളായിരുന്നു. യുവാവായ ഇക്ബാലിൽ അദ്ദേഹം ചെലുത്തിയ സ്വാധീനമാണു് പിന്നീടു് ആ യുവകവിയിൽ ഇസ്ലാംസംസ്കാരത്തിനോടും സാഹിത്യത്തിനോടും ഉള്ള ഭക്തിയെ വളർത്തിക്കൊണ്ടുവന്നതു്. തന്റെ യുവശിഷ്യന്റെ ബുദ്ധിശക്തിയെ പ്രസരിപ്പിക്കുവാൻ ആ പണ്ഡിതാഗ്രേസരൻ യഥാശക്തി പ്രവർത്തിച്ചുപോന്നു. ഇക്ബാലാകട്ടെ, തന്റെ ഗുരുനാഥന്റെ അഗാധപാണ്ഡിത്യത്താലും അസാമാന്യ കഴിവുകളാലും ആകൃഷ്ടനായി. അങ്ങിനെ അവർ തമ്മിൽ പരസ്പരം ബഹുമാനവും സ്നേഹവും ഉളവായി. അവരുടെ സഹകരണം ഭാവിയിലെ പൌരസ്ത്യസാഹിത്യത്തിനു് വളരെ നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാനുള്ള അസ്ഥിവാരമിട്ടു.

മൌലാനമീർഹസ്സനമായിട്ടുള്ള സാഹചര്യംകൊണ്ട് ഇക്ബാലിനു് പേഷ്യൻ സാഹിത്യത്തിൽ നല്ല പരിചയം കിട്ടി. ആ പരിചയമാണു് പിന്നിടദ്ദേഹത്തെ ഒരു പേഷ്യൻ കവിയാക്കിത്തീർത്തതു്. തന്റെ ഗുരുനാഥന്റെ ഗൃഹത്തെ മെക്കയിലെ 'കാബ'യെപ്പോലുള്ള ഒരു തീർത്ഥാടനകേന്ദ്രമായിട്ടാണു് ഒരു കവിതയിൽ അദ്ദേഹം വർണ്ണിച്ചിട്ടുള്ളതു്.

ഇക്ബാൽ വിദ്യാർത്ഥിയായിരുന്ന കാലത്തു് സിയാൽക്കോട്ടിൽ ചെറിയ തോതിലുള്ള ഒരു കവിസദസ്സു് (മുഷാറ) കൂടുക പതിവായിരുന്നു. അദ്ദേഹത്തിനു കവിതാവാസനയുണ്ടെന്നറിഞ്ഞു് ജനങ്ങൾ അദ്ദേഹത്തെക്കൊണ്ടു സ്വന്തം കവിത ചൊല്ലിക്കാറുണ്ടു്. ഒരുപക്ഷേ, ഇതായിരുന്നിരിയ്ക്കാം അദ്ദേഹത്തിന്റെ കലാഭ്യസനത്തിന്നുള്ള ആദ്യത്തെ കളരി. അക്കാലത്തു് ഉർദ്ദു അധികം പ്രചാരത്തിലുണ്ടായിരുന്നില്ല. ഇക്ബാലിന്റെ ആദ്യകാല കവിതകൾ പഞ്ചാബിയിലാണു് എഴുതിയിരുന്നതു്. കവിതാരചനയ്ക്കു് ഒരു പുതിയ പ്രോത്സാഹനം കിട്ടിയിരുന്ന കാലഘട്ടമായിരുന്നു അതു്. എന്നിരുന്നാലും യുവാവായ ഇക്ബാൽ മറെറാരു ഇന്ത്യക്കാരനും സ്വപ്നം കാണുവാൻപോലും സാധിക്കാതിരുന്ന പ്രശസ്തിയുടെ ഉന്നതശിഖരങ്ങളിൽ ഒരുകാലത്തു് സ്വച്ഛന്ദം വിഹരിക്കുമെന്നു അന്നവിടെ കൂടിയിരുന്നവർ ആരുംതന്നെ പ്രതീക്ഷിച്ചിരിക്കയില്ല.

ലാഹോറിലെ കോളേജു് വിദ്യാഭ്യാസം

സിയാൽകോട്ടിൽ നിന്നു് എഫ്. എ. പരീക്ഷ

പാസ്സായതിനുശേഷം ബി. എ. യ്ക്കു പഠിക്കുവാൻ അദ്ദേഹം ലാഹോറിൽ ചെന്നു് ഗവണ്മെണ്ടുകോളേജിൽ ചേർന്നു. തത്വജ്ഞാനത്തിനു പ്രകൃത്യാ വാസനയുണ്ടായിരുന്ന അദ്ദേഹം അതു ഐച്ഛികവിഷയങ്ങളിൽ ഒന്നായി സ്വീകരിച്ചതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. ഒരു വിദ്യാർത്ഥിയെന്നനിലയ്ക്കു് അശ്രാന്തപരിശ്രമം ചെയ്തിരുന്ന ഇക്ബാൽ 1897-ൽ വളരെ പ്രശസ്തമായ രീതിയിൽ ബി. എ. പരീക്ഷ പാസായി. ഇംഗ്ലീഷിലും അറബിയിലും വിശേഷവൈദുഷ്യത്തിനു ഒരു സ്കോളർഷിപ്പും രണ്ടു സ്വർണ്ണമെഡലുകളും അദ്ദേഹം നേടി. അക്കാലങ്ങളിൽ സർ. ടി. ഡബ്ളിയു. ആർനോൾഡ് എന്ന അറബുപണ്ഡിതൻ ആ കലാലയത്തിൽ ഒരദ്ധ്യാപകനായിരുന്നു. ഇസ്ലാമികവിജ്ഞാനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യവും അഗാധപാണ്ഡിത്യവും മുസ്ലിം ലോകത്തിനു അദ്ദേഹത്തെ ഒരാരാധ്യപുരുഷനാക്കി. തത്വജ്ഞാനവിഷയങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഢമായ ജ്ഞാനം ഇക്ബാലിനെ അദ്ദേഹത്തോടടുപ്പിച്ചു. ഗുരുനാഥൻതന്നെ സമ്മതിച്ചിട്ടുള്ളപോലെ ശിഷ്യനിൽനിന്നു ഗുരുനാഥനും വളരെയേറെ പഠിച്ചു. ശിഷ്യന്റെ കഴിവുകളേയും ഗവേഷണപാടവത്തേയും ബുദ്ധിചാതുരിയേയും ആർനോൾഡ് മുക്തകണ്ഠം പുകഴ്ത്തി. ഇങ്ങിനെയുള്ള അനുകൂലമായ പരിതഃസ്ഥിതികളിൽ 1899-ൽ അദ്ദേഹം എം. എ. പാസ്സായി. തത്വജ്ഞാനത്തിലുള്ള പ്രാവീണ്യത്തിനു സർവ്വകലാശാല അദ്ദേഹത്തിനു ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചു. ആർനോൾഡും ഇക്ബാലും തമ്മിലുള്ള

ബന്ധം ഒരു അടുത്ത കൂട്ടുകെട്ടായി രൂപാന്തരപ്പെടുകയും ചെയ്തു.

ആർനോൾഡ് അസാധാരണ കഴിവുകളുള്ള ഒരാളായിരുന്നു. അദ്ദേഹം നല്ലൊരെഴുത്തുകാരനും ആധുനിക സാഹിത്യഗവേഷണ സമ്പ്രദായങ്ങളിൽ പരിചിതനുമായിരുന്നു. ഇക്ബാലിനെ ആ സമ്പ്രദായങ്ങൾ പഠിപ്പിക്കുവാനും അദ്ദേഹത്തിന്റെ സാഹിത്യവാസനയെ വളത്തികൊണ്ടുവരുവാനും ആർനോൾഡ് ഉറപരിശ്രമിച്ചു. കൂട്ടത്തിൽ ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ, സുപ്രസിദ്ധ മുസ്ലീം ചരിത്രകാരനായ ഷിബ്ലി അലീഗറിൽ വിദ്യാർത്ഥിയായിരുന്ന കാലത്തു് ആർനോൾഡ് അവിടെ അദ്ധ്യാപകനായിരുന്നു. ഷിബ്ലിയേയും ആർനോൾഡ് ഇക്ബാലിനെ എന്നപോലെതന്നെ സഹായിച്ചിട്ടുണ്ടു്.

ആർനോൾഡും ഇക്ബാലും തമ്മിലുള്ള സൌഹാർദ്ദം ഇക്ബാലിന്റെ ഭാവിയെ സാരമായി പരിണമിപ്പിച്ചു. ആർനോൾഡ് ജോലിയിൽനിന്നു വിരമിച്ചു ഇംഗ്ലണ്ടിലേയ്ക്കു പോയപ്പോൾ ഇക്ബാലിനു് അദ്ദേഹത്തിന്റെ അസാന്നിധ്യം വേദനാജനകമായിരുന്നു. അതിനെക്കുറിച്ചു് അദ്ദേഹം ഒരു കവിതയെഴുതിയിട്ടുണ്ടു്. കുറച്ചു കാലത്തിനുശേഷം ഇക്ബാലും അദ്ദേഹത്തെ പിന്തുടർന്നു ഇംഗ്ലണ്ടിൽ പോയി. അവർ തമ്മിലുള്ള സൌഹൃദം സുദൃഢമായി, ആർനോൾഡിന്റെ മരണംവരെ നിലനിന്നു. തന്റെ പ്രയത്നങ്ങൾ സഫലമായെന്നും സാഹിത്യലോകത്തിൽ തന്റെ പേരിനു ഒരു പ്ര

ധാനകാരണം തന്റെ പ്രശസ്ത ശിഷ്യനാണെന്നും അറി
യുവാൻ കഴിഞ്ഞ ആർനോൾഡിനു് അതീവ ചാരിതാ
ർത്ഥ്യമുണ്ടായി.

തന്റെ ബാല്യകാലത്തു് തികച്ചും മതപരമായ ഒരന്തരീക്ഷത്തിൽ വളർന്നുവന്ന ഇക്ബാലിന്റെ വിദ്യാ
ർത്ഥിജീവിതം മുഴുവൻ അദ്ദേഹത്തിന്റെ മതവിശ്വാസ
ങ്ങളെ ശുദ്ധമൂലമാക്കുവാൻ പര്യാപ്തമായി. അദ്ദേഹത്തി
ന്റെ കവിതയിൽ കാണുന്ന ചിന്തകളുടെ അടിത്തറ
കൾ—സൌന്ദര്യബോധം, സ്നേഹം, ജ്ഞാനബോധം എ
ന്നിവ മതാധിഷ്ഠിതങ്ങളാണു്. അദ്ദേഹത്തിന്റെ കവി
തകളെ നിർഗ്ഗുണാത്മതത്വാവബോധം വഴിഞ്ഞൊഴുകുന്ന
വയാണു്. സൌന്ദര്യബോധവും ഈ നിർഗ്ഗുണാത്മതത്വാ
വബോധവും അദ്ദേഹത്തിന്റെ തത്വജ്ഞാനശിക്ഷണ
വും ക്രോഡീകരിച്ചുണ്ടായ ഒരാദർശസരണി ആവിർഭവിച്ചതു്.

പതിനൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തെ
ദശകത്തിൽ ലാഹോറിൽ ഒരു കവിസമാജം (മുഷാര)
സ്ഥാപിയ്ക്കപ്പെട്ടു. ഇക്ബാലിന്റെ കവിതകളും അവി
ടെ പൊല്ലുക പതിവായി. അദ്ദേഹത്തിന്റെ കവിത
കളും ജനങ്ങളും കേട്ടാസ്വദിച്ചിരുന്നതു് വമ്പിച്ച ആഹ്ലാ
ദപ്രകടനങ്ങളോടുകൂടിയായിരുന്നു. ജനങ്ങളും ആയിരക്ക
ണക്കിനു തടിച്ചുകൂടിയിരുന്നു. അദ്ദേഹത്തിന്റെ നവം
നവങ്ങളായ കൃതികളും അദ്ദേഹംതന്നെ ചൊല്ലുന്നതുകേൾ
ക്കുവാൻ അക്കാലത്തെ പ്രസിദ്ധന്മാരായ കവികളെല്ലാ
വരുംതന്നെ ആ കവിസമാജത്തിൽ എത്തിച്ചേരാറുണ്ടു്.

ലാഹോറിലെ സാഹിത്യപ്രേമികളും സാമുദായികപ്രവർത്തകന്മാരും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിത്തീർന്നു. അങ്ങിനെ അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെ സമ്മേളനങ്ങളിൽ വായിച്ചതിനുശേഷമേ മറ്റുള്ള സ്ഥലങ്ങളിൽ അദ്ദേഹം സ്വന്തം കവിതകളും വായിക്കൂ എന്ന ഒരു സമ്പ്രദായം നിലവിൽ വന്നു. അവരുടെ അഭിനന്ദനങ്ങളും അദ്ദേഹത്തിൽ ഉറങ്ങിക്കിടന്നിരുന്ന കവിയെ തട്ടിയുണർത്താൻ വളരെ സഹായിച്ചിരിക്കണം.

അക്കാലത്തു് ഇക്ബാലിനെ പ്രോത്സാഹിപ്പിച്ചവരുടെ പേരുകളും മുഴുവനും ഇവിടെ എടുത്തുപറയുക സാദ്ധ്യമല്ല. എന്നാൽ അവരിൽ ഹക്കീം അമീനുദ്ദീൻ, ഹക്കീം ഷൂജാഉദ്ദീൻ, ഹക്കീം ഷബാസുദ്ദീൻ, മീർസാഅർസദ് ഗോർഗാനി, മൌലവി അഹമ്മദ്ദീൻ എന്നിവരുടെ പേരുകളും പ്രസ്താവിക്കാതെ തരമില്ല. വിശേഷിച്ചു്, മൌലവി അഹമ്മദ്ദീന്റെ വീട്ടിൽവെച്ചു നടന്നിരുന്ന വാദപ്രതിവാദങ്ങളും ഇക്ബാലിനു സാഹിത്യലൌകിക രാഷ്ട്രീയകാര്യങ്ങളിൽ ഉണ്ടാക്കിയ സവിശേഷതാല്പര്യം സ്മരണീയമാണു്. അന്നു് തുർക്കിയും ഗ്രീസും ബൾഗേറിയയും തമ്മിൽ ഒരു യുദ്ധം നടന്നിരുന്നു.

അക്കാലത്തു അദ്ദേഹം 'ഹിമാലയത്തെ' സംബന്ധിച്ച ഉർദ്ദുഭാഷയിൽ ഒരു കവിതയെഴുതി. അതു പ്രസിദ്ധപ്പെടുത്തുവാൻ പലരും ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം അനുസരിച്ചില്ല. ഒടുവിൽ ആ കവിത 1901 ഏപ്രിൽ മാസത്തിൽ മഖ്സൻ എന്ന ഉർദ്ദുമാസിക

യുടെ ആദ്യലക്കത്തിൽ അദ്ദേഹം പ്രസിദ്ധപ്പെട്ടുത്തി. അന്നുമുതൽക്കു് അദ്ദേഹത്തിന്റെ ഉർദുകവിതയ്ക്കു പ്രസിദ്ധിയും സിദ്ധിച്ചു. ആദ്യകാലത്തു മഖ്സാനിന്റെ ലക്കങ്ങളിൽ മാത്രമേ അദ്ദേഹം തന്റെ കൃതികൾ പ്രസിദ്ധപ്പെടുത്തിയിരുന്നുള്ളൂ. പിന്നീടു മറവു മാസികകളിലേയ്ക്കും അദ്ദേഹം കവിതകൾ കൊടുത്തുതുടങ്ങി. പത്രങ്ങളും സമാജങ്ങളും കവിതകൾക്കുവേണ്ടി അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. വിദ്യാർത്ഥിജീവിതം കഴിഞ്ഞു കോളേജിൽ ഒരു പ്രൊഫസറുദ്യോഗം ഭരിക്കുകയായിരുന്ന അദ്ദേഹത്തിനു് സമയവും സൌകര്യവും ധാരാളമുണ്ടായിരുന്നതുകൊണ്ടു അവരെയെല്ലാം സാമാന്യം തൃപ്തിപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ഒരൊറ ഇരുപ്പിൽ അദ്ദേഹം ധാരാളം വരികൾ ചൊല്ലും. ക്രടെയുണ്ടാവാവുള്ള വിദ്യാർത്ഥികളും ആരാധകന്മാരും അതെല്ലാം കുറിച്ചെടുക്കും. അദ്ദേഹം ഒരിക്കലും ഇരുന്നു കവിതയെഴുതാറില്ല. കവിത ഒരു നദിപോലെ ഒഴുകുകയായിരുന്നു. താൻ രചിച്ച വരികളെല്ലാം ഓർമ്മിക്കത്തക്ക ഓർമ്മശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നിരുന്നാലും, ഒരാൾ ആവശ്യപ്പെട്ടാൽ ആ ആവശ്യത്തിനനുസരിച്ചു് ഒരു കവിതയെഴുതുവാൻ അദ്ദേഹത്തിനു സാദ്ധ്യമായിരുന്നില്ല എന്നാണു് അദ്ദേഹത്തെ നേരിട്ടു പരിചയമുള്ള ചില ഗ്രന്ഥകാരന്മാർ പറയുന്നതു്. അന്നു് അദ്ദേഹം അൻജുമാൻ-ഇ-ഹിമയത്തു്-ഇ-ഇസ്ലാമിന്റെ വാർഷികയോഗങ്ങളിലെല്ലാം സന്നിഹിതനാകാറുണ്ടു്.

1899-ൽ ആ സംഘടനയുടെ ലാഹോർ സമ്മേളനത്തിലാണ് "അനാഥശിശുവിന്റെ രോദനം" (നലാ-ഇ-യതീം) എന്ന കവിത അദ്ദേഹം വായിച്ചത്. മുസ്ലീം ജനതയെ ഒരനാഥ ശിശുവായി സങ്കല്പിച്ച് അതിനെ കാത്തുരക്ഷിയ്ക്കുവാൻ പ്രവാചകന്റെ ആത്മാവിനോടുള്ള ഒരപേക്ഷയാണ് ആ കവിത. അടുത്ത വർഷത്തിൽ അതിനെത്തുടർന്ന് "അനാഥശിശുവിന്റെ അപേക്ഷ" എന്ന കവിതയും വായിച്ചു. അദ്ദേഹം ആദ്യകാലത്തു രചിച്ച കവിതകൾ സദസ്സുകളിൽ അദ്ദേഹം വായിക്കുകയായിരുന്നു പതിവ്. ആ വായനയ്ക്ക് അതിന്റേതായ ഒരു സവിശേഷസൌകുമാര്യവുമുണ്ടായിരുന്നു. സ്നേഹിതന്മാരുടെ നിർബന്ധംമൂലം അദ്ദേഹം ഇടയ്ക്ക് അവയെ ഗാനരൂപത്തിൽ ചൊല്ലാറുണ്ട്. അദ്ദേഹത്തിന്നു് സാമാന്യം വലിയൊരു ജനസമൂഹത്തിന്നു കേൾക്കത്തക്ക ഉച്ചത്തിൽ പാടുവാനും കഴിഞ്ഞിരുന്നു. ഇക്ബാൽ പാടുവാൻ എഴുന്നേറ്റാൽ സമസ്തവും നിശ്ശബ്ദമാകും. അദ്ദേഹത്തിന്റെ മധുരസ്വരം മാത്രമേ കേൾക്കാമായിരുന്നുള്ളൂ. ആളുകൾക്ക് അദ്ദേഹത്തിന്റെ ഈ കഴിവു മനസ്സിലായതോടെ, കവിതകൾ വായിക്കാൻ അവർ സമ്മതിക്കാതായി, അദ്ദേഹം പാടണം. ഈ ഗാനങ്ങൾ അദ്ദേഹത്തിന്റെ ഗഹനങ്ങളായ കവിതകളെ സാധാരണക്കാർക്ക് പരിചയപ്പെടുത്തുവാൻ വളരെ ഉപകരിച്ചു. അൻജുമാന്റെ യോഗങ്ങളിൽ ആയിരക്കണക്കായി ജനങ്ങൾ സന്നിഹിതരായി; സ്ത്രീകളായി, ഇക്ബാലിന്റെ പുതിയ പുതിയ കവിതകൾ കേട്ടാനന്ദിച്ചു പുളകംകൊണ്ടുപോന്നു.

അൻജുമാന്റെ വാഷ്പികയോഗങ്ങളിൽ ഇന്ത്യയുടെ നാനാഭാഗത്തുനിന്നും ആളുകൾ എത്തിച്ചേരാറുണ്ട്. അക്കാരണത്താൽത്തന്നെ ആ അവസരത്തെ ആ സംഘടനയ്ക്കു പണം പിരിക്കുവാനുള്ള ഒരവസരമായി ഉപയോഗിക്കാറുമുണ്ട്. ഇക്ബാൽ തന്റെ കവിത പാടിക്കഴിഞ്ഞാൽ ജനങ്ങൾ നൂറുകണക്കിനും ആയിരക്കണക്കിനും ഉറുപ്പിക സംഭാവന ചെയ്യുപോന്നു.

ഇക്ബാലിന്റെ കൌമാരകാലത്തു ഏറ്റവും പ്രസിദ്ധനായ കവി നൈസാമിന്റെ ഗുരുനാഥനായിരുന്ന ദാഘ് എന്ന പണ്ഡിതനായിരുന്നു. ഇന്ത്യയിലെ എല്ലാ മൂലകളിൽനിന്നും യുവകവികൾ അദ്ദേഹത്തിന്റെ അഭിപ്രായത്തിനും അഭിനന്ദനത്തിനും കവിതകൾ അയയ്ക്കുക പതിവാണു്. അദ്ദേഹത്തിനു ശിഷ്യപ്പെട്ടുവാൻ മിക്ക യുവകവികളും ആഗ്രഹിച്ചുപോന്നു. ഇസ്ലാം ആചാരപ്രകാരം യുവകവികൾ തങ്ങളുടെ കൃതികൾ "തിരുത്തലിനും അഭിപ്രായത്തിനും" (ഇസ്ലാഹ്) പണ്ഡിതന്മാർക്കു അയച്ചുകൊടുക്കണം എന്നുണ്ടു്. ദാഘ് കവിതകൾ തിരുത്തി തപ്പാലിൽ തിരിച്ചയച്ചുകൊടുക്കുകയും ചെയ്യും. നൂറുകണക്കിനു യുവകവികൾ ദാഘിനോടു ഇങ്ങിനെ ബന്ധപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിനു സ്വയം ഈ പ്രവൃത്തി ചെയ്യുതീർക്കുവാൻ സാധിക്കാതായപ്പോൾ അതിനു ഒരു സംഘം പണ്ഡിതന്മാരെ നിശ്ചയിച്ചു പ്രവൃത്തി തുടർന്നുപോന്നു. യുവാവായ ഇക്ബാലും ദാഘിനു് ഒരു കത്തെഴുതി തന്റെ ചില കവിതകൾ അഭിപ്രായത്തിനായച്ചുകൊടുത്തു. ദാഘ് ഭീർഘദൃഷ്ടി

യുള്ള ഒരു കലാകാരനായിരുന്നു. സുദൂരദേശത്തുള്ള പഞ്ചാബിലെ ഈ യുവകവി ഒരസാധാരണനാണെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിന്നു് എളുപ്പത്തിൽ സാധിച്ചു. അദ്ദേഹത്തിന്റെ കവിതകളും തിരുത്തലുകളുംകൂടി അതീതങ്ങളാണെന്നു ദാഘു് ഇക്ബാലിനെ അറിയിച്ചു.

ദാഘു് ഒരു സുപ്രസിദ്ധനായ ഉർദ്ദു കവിക്രുടിയായിരുന്നു. അദ്ദേഹവുമായുണ്ടായിട്ടുള്ള ഈ നേരിയ പരിചയത്തെ ഇക്ബാൽ അഭിമാനപൂർവ്വം സ്മരിക്കാറുണ്ടു്. ദാഘുിന്റെ ജീവിതകാലത്തുതന്നെ ഒരു സുപ്രസിദ്ധകവിയായിത്തീർന്ന ഇക്ബാലിനെ തന്റെ ശിഷ്യന്മാരിൽ ഒരാളായി എണ്ണുവാൻ ദാഘുിന്നും അതിയായ അഭിമാനം ഉണ്ടായിരുന്നു. അങ്ങിനെ പരസ്പരം സ്നേഹബഹുമാനങ്ങളോടുക്രുടിയ ഒരു ഗുരുശിഷ്യബന്ധമായിരുന്ന ഈ രണ്ടു പ്രശസ്ത കവികളും തമ്മിലുണ്ടായിരുന്നതു്.

ആദ്യത്തെ ഉദ്യോഗം

ലാഹോറിൽവെച്ചു് 1899-ൽ എം. ഏ. പാസ്സായശേഷം അവിടെത്തന്നെ ഓറിയൻറൽ കോളേജിൽ ചരിത്രവും തത്വശാസ്ത്രവും പഠിപ്പിക്കുന്നതിന്നു ഒരു ലക്ചറർ ഉദ്യോഗം കിട്ടിയ ഇക്ബാൽ സ്വതന്ത്രമായ സാഹിത്യപ്രവർത്തനത്തിന്നുള്ള സൌകര്യവും അന്തരീക്ഷവും കിട്ടിയതുകൊണ്ടു വളരെ സന്തോഷിച്ചു. ലക്ചററായി അധികം കഴിയുന്നതിന്നുമുമ്പു ഇംഗ്ലീഷ് സാഹിത്യവും തത്വശാസ്ത്രവും പഠിപ്പിക്കുവാൻ ഗവണ്മെണ്ടുകോളേജിലെ ഒരു അസിസ്റ്റണ്ടു് പ്രൊഫസറുടെ ഉദ്യോഗം ഒഴിവുവന്നപ്പോൾ അദ്ദേഹം ആ സ്ഥാനത്തു നിയമിതനായി.

അദ്ധ്യാപകജീവിതകാലത്തു് വിദ്യാർത്ഥി ജീവിതകാലത്തു് സതീർത്ഥ്യരോടെന്നപോലെ, ശിഷ്യഗണത്തോടും .വളരെ അടുത്തു പെരുമാറി അവരുമായി വാദപ്രതിവാദങ്ങളം നടത്തി. അദ്ദേഹം തന്റെറകഴിവുകളെ വളർത്തി. അദ്ദേഹത്തിന്റെറ കലാലയജീവിതകാലം മുഴുവൻ പൌരസ്ത്യദേശങ്ങളിലെ നവോത്ഥാനത്തിന്റെറ കാലമായിരുന്നു. പാശ്ചാത്യപരിഷ്ക്കാരവും പൌരസ്ത്യസംസ്കാരവും തമ്മിലുണ്ടായ ഒരു സംഘട്ടനത്തിൽ പാശ്ചാത്യപരിഷ്ക്കാരം വിജയിച്ചു. ഇന്ത്യയിലെ ഇരുളടഞ്ഞ തറവാടുകളിൽ പാശ്ചാത്യപരിഷ്ക്കാരത്തിന്റെറ പ്രഭാപടലം വീശാൻ തുടങ്ങി. കാലത്തിന്റെറ പുതിയ ശക്തികളെ മനസ്സിലാക്കിത്തുടങ്ങിയ ഭാരതീയർ രാജ്യത്തു വരുത്തേണ്ടുന്ന മാറ്റങ്ങളെക്കുറിച്ചാലോചിയ്ക്കുകയായിരുന്നു. ഭരണകാര്യങ്ങളിൽ തങ്ങൾക്കും ചില അവകാശങ്ങളം വേണമെന്നിടത്തോളം എത്തിയിരുന്നു ആ ആലോചനാഗതി. ഒരു ദാർശനികനും ചരിത്രവിദ്യാർത്ഥിയുമായിരുന്ന ഇക്ബാലിനേയും ഈ ചിന്താഗതി സാരമായി സ്പർശിച്ചിരുന്നുവെന്നു ആ കാലത്തെ അദ്ദേഹത്തിന്റെറ കവിതകളം വ്യക്തമാക്കുന്നുണ്ടു്.

അദ്ദേഹം കോളേജിൽ ജോലിനോക്കിയിരുന്നപ്പോഠം സാമ്പത്തിക ശാസ്ത്രത്തെ സംബന്ധിച്ചു ഒരു പുസ്തകമെഴുതിയിട്ടുണ്ടു്. അക്കാലത്തെ പണ്ഡിതന്മാരായിരുന്ന ഷിബ്ലി, അർണ്ണർ, ഹാലി തുടങ്ങിയവർക്കെല്ലാം അദ്ദേഹത്തേക്കുറിച്ചു വലിയ മതിപ്പായിരുന്നു. ഭാവിയിൽ ഏറ്റവും വലിയ മഹാകവിയായി ഇക്ബാൽ ഉയർന്നുവരുമെന്നു ഷിബ്ലി അന്നു ദീർഘദർശനം ചെയ്തു.

ഉർദ്ദു കവിത ഒരു പരിവർത്തനത്തിലൂടെ കടന്നു പോയിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു ഇതു്. രൂപത്തിലുള്ള ഭ്രമംകൊണ്ടു ഉള്ളടക്കത്തെ തീരെ ഗൌനിക്കാതെ എഴുതിയിരുന്ന കവിതകൾ വളരെക്കാലമായി ഉർദ്ദു സാഹിത്യത്തിൽ മാന്യസ്ഥാനം കൈക്കലാക്കിയിരുന്നു. കവിതയുടെ ഉള്ളടക്കം കനംപിടിച്ചതാകണമെന്നുള്ള അഭിപ്രായം പൊന്തിവന്നതോടെ കവിതയ്ക്കു പൊതുവേ സാങ്കേതികമായി മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. യാഥാസ്ഥിതികതത്പരന്മാർ ഇതുകണ്ടു പൊറുക്കുവാൻ കഴിഞ്ഞില്ല. എല്ലാ പുതിയ പ്രവണതകളേയും അവയെ അവതരിപ്പിക്കുന്ന കവികളേയും യാഥാസ്ഥിതികന്മാർ സർവ്വശക്തികളുമുപയോഗിച്ചു എതിർത്തു. വിശേഷിച്ചു് നവീനവിഷയങ്ങളെക്കുറിച്ചു കവിതകളെഴുതുമ്പോൾ പുതിയ വാക്കുകളും സങ്കേതങ്ങളും നിർമ്മിക്കുന്നതാവശ്യമായിത്തീർന്നു. ഇതിനെയാണു യാഥാസ്ഥിതികന്മാർ ഏറ്റവും ശക്തിയായി എതിർത്തതു്. ഇക്ബാൽ ഇക്കൂട്ടർ ഇക്ബാലിനേയും വെറുതെ വിട്ടില്ല.

ഇക്ബാലിന്റെ കവിതയുടെ സൌകുമാര്യം നിഷേധിക്കുവാൻ കഴിയാതിരുന്നതുകൊണ്ടു അവർ അദ്ദേഹത്തിന്റെ ഭാഷയെയാണു് അധിക്ഷേപിക്കുവാൻ മുതിർന്നതു്. ഉർദ്ദുസാഹിത്യത്തിൽ പഞ്ചാബിപദങ്ങളെ ഇറക്കുമതി ചെയ്യുന്നുവെന്നായിരുന്നു അവരുടെ പരാതി. ഇക്ബാൽ ഈ വെല്ലുവിളിയെ ഏറ്റെടുത്തു. അദ്ദേഹത്തിന്റെ നിശിതങ്ങളായ മറുപടികൾ എതിരാളികളെ ആയുധം വെച്ചുകീഴടങ്ങുവാൻ പ്രേരിപ്പിച്ചങ്ങളായിരുന്നു. അങ്ങിനെ കാലക്രമത്തിൽ എല്ലാ ഖണ്ഡനവിമർശന

K.L. Keerthetes-avar 's heroy

ങ്ങളും ശോഷിച്ചു ശോഷിച്ചു ഇല്ലാതായി. വളരെ ചുരുക്കം പേർ മാത്രം ഈ "ഭാഷാശ്ലഥി" വാദത്തെക്കുറിച്ചു മക്കടമുഷ്ടിപിടിച്ചുകൊണ്ടുതന്നെ നിന്നു; എന്നാൽ അവരുടെ പരാതിപറയൽ വെറും വനരോദനമായിപ്പരിണമിച്ചതേയുള്ളൂ.

ഈ കാലഘട്ടത്തിൽ അദ്ദേഹം എഴുതിയ കവിതകളെല്ലാംതന്നെ, പിന്നീട് അദ്ദേഹത്തിന്റെ കവിതകളെ പ്രസിദ്ധങ്ങളാക്കിയ വിശാലവീക്ഷണവും പരിപക്വചിന്തയും ഇല്ലാത്തവയായിരുന്നു. സാങ്കേതികമായും കലാപരമായുമായിരുന്നു അവയുടെ മേന്മ. ഈ കാലത്തു അദ്ദേഹത്തിന്നു ഒരു മഹാകാവ്യമെഴുതേണമെന്നു ഒരു മനോരാജ്യമുണ്ടായിരുന്നുവത്രെ. അദ്ദേഹം ഓറിയൻറൽ കോളേജിൽ പ്രഥമസനായിരുന്ന കാലത്തു ഇസ്ലാമിയാ കോളേജ് പ്രിൻസിപ്പാൾ മൌലവി ഹക്കീമിന്റെ അയൽവാസിയായിരുന്നു. അവർ സുഹൃത്തുക്കളുമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ വെച്ചാണു് ഇക്ബാൽ തന്റെ ഭൃത്യനായ അലിബക്ഷിനെ ആദ്യമായി ക്കണ്ടതു്. അന്നു ആ കുട്ടിക്കു പതിനാലുവയസ്സു പ്രായമേ ആയിരുന്നുള്ളൂ.

അക്കാലത്തു് അദ്ദേഹം ഏറ്റവും ലളിതമായൊരു ജീവിതമാണു് നയിച്ചിരുന്നതു്. ദിവസത്തിൽ ഒരിക്കൽമാത്രം ഭക്ഷണം കഴിയ്ക്കും. രാത്രി ഒരു കപ്പു് ചായ കുടിച്ചെങ്കിൽ കുടിച്ചു; ഇല്ലെങ്കിൽ ഇല്ല. അദ്ദേഹം പുസ്തകവായനയിൽ മുഴുകിയിരുന്ന കാലഘട്ടമായിരുന്നു അതു്. വളരെ കുറച്ചേ എഴുതാറുള്ളൂ. എല്ലാ

യ്പോഴും അദ്ദേഹത്തിന്റെ മേശപ്പുറത്തു് പുസ്തകങ്ങൾ ചിന്നിച്ചിതറി കിടന്നിരുന്നുവത്രെ. അവയെ ഒതുക്കി വെയ്ക്കുവാൻ പോലും ആക്കും അദ്ദേഹം അനുവാദം നൽകിയിരുന്നില്ല. രാജ്യത്തിന്റെ സ്ഥിതിയും ജനങ്ങളുടെ രാഷ്ട്രീയാഭിലാഷങ്ങളും അദ്ദേഹത്തിന്റെ കവിതകളിൽ അന്നു നല്ലപോലെ പ്രതിഫലിച്ചിരുന്നു. അദ്ദേഹത്തിന്റെ അക്കാലത്തെ കവിതകളിൽ ഏറ്റവും പ്രസിദ്ധമായതുതന്നെയാണു് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ കവിത. അതാണു് "സാരേജഹാം സേ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ" എന്ന ദേശീയഗീതം. [തരാണാ—ഇ—ഹിന്ദ്.] ക്രടാതെ "വേദനയുടെ ചിത്രം" [തസ്വീർ—ഇ—ദർദ്] എന്ന കവിതയും അക്കാലത്തു് എഴുതിയ കൃതികളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. ദേശീയചിന്താഗതികളും നിറഞ്ഞതും ദേശസ്നേഹം വഴിഞ്ഞൊഴുകുന്നതും ഹിന്ദു-മുസ്ലീം ഐക്യം സ്ഥാപിക്കേണ്ടുന്നതിന്റെ ആവശ്യത്തെ ഊന്നിപ്പറയുന്നതുമായ ഈ കവിത അദ്ദേഹത്തിന്റെ വളർച്ചയുടെ ഒരു പ്രധാന കാലഘട്ടത്തെയാണു് കുറിക്കുന്നതു്.

'തരാണാ-ഇ-ഹിന്ദ്' എഴുതിയതു് 1904 അവസാനത്തിലാണു്.

യൂറോപ്പിൽ

ഇക്ബാലിനു പുസ്തകവായന ഏറ്റവും പഥ്യമായ ഒരു ജോലിയായിരുന്നു. രാവുപകൽ അദ്ദേഹം വായനയിൽ മുഴുകി. എന്നിരുന്നാലും വിദേശങ്ങളിൽ പോയി തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കേണമെന്ന

ഉദ്ദേശം അദ്ദേഹത്തെ ഒരിക്കലും വിട്ടുപിരിഞ്ഞിട്ടില്ല. ആർനോൾഡ് ഇംഗ്ലണ്ടിൽ പോയതോടെ അദ്ദേഹത്തിനും തന്റെ ഗുരുനാഥനെ അനുഗമിക്കണമെന്ന ആഗ്രഹം വളർന്നുവന്നു. സ്വന്തം സഹോദരന്റെ ഉദാരമായ സഹായംകൊണ്ട് അദ്ദേഹത്തിനു യൂറോപ്പിൽ പോയി തന്റെ വിദ്യാഭ്യാസം മുഴുമിക്കുന്നതിനായി മൂന്നുകൊല്ലം പഠിക്കുവാൻ കഴിഞ്ഞു.

1905 സെപ്തംബറിൽ ഇക്ബാൽ ഇന്ത്യ വിട്ടു. അദ്ദേഹം യാത്രാമദ്ധ്യേ ദൽഹിയിൽ ഹസറത്ത് മഹബൂബ് ഇലാഹിയുടെ ശവകുടീരം സന്ദർശിച്ചു. ആ ഘട്ടത്തിൽ തന്റെ ജന്മദേശം വിട്ടുപോകുന്നതിലുള്ള ദുഃഖത്തെക്കുറിച്ചദ്ദേഹം ഒരു ചെറുകവിതയുമെഴുതി.

ലണ്ടനിൽ ആദ്യത്തെ കുറച്ചു മാസക്കാലം അദ്ദേഹം ചില സ്നേഹിതന്മാരൊരുമിച്ചു ഒരു ഹോസ്റ്റലിൽ താമസിച്ചു. അവർ ഒരു നല്ല സഹൃദയസമൂഹമായിത്തീർന്നു. അവരെല്ലാവരും പല സ്ഥലങ്ങളിൽനിന്നും വന്ന വിദേശികളായിരുന്നു. അക്കാലത്തു ഇംഗ്ലീഷുകാരുടെ ഇടയിൽ ഇസ്ലാമിനെക്കുറിച്ചു ചില തെറ്റിദ്ധാരണകൾ പ്രചരിച്ചിരുന്നു; ഇസ്ലാമികരാജ്യങ്ങളെല്ലാം യോജിക്കണമെന്നു ആവശ്യപ്പെട്ടുന്ന പാൻ-ഇസ്ലാമിക്ക് പ്രസ്ഥാനത്തെ ഇംഗ്ലീഷ് രാജ്യതന്ത്രജ്ഞന്മാർ യൂറോപ്പിന്റേയും മദ്ധ്യപൂർവ്വപ്രദേശങ്ങളിലുള്ള ബ്രിട്ടീഷ് താല്പര്യങ്ങളുടെയും വിരോധികളുടെ പ്രസ്ഥാനമായിട്ടാണു് കണക്കാക്കിയിരുന്നതു്. ലണ്ടനിൽ അൻജുമാനി-ഇസ്ലാം എന്നു് ഒരു സംഘടനയും അതിന്റെ സിക്രട്ടറിയായി ഒരു ഹാ

ഫീസ് മാമൂദ് ശൈഖ് ഇറാണി എന്ന ഒരു യുവാവും ഉണ്ടായിരുന്നു. അവിടെ താമസിച്ചിരുന്ന മുസ്ലീം വിദ്യാർത്ഥികളുടെ ജീവിതസൌകര്യങ്ങൾ അന്വേഷിക്കലായിരുന്നു ആ അൻജുമാന്റെ ഉദ്ദേശം. ഈ സംഘത്തിന്റെ പേർ പാൻ-ഇസ്ലാമിക് സൊസൈറ്റി എന്നാക്കി മാറ്റണമെന്നു ചില ചെറുപ്പക്കാർ അഭിപ്രായപ്പെട്ടു. ഒരു രാഷ്ട്രീയച്ചുവയുള്ള ഈ പേർ രാഷ്ട്രീയമായ ഉദ്ദേശങ്ങളില്ലാതിരുന്ന സംഘടനയ്ക്കു വേണ്ടെന്നും ഇസ്ലാമിക് സൊസൈറ്റി എന്ന പേർ മാത്രം മതിയെന്നും മി. ആർനോൾഡും മി. അമീർഅലിയും അഭിപ്രായപ്പെട്ടു. ഇംഗ്ലണ്ടിൽ സംഘത്തിനെക്കുറിച്ചു തെറ്റിദ്ധാരണ വളരാതിരിക്കാനാണ് അവർ അങ്ങിനെ പറഞ്ഞതു്. എന്നാൽ വളരെ അധികം പേർ പേരിന്നു രാഷ്ട്രീയച്ചുവ വരണമെന്ന അഭിപ്രായക്കാരായിരുന്നു. സംഘത്തിന്റെ സിക്രട്ടറിയും ആ അഭിപ്രായക്കാരനായിരുന്നു. അദ്ദേഹം ഇക്ബാൽ ഇംഗ്ലണ്ടിൽ എത്തിയ ഉടനെ അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു. "ഇക്ബാൽ, താങ്കൾ എന്നെ അനുകൂലിക്കുമോ?" "തീച്ചയായും" എന്നായിരുന്നു മറുപടി. അങ്ങിനെ സംഘത്തിന്റെ പേർ "പാൻ-ഇസ്ലാമിക് സൊസൈറ്റി" എന്നാക്കി മാറ്റുകയും അതിന്റെ പ്രഖ്യാപിതോദ്ദേശങ്ങളിൽ "ഇസ്ലാമിന്റെ സംരക്ഷണം" ഉൾപ്പെടുത്തുകയും ചെയ്തു.

ഇക്ബാൽ പൊതുയോഗങ്ങളിൽ പ്രസംഗിയ്ക്കുവാൻ പൊതുവെ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും ഈ സംഘടനയുടെ അഭിമുഖ്യത്തിൽ അദ്ദേഹമൊന്നു പ്രസം

ഗിക്കേണമെന്ന അദ്ദേഹത്തിന്റെ സ്നേഹിതന്മാർ നിർ
ബന്ധിച്ചു. സുപ്രസിദ്ധമായ കാക്സ്ട്ടൺ ഹാളിൽവെച്ചു
"ഇസ്ലാമിന്റെ ചില വശങ്ങൾ" എന്ന വിഷയത്തെക്കു
റിച്ചു പ്രസംഗിക്കാൻ അദ്ദേഹം സമ്മതിച്ചു.

ഹാളിൽ സൂചികുത്തുവാൻ പോലും സ്ഥലമുണ്ടായി
രുന്നില്ല. ഇക്ബാൽ പ്രസംഗം എഴുതിയിരുന്നില്ല.
അങ്ങിനെ നീണ്ട ഒരു വാചാപ്രസംഗം ചെയ്യാൻ അ
ദ്ദേഹം എഴുന്നേറ്റുനിന്നു. ആവേശം നിറഞ്ഞ ഒരു
വാഗ്ധോരണികൊണ്ടു അദ്ദേഹം ജനങ്ങളെ സ്തബ്ധരാക്കി.
പ്രസംഗത്തിനു ശേഷം സദസ്യരിൽ പലരും അദ്ദേഹ
ത്തോടു ചോദ്യങ്ങൾ ചോദിച്ചു. അവയെല്ലാം തൃപ്തിക
രമായ സമാധാനം നൽകി അദ്ദേഹം തന്നിൽ ജനങ്ങൾ
ക്കുള്ള ഭക്തിബഹുമാനങ്ങളെ വളർത്തി.

ആ പ്രസംഗം അങ്ങിനെതന്നെ പിറ്റേന്നാളത്തെ
ഇംഗ്ലീഷുപത്രങ്ങളിൽ—ലണ്ടൻ ടൈംസിലും, ഡെയിലി
ടെലഗ്രാഫിലും, ഡെയിലി മെയിലിലും മറ്റും—പ്രസി
ദ്ധപ്പെടുത്തിയതോടെ ഒരു പ്രാസംഗികനെന്ന നിലയ്ക്കു
ഇക്ബാലിന്റെ പേർ നാടെല്ലാം പരന്നു. ക്രമേണ പ്ര
സംഗങ്ങൾ ചെയ്യുവാനുള്ള അപേക്ഷകൾ വന്നുകൊണ്ടിരു
ന്നു. ഇതിന്റെ ഫലമായി അദ്ദേഹം ഇസ്ലാമിക വിഷ
യങ്ങളെക്കുറിച്ചു ആറു പ്രസംഗങ്ങൾ ചെയ്തു.

അദ്ദേഹത്തെ എല്ലാവർക്കും കാണ്മാനിരുന്നു. അദ്ദേ
ഹത്തിന്റെ സംഭാഷണചാതുരി അടുത്തു പരിചയപ്പെട്ട
വർക്കെല്ലാം അദ്ദേഹത്തെ വളരെ സമ്മതനാക്കിത്തീർത്തു.
ഹോട്ടലിൽ നാനാജാതിക്കാരായ നാല്പതുപേർ ഒരുമിച്ചു

താമസിച്ചിരുന്നു. അദ്ദേഹം അവരിൽ ഓരോരുത്തരുടേയും സുഹൃത്താണെന്നു് അവർ അഭിമാനിച്ചിരുന്നു. അവിടത്തെ ഭൃത്യന്മാരെപ്പോലും അദ്ദേഹം സമദൃഷ്ടിയോടെ സുഹൃത്തുക്കളായി കരുതിപ്പോന്നു.

ഇംഗ്ലീഷുകാരുടെ സാമൂഹ്യമര്യാദകളും അദ്ദേഹത്തെ സ്വാതന്ത്ര്യബോധമുള്ളവനാക്കി. അദ്ദേഹം തന്റെ കവിതകളും ചൊല്ലിക്കേൾപ്പിക്കാവുള്ളതിനു പുറമേ ശീട്ടുകളും നോക്കി ഭാവിഭാഗ്യങ്ങളും പറഞ്ഞു സ്നേഹിതന്മാരെ വിനോദിപ്പിക്കാവുണ്ടു്. അദ്ദേഹത്തിനു് അവിദ്യ കുറച്ചറിയാമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും അതു വകവെച്ചുകൊടുക്കാറില്ല.

അവിടെവെച്ചു പരിചിതകളായ യുവതികളുടെ സൌന്ദര്യാദിഗുണങ്ങളെ അദ്ദേഹം പ്രശംസിച്ചു അവരുടെ സ്നേഹബഹുമാനങ്ങളും ആജ്ഞിച്ചുപോന്നു.

ഇക്ബാൽ കേംബ്രിഡ്ജു് സർവ്വകലാശാലയിൽ മൂന്നു കൊല്ലം പഠിച്ചു. സുപ്രസിദ്ധ പണ്ഡിതനും തത്വജ്ഞാനിയുമായിരുന്ന പ്രൊഫസർ മാക്ടഗ്ഗാർട്ടിന്റെ ഒരു പ്രസംഗപരമ്പര അദ്ദേഹം ശ്രദ്ധിച്ചുകേട്ടു. ആ സർവ്വകലാശാലയിൽനിന്നു് ഡോക്ടർ ബിരുദം സമ്പാദിച്ചശേഷം 1908-ൽ മ്യൂണിക്കു് സർവ്വകലാശാലയിൽനിന്നു "പേഷ്യയിൽ തത്വശാസ്ത്രത്തിന്റെ വളർച്ച" എന്ന ഗ്രന്ഥത്തിനു മറ്റൊരു ഡോക്ടർ ബിരുദം കൂടി സമ്പാദിക്കുകയും ചെയ്തു.

ഈ ഗ്രന്ഥം ലണ്ടനിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ ഇംഗ്ലണ്ടിലെ വിവിധ പത്രങ്ങളും പണ്ഡിതന്മാരും അ

തിനെ മുക്തകണ്ഠം പുകഴ്ത്തി. ഈ ഗ്രന്ഥം 'ഫിൽസഫാ-ഇ-അജം എന്ന പേരിൽ ഉർദുവിലേയ്ക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ജർമ്മനിയിൽനിന്നു തിരിച്ചുവന്നശേഷം അദ്ദേഹം ബാരിസ്റ്റർ പരീക്ഷ പാസ്സായി. സാമൂഹ്യശാസ്ത്രവും രാഷ്ട്രീയകാര്യങ്ങളും പഠിക്കുവാനായി അദ്ദേഹം ലണ്ടനിലെ "സ്കൂൾ ഓഫ് എക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ സയൻസി"ൽ ചേർന്നു. അവിടെ വളരെ പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും രാജ്യതന്ത്രജ്ഞന്മാരുമായി അദ്ദേഹം അടുത്ത ചങ്ങാത്തത്തിലായി.

ഈ പഠനങ്ങളുടെയും യാത്രകളുടെയും ഫലമായി ഇക്ബാൽ വിദ്യാധനം സമ്പാദിച്ചു. എന്നു മാത്രമല്ല, യൂറോപ്പിലെ അക്കാലത്തെ ചിന്തകന്മാരിൽ പലരുടെയും ചിന്തകളിന്മേലും തത്വശാസ്ത്രപഠനത്തിലും വളരെ അധികം സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുണ്ട്. ആർനോൾഡിനെക്കുറിച്ചും മാക്ടഗ്ഗർട്ടിനെപ്പറ്റിയും ഇതിനു മുമ്പുതന്നെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. കേംബ്രിഡ്ജിലെ പ്രൊഫസർ സോറൽ ഒരവസരത്തിൽ പറയുകയുണ്ടായി; താൻ കണ്ടിട്ടുള്ള തത്വശാസ്ത്രവിദ്യാർത്ഥികളിൽ ഏറ്റവും സമർത്ഥനും ക്രമ്മബുദ്ധിയും മുഹമ്മദ് ഇക്ബാലാണെന്നു്. ഡോക്ടർ നിക്കൽസൺ ഒരു സുപ്രസിദ്ധ പൌരസ്ത്യ ശാസ്ത്രവിശാരദനായിരുന്നു. അദ്ദേഹത്തെ ഇക്ബാൽ കാന്തം ഇരുമ്പിനെയെന്നപോലെ ഹഠാദാകർഷിച്ചു. ഈ ആകർഷണത്തിന്റെ പ്രത്യക്ഷഫലം ഇക്ബാൽ ഇന്ത്യയിലേയ്ക്കു മടങ്ങിയിട്ടും വളരെ കൊല്ലങ്ങൾക്കുശേഷം അദ്ദേഹം ഇക്ബാലിന്റെ അശ്

രാർ-ഇ-ഖുദി (വ്യക്തിത്വത്തിന്റെ മാഹാത്മ്യം) എന്ന കവിത പേഷ്യൻ ഭാഷയിൽനിന്നു ഇംഗ്ലീഷിലേയ്ക്കു തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയതായിരുന്നു. പൌരസ്ത്യർ, വിശേഷിച്ചും ഇന്ത്യയിലെ പണ്ഡിതന്മാർ, പാശ്ചാത്യപണ്ഡിതന്മാരുടെ പ്രശംസയ്ക്കും ബഹുമാനത്തിനും പാത്രമാകാവുള്ളതിന്റെ ഒരു മകുടോദാഹരണമായിരുന്നു നിക്കൽസണ് ഇക്ബാലിനോടു തോന്നിയ ബഹുമാനം.

ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന കാലത്തു അദ്ദേഹത്തിന്റെ പ്രവർത്തനം നാനാമുഖമായിരുന്നു. എന്നിരുന്നാലും അദ്ദേഹം പല സ്ഥലങ്ങളിലും വാചാപ്രസംഗങ്ങളം ചെയ്യാനും ഇസ്ലാമിന്റെ അന്തസ്സിനെ വർദ്ധിപ്പിക്കുവാനും സമയം കണ്ടു. അദ്ദേഹത്തിന്റെ പ്രസംഗം എല്ലാത്തരക്കാരുടേയും ബഹുമാനത്തിനും പ്രശംസക്കും പാത്രമായി. മതസംബന്ധമായ ഗവേഷണത്തിൽ അദ്ദേഹം അതുല്യമായ പ്രശസ്തി സമ്പാദിക്കുകയും പ്രൊഫസർ ആർനോൾഡിന്റെ സ്ഥാനത്തു ലണ്ടൻ സർവ്വകലാശാലയിൽ മൂന്നു മാസക്കാലം അറബുഭാഷ പഠിപ്പിക്കുവാൻ പ്രൊഫസറുദ്യോഗം വഹിക്കുകയും ചെയ്തു.

മുപ്പത്തിരണ്ടു വയസ്സായപ്പോഴേയ്ക്കും പേർഷ്യൻ, അറബു്, സംസ്കൃതം മുതലായ ഭാഷകൾക്കു പുറമേ പല യൂറോപ്യൻ ഭാഷകളിലും പ്രാവീണ്യം സമ്പാദിച്ചു വളരെ ഉന്നത ബിരുദങ്ങളം നേടി ഇക്ബാൽ ഇന്ത്യയിലേക്കു മടങ്ങി. നിരന്തരവും അശ്രാന്തവുമായ പരിശ്രമംകൊണ്ടു അദ്ദേഹം പ്രശസ്തി സമ്പാദിച്ചു. അദ്ദേ

ഹത്തിനു അഞ്ജലിക്കുവാൻ കഴിഞ്ഞിട്ടുള്ള പേരു് വെറുതെ ഉണ്ടായതല്ല. വളരെ മുരുക്കം ഇന്ത്യക്കാർക്കു മാത്രമേ ആ തോതിലുള്ള ഒരു പേരു് സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ബോംബയിൽ കപ്പലിറങ്ങി ദൽഹി, അംബാലവഴി അദ്ദേഹം ലാഹോറിൽ എത്തിയതു് 1908 ജൂലായി അവസാനത്തിലാണു്. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ലാഹോറിലെ അഭ്യസ്തവിദ്യരും ലാഹോർ സ്റ്റേഷനിൽ അദ്ദേഹത്തെ സ്വീകരിക്കുവാൻ തടിച്ചുകൂടിയിരുന്നു. അദ്ദേഹം നാടിനുവേണ്ടി സമാഹരിച്ച പ്രശസ്തിയെക്കുറിച്ചു അഭിമാനപുളകിതരായ ജനങ്ങൾ അദ്ദേഹത്തെ ഉറന്നനുമോദിച്ചു.

ഇക്ബാൽ യൂറോപ്പിൽ കഴിച്ചുകൂട്ടിയ മൂന്നു വർഷങ്ങൾ അദ്ദേഹത്തിന്റെ കാവ്യനിർമ്മിതിയുടെ രണ്ടാം ഘട്ടത്തെയാണു് കുറിക്കുന്നതു്. അക്കാലത്തു് അദ്ദേഹം വളരെക്കുറച്ചു എഴുതിയിട്ടുള്ളൂ; അദ്ദേഹത്തിനു കവിതയെഴുതുവാൻ സമയവും കഷ്ടിയായിരുന്നു. എന്നാൽ ഒരു സവിശേഷതയുണ്ടായിരുന്നതു് അദ്ദേഹത്തിന്റെ കവിതകൾ അനുഭവത്തിന്റേയും അനുമാനത്തിന്റേയും പ്രതിബിംബങ്ങളായിരുന്നുവെന്നതാണു്. ഈ കാലത്തു ഒന്നു രണ്ടു സംഭവങ്ങൾ ഉണ്ടായി. ഒരവസരത്തിൽ അദ്ദേഹം താൻ ഇനി കവിതയെഴുതുകയില്ലെന്നും, കവിത എഴുതുവാൻ വിനിയോഗിച്ചിരുന്ന സമയം കൂടുതൽ പ്രയോജനകരങ്ങളായ വ്യവസായങ്ങളിൽ ഉപയോഗിക്കുന്നതാണെന്നും ശപഥം ചെയ്തു! അദ്ദേഹത്തിന്റെ ഒരു സുഹൃത്തായിരുന്ന സർ അബ്ദുൾഖാദിർ അദ്ദേഹത്തെ

ബോദ്ധ്യപ്പെട്ടത്തി, കവിതയെഴുത്തുന്നതിലും ക്രൂടുതൽ പ്ര
യോജനകരമായ പ്രവൃത്തിയൊന്നും അദ്ദേഹത്തെക്കൊണ്ടു
ചെയ്യുവാൻ കഴിയുകയില്ലെന്നു്. പതിതങ്ങളായ പൂർവ്വ
ദേശരാഷ്ട്രങ്ങളെ അഭ്യുദ്ധരിക്കുവാൻ കഴിവുള്ള അദ്ദേഹ
ത്തിന്റെ കവിത നിസ്സാരമൊന്നുമല്ലെന്ന അദ്ദേഹത്തിനു
മനസ്സിലാക്കിക്കൊടുത്ത ആ സുഹൃത്തിനോടു ലോകം
വളരെ കടപ്പെട്ടിരിക്കുന്നു! ഇക്ബാലിനു ഇതു് അത്ര
ബോദ്ധ്യപ്പെട്ടില്ല. ഒടുവിൽ ഇതിനെക്കുറിച്ചുള്ള തീരു
മാനം ഡോക്ടർ ആർനോൾഡിലായിരിക്കണമെന്ന ആ
സുഹൃത്തുക്കൾ തീരുമാനിച്ചു. ആർനോൾഡ് അബ്ദുൾ
ഖാദിറിനോടു യോജിച്ചു. അദ്ദേഹം വിധിച്ചു, ഇക്
ബാലിന്റേയും രാജ്യത്തിന്റേയും താൽപര്യങ്ങൾ മുൻ
നിത്തിനോക്കുമ്പോൾ ഇക്ബാൽ ഒരു കവിയായിത്ത
ന്നെ തുടരണമെന്നു്. മറ്റൊരുസംഭവം ഇക്ബാലിനെ
ക്കൊണ്ടു പേഷ്യൻഭാഷയിൽ കവിതയെഴുത്തുവാൻ പ്രേരി
പ്പിച്ചതാണു്. ഇക്ബാൽ അതേവരെ ഉർദ്ദുവിനെയാ
ണു് തന്റെ കവിതയുടെ ഭാഷയായി ഉപയോഗിച്ചിരു
ന്നതു്. അദ്ദേഹം പേഷ്യൻഭാഷ നല്ലപോലെ പഠിച്ചി
രുന്നു. അദ്ദേഹത്തിന്റെ വാസനക്കുതന്നെ വളരെ മാ
റ്റങ്ങളും വരുത്തിയിരുന്ന ആ പേഷ്യൻ ഭാഷാഭ്യസനം
അദ്ദേഹത്തെ ഉർദ്ദുവിനേക്കാൾ വിപുലമായ ഒരു സാഹി
ത്യമുള്ള പേർഷ്യനിൽ കവിതയെഴുത്തുവാൻ സന്നദ്ധനാ
ക്കിയെങ്കിലും അദ്ദേഹം ആ ഭാഷയിൽ കവിതയെഴുത്തു
വാൻ ആരംഭിച്ചിരുന്നില്ല. ഒരു ദിവസം ഒരു സുഹൃത്തു്
അദ്ദേഹത്തോടു കാര്യം പേർഷ്യൻ വരികൾ ചൊല്ലാൻ
അപേക്ഷിച്ചു. അദ്ദേഹം പേർഷ്യനിൽ കവിതകളെഴു

തിയിട്ടില്ലേ എന്നു ചോദിക്കുകയുംചെയ്തു. താനിതുവരെ ശ്രമിച്ചിട്ടില്ല എന്നദ്ദേഹം സമ്മതിച്ചു. അതൊരസാധാരണസന്ദർഭമായിരുന്നു. ഉർദുവിൽ വളരെ നല്ല കവിതകൾ എഴുതിയിട്ടുള്ളദ്ദേഹവും ഭാവിയിൽ പേർഷ്യനിൽ ഇത്രയും മികച്ച കവിതകൾ എഴുതുവാനിരിക്കുന്ന ആളുമായ ഇക്ബാലിന്നു തന്റെ കൃതിയായി നാലു പേർഷ്യൻ വരികൾ ചൊല്ലുവാൻ കഴിയാത്ത ഒരു ഘട്ടം! അതദ്ദേഹത്തെ ഒന്നുണർത്തിവിട്ടു. അന്നു രാത്രി ആ സ്നേഹിതന്റെ വീട്ടിൽനിന്നു മടങ്ങിവന്നപ്പോൾ നേരം സാമാന്യത്തിലധികം വൈകിയിരുന്നെങ്കിലും അദ്ദേഹം പേർഷ്യനിൽ കവിത രചിയ്ക്കാനിരുന്നു. പിറേന്നാൾ തന്റെ സുഹൃത്തായ സർ അബ്ദുൾഖാദറിനെ കണ്ടപ്പോൾ താൻ തലേന്നാൾ രാത്രി രചിച്ച കവിത ചൊല്ലി കേൾപ്പിച്ചു. ഈ കൃതി പേർഷ്യൻ ഭാഷയിൽ കവിതയെഴുതുവാനുള്ള തന്റെ കഴിവിനെ അദ്ദേഹത്തിനുതന്നെ ബോദ്ധ്യപ്പെടുത്തിക്കൊടുത്തു. ഇംഗ്ലണ്ടിൽനിന്നു തിരിച്ചുവന്ന ശേഷം അദ്ദേഹം ഇടയ്ക്കിടയ്ക്കു ഉർദുവിൽ കവിതയെഴുതാറുണ്ടെങ്കിലും അദ്ദേഹത്തിന്റെ കവിതാവാസന പേർഷ്യൻഭാഷയെയാണു് അധികം അനുഗ്രഹിച്ചതു്.

ഇതായിരുന്നു അദ്ദേഹത്തിന്റെ കവി ജീവിതത്തിന്റെ മൂന്നാം കാലഘട്ടം. ഇംഗ്ലണ്ടിൽനിന്നു 1908-ൽ തിരിച്ചുവന്ന ഉടനെ ആരംഭിച്ച ആ കാലഘട്ടത്തിലാണു് അദ്ദേഹത്തിന്റെ സുപ്രസിദ്ധങ്ങളായ "അശ്രാർ-ഇ-ഖുദി" "രുമൂസ്-ഇ-ബേഖുദി" എന്നീ

തത്വചിന്താപരങ്ങളായ കവിതകൾ—വ്യക്തിയുടെ വളർച്ചയേയും സാദ്ധ്യതകളേയുംകുറിച്ചു ചർച്ചചെയ്യുന്ന കവിതകൾ—അദ്ദേഹം എഴുതിയതു്. ഈ പുസ്തകം അദ്ദേഹത്തെ പാശ്ചാത്യസാഹിത്യലോകത്തിൽ സുസമ്മതനായ ഒരു കവിയാക്കിത്തീർത്തു.

യൂറോപ്പിലെ വിദ്യാഭ്യാസവും ചുറ്റുപാടുകളും ഇക്ബാലിന്റെ വീക്ഷണഗതിയിൽ സാരമായ മാറ്റംവരുത്തി. യൂറോപ്പും ഏഷ്യയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. തന്നെ വളരെ വേദനിപ്പിച്ചിരുന്ന ഏഷ്യയുടെ നിശ്ചേഷ്ടതയ്ക്കു് ഇതിനുത്തരവാദിത്വം വഹിച്ചിരുന്നതു് മദ്യവും കവിതയുമാണെന്നദ്ദേഹം അനുമാനിച്ചു. നേരെമറിച്ചു് യൂറോപ്പാകട്ടെ ഉത്സാഹത്തിന്റേയും പരിശ്രമത്തിന്റേയും സ്വയം പര്യാപ്തതയുടേയും സ്വാശ്രയശീലത്തിന്റേയും ഒരു ചിത്രമാണു് അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടതിയതു്.

പൌരസ്ത്യരാഷ്ട്രങ്ങളെ അവയുടെ നിദ്രാവസ്ഥയിൽ നിന്നു തട്ടിയുണർത്തുവാൻ അദ്ദേഹം ചെയ്ത അശ്രാന്തപരിശ്രമം അദ്ദേഹത്തിൽവന്ന ഈ പരിവർത്തനത്തിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. ഭൂമിശാസ്ത്രപരമായ ദേശീയതയ്ക്കു അദ്ദേഹത്തിന്റെ ജീവിതത്തിൽ തീരെ സ്ഥാനമില്ലെന്നായി. "തരാണാ-ഇ-ഹിന്ദ്" നുപകരം "തരാണാ-ഇ-മില്ലത്ത്" ആയിത്തീർന്നു അദ്ദേഹത്തിന്റെ ദേശീയഗീതം. അതിൽ ചീനയും അറേബിയയും ഹിന്ദുസ്ഥാനും മുസ്ലീമുകളുടെ രാഷ്ട്രമാണെന്നദ്ദേഹം ഉ

ദ്ഘോഷിച്ചു. ജാതി, വർണ്ണം എന്നിവകൊണ്ടുള്ള വ്യത്യാസങ്ങളേയും അസമത്വങ്ങളേയും അദ്ദേഹം ശക്തിയായി അധിക്ഷേപിച്ചു. ഇന്ത്യയിൽ മുസ്ലീമുകളുടെ ഇടയിൽ വിശേഷിച്ചും, ദേശീയബോധം വളർത്തുവാൻ അദ്ദേഹം കിണഞ്ഞുപരിശ്രമിച്ചു. മുസ്ലീംസമുദായത്തിൽ കടന്നുകൂടിയിരുന്ന അനാചാരങ്ങളെ അദ്ദേഹം ശക്തിയായെതിർത്തു. ഇങ്ങിനെ പുതിയ ഭാവനകളോടുകൂടിയ ഒരു ദേശീയനവോത്ഥാനത്തിന്റെ കവിയായിട്ടാണു് ഇക്ബാൽ ഇംഗ്ലണ്ടിൽനിന്നു മടങ്ങിയെത്തിയതു്. അദ്ദേഹം ലാഹോറിൽവന്നു താമസമുറപ്പിച്ചു; ഹൈക്കോടതിയിൽ ഒരു ബാരിസ്റ്ററായി വ്യവഹരിയ്ക്കുവാൻ തുടങ്ങി.

ഒരു വക്കീൽ

1908 ൽ ഇംഗ്ലണ്ടിൽനിന്നു തിരിച്ചെത്തിയ ഇക്ബാൽ ലാഹോർ ഹൈക്കോടതിയിൽ വക്കീലായി പ്രാക്ടീസു് ആരംഭിച്ചു. അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു പോകുന്നതിനുമുമ്പുതന്നെ ലാഹോറിലെ സാഹിത്യജീവിതത്തിൽ ഗണ്യമായ ഒരു സ്ഥാനം സമ്പാദിച്ചിരുന്നുവെന്നു ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലോ; ഒരു വക്കീലെന്നനിലയ്ക്കു് പൊതുജീവിതത്തിൽ ഒരു നേതാവാകുവാൻ സാഹചര്യങ്ങളും വർദ്ധിച്ചു. അദ്ദേഹത്തിനു അനുകൂലമായും വന്നു.

അദ്ദേഹത്തിന്റെ കലാത്മകമായ സ്വഭാവത്തിനു ഒരു വക്കീലിന്റെ തൊഴിൽ അനുയോജ്യമായിരുന്നുവോ എന്നു സംശയമാണു്. ജീവനോപായത്തിനു അദ്ദേഹം

അതു സ്വീകരിച്ചു എന്നുമാത്രം. തന്റെ വക്കീൽജോലി നിർവ്വഹിച്ചു കഴിഞ്ഞു ബാക്കി സമയങ്ങളിൽ അദ്ദേഹം ചില മികച്ച കവിതകളെഴുതി. അവ ജനങ്ങൾ ന്നൂറാണ്ടുകളായി മുഴുകിക്കിടന്നിരുന്ന ആ സുഷുപ്തിയിൽ നിന്നു അവരെ ഉണർത്തി. അദ്ദേഹത്തിന്റെ ആശയും വിശ്വാസവും അവക്കു തേജസ്സും ഉത്തേജനവും നൽകി. അങ്ങിനെ അദ്ദേഹം പുതിയ ഒരു യുഗത്തിന്റെ പ്രണേതാവായിത്തീർന്നു. അദ്ദേഹംതന്നെയായിരുന്നു അതിന്റെ വ്യാഖ്യാതാവും.

മുൻഷി തഹീർ-ഉ-ദ്ദീൻ ആയിരുന്നു അദ്ദേഹത്തിന്റെ ഗുരുസ്ഥാൻ. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ മുൻഷിസാഹിബ്തന്നെയാണു് അദ്ദേഹത്തിന്റെ ഗുരുസ്ഥാനം കായ്യസ്ഥനമായുണ്ടായിരുന്നതു്.

ഒരു കവിയെന്ന നിലക്കു അദ്ദേഹത്തിന്റെ പ്രശസ്തി ദൂരദേശങ്ങളിൽപോലും വ്യാപിച്ചുകഴിഞ്ഞിരുന്നു. അതു് അദ്ദേഹത്തിന്റെ വക്കീൽപണിയിൽ വളരെ സഹായകവുമായിരുന്നു. എന്നാൽ അദ്ദേഹം പണം സമ്പാദിച്ചുവെയ്ക്കുന്നതിൽ അത്ര ജാഗരൂകനായിരുന്നില്ല; കക്ഷികൾ കൂടുതൽ വരുന്നതു് അദ്ദേഹത്തിനു ബുദ്ധിമുട്ടായിട്ടാണു് തോന്നിയിരുന്നതു്. അദ്ദേഹം മൌലികമായി, ഒരു കവിയായിരുന്നു; അതിനുശേഷം മറെറന്തും. ദിവസേന ഒരു നേരംമാത്രം ലഘുവായി ഭക്ഷണംകഴിച്ചു, രാത്രി മുഴുവൻ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടും. ഖുറാൻ ഉച്ചരിക്കുകയായിരുന്നു അദ്ദേഹത്തിനു ഏറെറവും പ്രിയപ്പെട്ട വിനോദം. അതുച്ചരിയ്ക്കുമ്പോൾ അശ്രുധാര അദ്ദേഹ

ത്തിന്റെ മുഖത്തെ അലങ്കരിക്കുക പതിവായിരുന്നു; പുസ്തകം നനഞ്ഞുപോകാറുണ്ടത്രെ.

ഒരു വക്കീലെന്നനിലയ്ക്ക് അദ്ദേഹം ഭാഗ്യവാനായിരുന്നു. തന്റെ കക്ഷിയെ സഹായിക്കാൻ കഴിയാത്ത ഒരു കേസ്സ് അദ്ദേഹം സ്വീകരിക്കുകയില്ല. കേസുകൾ കിട്ടാൻ അദ്ദേഹം ശ്രമിക്കാറില്ല; ശ്രമിച്ച ഘട്ടങ്ങളിലെല്ലാം അദ്ദേഹത്തിനു വളരെ അധികം കേസുകൾ കിട്ടിയിട്ടുമുണ്ട്. ഒരിയ്ക്കൽ ബാരിസ്റ്റർ സി. ആർ. ദാസ് (ദേശബന്ധു ദാസ്) ഒരു കേസ്സിൽ ഹാജരാക്കിയിരുന്ന ഒരു രേഖയെപ്പറ്റി വിദഗ്ധാഭിപ്രായം പറയുവാൻ അദ്ദേഹത്തെ ക്ഷണിച്ചു. കേസു പാടനയിലായിരുന്നു. ദിവസത്തേയ്ക്കു ആയിരം ഉറുപ്പിക ഫീസും ഗുമസ്ഥനു നൂറുറുപ്പിക ചിലവും നൽകിയിരുന്ന ഒരു കേസ്സായിരുന്നു അതു്. വേണമെങ്കിൽ എത്ര ദിവസമെങ്കിലും താമസിയ്ക്കാം. രണ്ടു മാസം കഴിഞ്ഞിട്ടു തെളിവുകൊടുത്താൽ മതി. അക്കാലം മുഴുവൻ ഫീസുവാങ്ങാം എന്നദ്ദേഹത്തോടു സി. ആർ. ദാസുതന്നെ പറഞ്ഞുവത്രെ! പക്ഷെ അദ്ദേഹം പോയി ഒരൊറ്റ ദിവസംകൊണ്ടു ജോലി കഴിച്ചു ഫീസും വാങ്ങിപ്പോന്നുവെന്നാണറിയുന്നതു്.

വക്കീലായിരുന്നപ്പോഴും അദ്ദേഹത്തിന്റെ അരികിൽ ലാഹോറിലെ വിവിധകോളേജുകളിലേയും വിദ്യാർത്ഥികളും വന്നു കൂടാറുണ്ടു്. അദ്ദേഹം സാഹിത്യപരമായും തത്വശാസ്ത്രസംബന്ധമായുമുള്ള വിഷയങ്ങളെക്കുറിച്ചവരോടു സംസാരിയ്ക്കും. ഇങ്ങിനെ കിട്ടിയ വിദ്യാഭ്യാ

സം അവരിൽ പലരേയും ഭാവിയിൽ പല തുറകളിലും നേതാക്കന്മാരാക്കിയിട്ടുണ്ട്.

ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന കാലത്തുതന്നെ അദ്ദേഹം "അബ്ദുൽഖാദിക്ക്" എന്ന കവിതയിൽ തന്റെ ഭാവി കവിതാപ്രവർത്തനത്തിനു ഒരു പദ്ധതി തുപവൽക്കരിച്ചുകഴിഞ്ഞിരുന്നു. സൂക്ഷ്മമായി അപഗ്രഥനംചെയ്യുമ്പോൾ ആ കവിതയിൽ അദ്ദേഹം ഭാവിയിൽ എഴുതിയ എല്ലാ കവിതകളുടേയും ഒരു മങ്ങിയ ചിത്രം കാണാൻ കഴിയും. ഷിക്വാ, ജവാബ്-ഇ-ഷിക്വാ, ശാം-ഒ-ശയർ, ഖിസ്ർ-ഇ-രാഹ്, തുലു-ഇ-ഇസ്ലാം എന്ന കവിതകൾ അതിൽനിന്നുടലെടുത്തവയാണു്. യൂറോപ്പിലെ ഗ്രന്ഥശാലകളിലും അദ്ദേഹം നടത്തിയ വായനയും, യാത്രകൊണ്ടുണ്ടായ അനുഭവങ്ങളും ഭൌതികവാദത്തിനു ലോകത്തിന്റെ ദുരിതങ്ങൾക്കു് ഒരുപരിഹാരം കാണുവാൻ കഴിയുകയില്ലെന്നദ്ദേഹത്തിനു ബോധമുണ്ടാക്കി. ഒരു നിലയ്ക്കും മനുഷ്യവംശത്തിന്റെ അഭിവൃദ്ധിയും വളർച്ചയും അതിനെമാത്രം ആശ്രയിച്ചുനിന്നാൽ മതിയാകയില്ലെന്നു ശുദ്ധമൂലമായ അഭിപ്രായം അദ്ദേഹത്തിനുണ്ടായി. ഭാവിയിൽ എഴുതിയ കവിതകളിലെല്ലാം ആ അഭിപ്രായം അദ്ദേഹം ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്.

അങ്ങിനെ, യൂറോപ്പിൽനിന്നു മടങ്ങിവന്ന ഉടനെ അദ്ദേഹത്തിന്റെ കവിത ഒരു പുതിയ ഘട്ടത്തിൽ പ്രവേശിച്ചു. ആദ്യമായി മുസ്ലീംജനതയുടെ പരിശ്രമങ്ങൾ വിജയിക്കേണമേ എന്നു ഈശ്വരനോടദ്ദേഹം പ്രാർത്ഥി

ക്കാൻ തുടങ്ങി. "മുസ്ലീംജനതയുടെ കെട്ടുപോയ അഗ്നി യെ ഒന്നു പുനരുജ്ജീവിപ്പിക്കേണമേ, അവരുടെ നിരാ ശതയെ ദൂരീകരിയ്ക്കേണമെ, അവരുടെ ജീവിതത്തിനു ചൂടും ആവേശവും നൽകേണമേ!" എന്നായിരുന്നു അ ദ്ദേഹത്തിന്റെ പ്രാർത്ഥന.

അദ്ദേഹത്തിനു ദേശീയവാദത്തിലുള്ള വിശ്വാസം നശിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ശ്രമം ഇസ്ലാം ജനതയെ മുഴുവൻ യോജിപ്പിച്ചു ലോകത്തിനു ഒരു നേ തൃത്വം കൊടുക്കുവാനായിത്തീർന്നു. അക്കാലത്തു് ഒരു ക വിതയിൽ അദ്ദേഹം എഴുതി:

"ഇസ്ലാമികജനതയുടെ ചരിത്രം പറയുന്നു-
നിങ്ങളാണു് ഏഷ്യയിലെ രാഷ്ട്രങ്ങളുടെ കാവ
ൽക്കാർ,
സത്യം, നീതി, മര്യാദ എന്നീ ഗുണങ്ങളുടെ
പാഠങ്ങൾ വീണ്ടും പഠിക്കുവിൻ!
ലോകത്തിനെ നയിക്കുവാൻ നിങ്ങൾ വേണം."

വീണ്ടും വീണ്ടും അദ്ദേഹം വർണ്ണവർഗ്ഗവ്യത്യാസങ്ങ ളെ ആസ്പദിച്ചുള്ള അസമത്വങ്ങളെ അധിക്ഷേപിച്ചു:

"വർണ്ണത്തിന്റെയും രക്തത്തിന്റെയും വ്യത്യാസ ങ്ങളെ ആസ്പദിച്ചു പ്രവർത്തിക്കുന്നവൻ, അവൻ തുർക്കി യായാലും വംശപാരമ്പര്യമുള്ള അറബിയായാലും നശി ച്ചേ തീരൂ."

1910 ൽ ലോകശക്തികൾ മുസ്ലീം ജനതയുടെ മേൽ ഒരു നീണ്ട യുദ്ധം ആരംഭിച്ചു. ബാൾക്കൻ പ്രദേശ ങ്ങളിൽ മൂന്നു യുദ്ധങ്ങൾ, ട്രിപ്പോളി (ആഫ്രിക്ക)യിൽ

ഒരു യുദ്ധം—ഇവ ഇസ്ലാമിന്റെ മേൽ ഗഹനമായ ഒരു പരുക്കേല്പിച്ചു. കോൺസ്റ്റാന്റിനോപ്പിളിലെ കാലിഫ് (തുർക്കി സുൽത്താൻ) തന്റെ ഭരണത്തിന്റെ അവസാന ദിവസത്തേയ്ക്കു ഉറ്റുനോക്കിക്കൊണ്ടിരിയ്ക്കുകയായിരുന്നു. ഇസ്ലാമിന്റെ അന്തസ്സു അങ്ങേ അറ്റംവരെ അധ:പതിച്ചുകഴിഞ്ഞു. പാശ്ചാത്യശക്തികളുടെ തെമ്മാടിത്തം നമ്മുടെ കവിയെ രോഷാകുലനാക്കി. അക്കാലങ്ങളിലെ അദ്ദേഹത്തിന്റെ പല കവിതകളിലും ആ രോഷം പ്രതിഫലിച്ചിട്ടുണ്ട്.

1911-ൽ അദ്ദേഹം "രക്തസാക്ഷികളുടെ ആത്മാവ്പ്പണം" എന്ന ഒരു കവിത ലാഹോറിൽ ശാഹി പള്ളിയിൽവെച്ചു വായിച്ചു. അതു് അവിടെ കൂടിയിരുന്ന എല്ലാവരേയും ദുഃഖിതരാക്കി കരയിപ്പിച്ചു. ആ കവിത മുസ്ലീം ജനതതിയുടെ കണ്ണു തുറപ്പിച്ചു. അദ്ദേഹത്തിന്റെ ദേശീയഗീതത്തിന്റെ സ്വരൂപംതന്നെ മാറി. അതുകൊണ്ടു് ഹിന്തുസ്ഥാൻ മാത്രമല്ല, ലോകം മുഴുവൻ ഒരു രാഷ്ട്രമാണു്; വ്യക്തി ആ സാർവ്വലൌകികരാഷ്ട്രത്തിൽ ലയിക്കുന്നുവെന്നദ്ദേഹം വാദിച്ചു. 'താരാണാ-ഇ-ഹിന്ദി'ന്നു പകരം "തരാണ-ഇ-മില്ലത്ത്" എന്ന ഗാനം അദ്ദേഹം പാടി അതിൽ,

"ചൈനയും അറേബിയയും നമ്മുടേതാണു്-
ഇന്ത്യ നമ്മുടേതാണു്-
നാം മുസ്ലീമ്ങ്ങളാണു്-
ലോകം മുഴുവൻ നമ്മുടെ ജന്മഭ്രമിയാണു്."

എന്നദ്ദേഹം എഴുതി. ഭ്രമിശാസ്ത്രപരമായ അതി

ത്തികളെക്കൊണ്ട് വ്യാഖ്യാനിക്കപ്പെട്ടുന്ന ദേശീയവാദം ഇസ്ലാമിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്നദ്ദേഹം കണ്ടു.

പിന്നീട് ഷിക്വാ (ആവലാതി) ഷാ-ഒ-ഷയർ (കവിയും മെഴുകുതിരിയും) ജവാബ്-ഇ-ഷികവാ (ആവലാതിയുള്ള മറുപടി) ഖിസ്റ്-ഇ-രാഹ് (മാർഗ്ഗദർശി) തുലു-ഇ-ഇസ്ലാം (ഇസ്ലാമിന്റെ വളർച്ച) എന്നീ കവിതകളും ഈ ഉദ്ദേശങ്ങൾ സാധിക്കുവാൻവേണ്ടി എഴുതിയവയാണ്.

ഇക്ബാൽ യൂറോപ്പിലേയ്ക്കു പോകുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ ദേശീയ കാവ്യതല്പരങ്ങൾ ജനപ്രീതി സമ്പാദിച്ചുകഴിഞ്ഞിരുന്നു. ഇംഗ്ലണ്ടിലെ താമസക്കാലത്താണ് അദ്ദേഹത്തിന്റെ കവിത അതിന്റെ സ്വഭാവശേഷമായ ഇസ്ലാമികസ്വഭാവം നേടിയത്. ഇന്ത്യയിലേയ്ക്കു മടങ്ങിയതിന്റെ ശേഷം കുറച്ചുകാലത്തേയ്ക്ക് അദ്ദേഹം കവിതാനിർമ്മാണത്തിൽ അത്ര ബദ്ധശ്രദ്ധനായിരുന്നില്ല.

1910 ലെ ട്രിപ്പോളി യുദ്ധത്തിന്റെ ആദ്യത്തിൽ അദ്ദേഹം ഒരു ചെറുകവിത നിർമ്മിച്ചു. അതു് കുറെക്കൂടി നീണ്ട കവിതകൾക്കുള്ള ഒരു പ്രാരംഭമായിരുന്നു. ലാഹോറിലെ അൻജുമാൻ-ഇ-ഹിമായത്തു-ഇ-ഇസ്ലാം എന്ന സംഘടനയുടെ വാർഷികയോഗങ്ങളുടെ ആവശ്യത്തിന്നാണ് "കവിയും മെഴുകുതിരിയും" "ആവലാതി" എന്നീ കവിതകൾ എഴുതിയത്. "ആവലാതിയുള്ള മറുപടി" പിന്നീടൊരു പൊതുയോഗത്തിലാണ് വായി

ച്ചതു്. അന്നു ബാഹ്യകർമ്മം നടന്നുകൊണ്ടിരിയ്ക്കുകയായിരുന്നു. പിന്നീടു് ഇക്ബാൽ പേഷ്യൻസാഹിത്യത്തിലേയ്ക്കു തിരിഞ്ഞു.

കേംബ്രിഡ്ജിലും ലണ്ടനിലും സർവ്വകലാശാലകളിൽ പഠിച്ചതിനുപുറമെ അദ്ദേഹത്തിനു യൂറോപ്പിലെ പ്രധാന ഗ്രന്ഥശേഖരങ്ങളും എല്ലാം സന്ദർശിക്കുന്നതിനും അവസരം ലഭിച്ചിരുന്നു. മ്യൂണിക്കു് സർവ്വകലാശാലയിൽ ഡോക്ടർബിരുദത്തിനുള്ള ഗ്രന്ഥം അദ്ദേഹം പേഷ്യൻസാഹിത്യത്തിൽ അവഗാഢമായ പഠനം നടത്തിയതിനുശേഷം നിർമ്മിച്ചതാണു്. അതിന്റെ ഫലമായി അദ്ദേഹം പേർഷ്യൻ കവിതയെക്കുറിച്ചു സ്വതന്ത്രവും ഗൌരവപൂർവ്വവുമായ ചില അഭിപ്രായങ്ങളും രൂപവൽക്കരിച്ചിരുന്നു. ഒരു സ്നേഹിതൻ അദ്ദേഹത്തോടു ചോദിക്കുന്നതുവരെ അദ്ദേഹം പേർഷ്യൻകവിത എഴുതാൻ ശ്രമിച്ചിട്ടില്ലെന്നു ഇതിനുമുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. പേർഷ്യൻഭാഷയിൽ 'റൂമി' എന്ന കവിയോടു അദ്ദേഹത്തിനു അനന്യസാധാരണമായ ഭക്തിയും പ്രതിപത്തിയും ഉണ്ടായിരുന്നു. ക്രൂരതെ ഹാഫീസ്, സനായ്, ശേഖ് സാദി തുടങ്ങിയ പേർഷ്യൻ കവികളുടേയും സ്വാധീനശക്തി അദ്ദേഹത്തിന്റെ കവിതകളിൽ കാണാവുന്നതാണു്.

യൂറോപ്പിൽനിന്നു തിരിച്ചെത്തിയതിനുശേഷം ഇക്ബാൽ തത്വശാസ്ത്രപരമായി പ്രാധാന്യമുള്ള ഒരു നീണ്ട കവിത എഴുതുന്നതിലാണു് വ്യാപൃതനായിരുന്നതു്. ഇതിന്റെ ഫലം 1915-ൽ ലാഹോറിൽനിന്നു പ്രസി

ദ്ധപ്പെട്ടത്തിയ "അശ്രാർ-ഇ-ഖുദീ" (ആത്മാവിന്റെ രഹസ്യങ്ങൾ) എന്ന കവിതയായിരുന്നു. "രൂമുസ്-ഇ-ബേഖുദീ" മേല്പറഞ്ഞ കവിതയുടെ മുഖവശമാണു്. അതിൽ വ്യക്തി സമുദായത്തിന്റെ ഒരംശമായി ലയിയ്ക്കുന്നതിന്റെ ആവശ്യകതയെയാണു് പരാമർശിച്ചിരിക്കുന്നതു്.

"അശ്രാർ-ഇ-ഖുദീ" എന്ന കവിത ഡോക്ടർ ആർ. എ. നിക്കൽസൺ ഇംഗ്ലീഷിലേയ്ക്കു തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

അതിലെയും 'രൂമൂസി'ലേയും തത്വശാസ്ത്രം ഏതാണ്ടിപ്രകാരമാണു്: ലോകത്തിന്റെ അടിസ്ഥാനം വ്യക്തി (ആത്മാവു്) ആണു്. ഓരോ ജീവിതത്തിന്റേയും സ്വത്തും ഓരോ വ്യക്തിയുടേയും ശക്തിയെ ആസ്പദിച്ചാണു് സ്ഥിതി ചെയ്യുന്നതു്. വ്യക്തിയുടെ (ആത്മാവിന്റെ) ജീവച്ചൈതന്യം സ്പൃഹയെ ആസ്പദിച്ചാണു് നിലക്കൊള്ളുന്നതു്. യാചന (മറ്റൊരാളോടു ചോദിയ്ക്കുകയെന്നുള്ളതു്) ആത്മാവിനെ ബലഹീനമാക്കുന്നു. സ്നേഹംകൊണ്ടു ശക്തിപ്പെടുത്തപ്പെട്ട ആത്മാവു് ലോകത്തിലെ എല്ലാ ശക്തികളേയും കീഴടക്കി ഭരിക്കുന്നു. ആത്മാവിനെ നിഷേധിക്കുന്ന തത്വശാസ്ത്രംഉണ്ടാക്കുന്ന അടിമജനത അപ്രകാരം ചെയ്യുന്നതു അവരുടെ ഭരണകർത്താക്കളുടെ സ്വഭാവം ദുഷിപ്പിച്ചു് അവരെ ദുർബ്ബലരാക്കുവാനാണു്. വ്യക്തിയുടെ (ആത്മാവിന്റെ) വളർച്ചയിൽ മൂന്നു ഘട്ടങ്ങളുണ്ടു്. അനുസരണം, ആത്മസംയമനം, ദൈവീകപ്രതിനിധ്യം.

സാമൂഹ്യജീവിതം തുടർന്നുപോകണമെങ്കിൽ സമുദായത്തിന്റെ പാരമ്പര്യത്തോടു ശക്തിയായ ക്രമണങ്ങളായിരിക്കണമെന്ന വാസ്തവം അദ്ദേഹം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. സർവ്വശക്തനായ ഈശ്വരന്റെ വചനങ്ങളെ ഉദ്ഘോഷിക്കുകയാണു് ഒരു മുസ്ലീമിന്റെ ജീവിതധർമ്മം. രാജ്യം വിപുലപ്പെടുത്തുവാനുള്ള 'ജിഹാദ്'' (യുദ്ധം) അധർമ്മമാണു്.

ഈ കവിതകളുടെ വൃത്തവും വിഷയവും എല്ലാം നൂമിയുടെ 'മസ്നാഖി'യുടെതുതന്നെയായിരുന്നു. പക്ഷേ, ചിന്ത വളരെ വ്യത്യാസപ്പെട്ടതാണു്. അദ്ദേഹം ഒരു തത്വശാസ്ത്രംതന്നെ ഇതിൽ രൂപപ്പെടുത്തിക്കൊണ്ടുവന്നിരുന്നു. ആത്മാവിന്റെ നിലനില്പിലും വികസനത്തിലും അദ്ദേഹത്തിനു ശുദ്ധമൂലമായ വിശ്വാസമുണ്ട്. അതിനെ രക്ഷിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യണമെന്നദ്ദേഹം ഉദ്ഘോഷിച്ചു. ഒരു മുസ്ലീം കവിയെന്നനിലയ്ക്കു, മനുഷ്യസ്വഭാവത്തിന്റെ അവസാനമില്ലാത്ത സാദ്ധ്യതകളെപ്പറ്റി അദ്ദേഹത്തിനുള്ള ശുദ്ധമായ വിശ്വാസം പ്രകടിപ്പിക്കുകയാണു് ഈ കവിതകളിൽ ചെയ്തിരിക്കുന്നതു്. ഈ കഴിവുകളെ വേണ്ടതിൻവണ്ണം അച്ചടക്കത്തോടുകൂടി ഉപയോഗപ്പെടുത്തുന്നതാണെങ്കിൽ മനുഷ്യാത്മാവിനു അസാദ്ധ്യമായ ഒന്നുംതന്നെയില്ലെന്നു അദ്ദേഹത്തിന്റെ പേർഷ്യൻകവിതകളും ഉദ്ഘോഷിക്കുന്നു.

അദ്ദേഹത്തിന്റെ കവിതകളും ഇന്ത്യയിലെ ജനങ്ങളുടെ ആത്മാവിനെ തട്ടിയുണർത്തി. ജനങ്ങളെല്ലാം

ആത്മവിശ്വാസം നശിച്ചു ഒരു നീണ്ട നിദ്രയിൽ ആണ്ടുകിടന്നിരുന്ന സമയത്താണ് ഇക്ബാൽ അദ്ദേഹത്തിന്റെ നവീനസന്ദേശവും വഹിച്ചുകൊണ്ടുവന്നത്. മതസംബന്ധമായ എല്ലാറ്റിനോടും ഒരുവജ്ഞ അക്കാലത്തു് ഉന്നതസമുദായത്തിന്റെ ഒരു സ്വഭാവവിശേഷമായിരുന്നു. രാജ്യത്തിന്റെ ആത്മാവുതന്നെ കെട്ടുകിടക്കുകയായിരുന്നു. ഇക്ബാൽ ഉയർന്ന ചിന്തകളെ തട്ടിയുണർത്തിയതിന്നുപുറമെ സ്വന്തം മാതൃഭാഷ, മതം, ജന്മദേശം എന്നിവയെക്കുറിച്ചു അഭിമാനംകൊള്ളുവാൻ ബഹുജനങ്ങളെ പഠിപ്പിച്ചു. അഭിമാനപൂർവ്വമായ ഒരു ഭാവിയെ വിഭാവനം ചെയ്യുവാൻ അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. രാജ്യത്തിലെ യുവജനങ്ങൾക്കു സ്ഥൈര്യവും ആത്മബോധവും ഉണ്ടാക്കിയതദ്ദേഹമാണു്. അദ്ദേഹം, ലോകത്തെ സ്വന്തം ആശയങ്ങൾക്കനുസരിച്ചു രൂപപ്പെടുത്തുകയാണു് ശരിയായ മാർഗ്ഗം എന്നവരെ മനസ്സിലാക്കി.

അങ്ങിനെ മതത്തിന്റെ നിർമ്മാണാത്മകമായ സ്വഭാവം ഇക്ബാൽ ഇന്ത്യയിലെ ജനങ്ങൾക്കു വ്യാഖ്യാനിച്ചുകൊടുത്തു. അതിനെ പലരും മനസ്സിലാക്കാതെ ദുർവ്യാഖ്യാനം ചെയ്തു; പക്ഷെ അതിന്നു അദ്ദേഹം ഉത്തരവാദിയല്ല.

ഇക്ബാലിന്റെ അശ്രാർ-ഇ-ഖുദീ (ആത്മാവിന്റെ രഹസ്യങ്ങൾ) മനുഷ്യനെ ഇളക്കിമറിച്ചുവെന്നു പറഞ്ഞുവല്ലോ. അദ്ദേഹം ഒരു പ്രവാചകനെപ്പോലെയാണു് അതിൽ സംസാരിച്ചതു്. അതിലെ ഭാഷ പാണ്ഡിത്യത്തിന്റെ ഗൌരവം നിറഞ്ഞതാണെങ്കിലും സാ

ധാരണക്കാരൻ അതു വായിച്ചു മനസ്സിലാക്കി. ഏറ്റവും സമുന്നതമായ ഒരു സത്യം, ഏറ്റവും വിവിധങ്ങളായ ചിന്തകളിലൂടെ ഏകത പ്രാപിച്ചു. പല അഭിപ്രായങ്ങളേയും ഏകീകരിച്ചുകൊണ്ടു് ഒരു ജനസമുദായത്തിന്റെ മുഴുവൻ ഭാവിയെ സാരമായി സ്പർശിച്ചു. അതു് മുസ്ലീംജനതയെ മാത്രം അഭിസംബോധനചെയ്തുകൊണ്ടു് എഴുതിയതാണെങ്കിലും അതിൽ പ്രതിപാദിച്ചിരിക്കുന്നതെല്ലാം ശാശ്വതസത്യങ്ങളാണു്; എല്ലാ സമുദായങ്ങൾക്കും ബാധകമാണു്. ഇക്ബാലിന്റെ ചേതനാത്മകമായ ഈ തത്വശാസ്ത്രം മനുഷ്യനിൽ ഉറങ്ങിക്കിടക്കുന്ന ശക്തികളെ ഉണർത്തി വേണ്ടതുപോലെ വളർത്തിക്കൊണ്ടുവന്നാലെ ശക്തവും പ്രാഭവപൂർണ്ണവുമായ ഒരു മനുഷ്യചൈതന്യം പ്രത്യക്ഷപ്പെടുകയുള്ളൂ എന്നു് ഉദ്ഘോഷിക്കുന്നു.

അങ്ങിനെ താൻ നിർമ്മിക്കുന്ന ലോകത്തിൽ അദ്ദേഹം വ്യക്തികൾക്കും സമുദായത്തിനും ആവശ്യങ്ങളും അവകാശങ്ങളും വകവെച്ചുകൊടുക്കുന്നു. നിഷ്കൃഷ്ടമായ അച്ചടക്കം പാലിക്കണമെന്നദ്ദേഹത്തിനു നിർബ്ബന്ധമുണ്ടു്.

"പാശ്ചാത്യശാസ്ത്രം പറയുന്നപോലെ ആത്മാവു് വെറും യാന്ത്രികസ്വഭാവമുള്ളതല്ല, അതു ദിവ്യമാണു്; ഇസ്ലാം മനുഷ്യനെ സൃഷ്ടിയുടെ നാഥനാക്കിയാണു് നിശ്ചയിച്ചിരിക്കുന്നതു്." എന്നാണു് അദ്ദേഹത്തിനുപദേശിയ്ക്കാനുള്ളതു്. മുസ്ലീംജനതയുടെ സ്ഥിതിയിൽ മൌലികമായ ഒരു പരിവർത്തനം അദ്ദേഹം പ്രതീക്ഷിച്ചുകൊണ്ടിരുന്നു. പുതിയതായ ഒരു സാമൂഹ്യവീക്ഷണ

5281

ഗതി സൃഷ്ടിക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചു. തത്വരിത ഗതിയോടെ മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ചിന്താഗതികളെ സാരമായി സ്പർശിക്കുന്ന തരത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കു ഭാരതീയജീവിതത്തെ ആകമാനം രൂപാന്തരപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ മെക്കയിലെ 'കാബ' തല സ്ഥാനമായി, രാജ്യത്തിന്റേയോ വർണ്ണത്തിന്റേയോ ഇടവേലികളൊന്നുമില്ലാതെ, മുസ്ലീംജനത മുഴുവൻ ഒരേ ഒരു ഭരണക്രമത്തിന്റെ കീഴിൽ വർത്തിയ്ക്കുകയെന്നതു് തികച്ചും സുസാദ്ധ്യമായ ഒരു സ്ഥിതിവിശേഷമായിരുന്നു. ദേശീയതത്വത്തിലും സാമ്രാജ്യതത്വത്തിലും അദ്ദേഹത്തിന്നു താല്പര്യമുണ്ടായിരുന്നില്ല. അദ്ദേഹം മദ്ധ്യപൌരസ്ത്യദേശങ്ങളിലെ മുസ്ലീം രാജ്യങ്ങളെ രക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധനായിത്തീർന്നു.

1922 ൽ ഇക്ബാലിന്നു ബ്രിട്ടീഷ് ഗവർമ്മേണ്ടു് ഒരു "സർ" സ്ഥാനം നൽകി. അദ്ദേഹം ആദ്യകാലംമുതൽക്കേ ഗവർമ്മേണ്ടിന്റെ അനുകൂലിയായിരുന്നു. യുദ്ധകാലത്തു് അദ്ദേഹം എഴുതിയ ഒരു കവിത ഔദ്യോഗിക പത്രമായിരുന്ന "ഹക്കി"ൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ ഒരു കവിയെന്ന നിലയിൽ ഇക്ബാലിന്റെ മാഹാത്മ്യം അവർക്കു മനസ്സിലായതു് അദ്ദേഹത്തിന്റെ പേർഷ്യൻകവിതകളും—അശ്രാർ-ഇ-ഖുദീ, രുമൂസ്-ഇ-ബേഖുദി എന്നീ രണ്ടു കവിതകളും—പാശ്ചാത്യപണ്ഡിതന്മാരുടെയും പത്രങ്ങളുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായപ്പോഴാണു്. അക്കാലത്തു പഞ്ചാ

ബിലെ ഗവണ്ണരായിരുന്ന സർ എഡ്വേർഡ് മാക്ലഗാൻ ഒരു പണ്ഡിതനും രസികനുമായിരുന്നു. അങ്ങിനെ തന്റെ പ്രാപ്തികൊണ്ടും പാണ്ഡിത്യംകൊണ്ടും ഒരു 'സർ' പദവിലേയ്ക്കുയർന്നവരിൽ ഒരാളാണ് ഇക്ബാൽ. യഥാർത്ഥത്തിൽ അദ്ദേഹത്തിന്നു ആ ബിരുദത്തിന്റെ ആവശ്യകതയുണ്ടായിരുന്നുവോ എന്നു സംശയമാണ്. അദ്ദേഹം അതിന്നാഗ്രഹിച്ചിരുന്നില്ല എന്നു ഏതാണ്ടു് വ്യക്തമാണ്. ഇങ്ങിനെയെല്ലാമാണെന്നിരിയ്ക്കിലും ചിലർക്കു ഇതത്ര രുചിച്ചില്ല. അദ്ദേഹം 'സർ' പദവി സ്വീകരിച്ചതുതന്നെ ഒരു താഴ്മയാണെന്നവർ വാദിച്ചു. ചിലർ അദ്ദേഹത്തിന്നു പറ്റിയ അപകഷ്ത്തെക്കുറിച്ചു കവിതകളെഴുതി.

ഇക്ബാലിന്നു ഈ ബഹുമതിമുദ്ര നൽകുവാൻ കൂടിയ പൊതുയോഗത്തിൽ പഞ്ചാബിലെ ഭേദപ്പെട്ട എല്ലാവരും സന്നിഹിതരായിരുന്നു. ആ സമ്മേളനത്തിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിലാണ് ആദ്യമായി "പൌരസ്ത്യദേശത്തിന്റെ സന്ദേശം" (പിയാമ്-ഇ-മഷ്റിഖ്) എന്ന കവിതയെ ലോകത്തിന്നു പരിചയപ്പെടുത്തിക്കൊടുത്തതു്. ജർമ്മൻകവിയായിരുന്ന ഗേഥേയുടെ കവിത വായിച്ചതിന്റെ പ്രതിധ്വനിയായിട്ടാണ് ആ കവിത എഴുതിയതത്രെ.

1922-ൽ അദ്ദേഹം തന്റെ 'പിയാമ്-ഇ-മഷ്റിഖ്' പ്രസിദ്ധപ്പെടുത്തി. ഗേഥേ പേഷ്യൻ കവികളുടെ ഒരാരാധകനായിരുന്നു. ഹാഫീസ്, സാദി എന്നിവരെ അനുകരിച്ചു അദ്ദേഹം തത്വശാസ്ത്രപരമായ ഒരു

നീണ്ട കവിതയെഴുതിയിരുന്നു. അതു അന്നു കുഴപ്പംപിടിച്ചുകിടന്നിരുന്ന ജർമ്മനിയിലെ ജനങ്ങൾക്കു മാർഗ്ഗദർശകമായിട്ടുണ്ടു്. പൌരസ്ത്യദേശങ്ങളിലും ഈ കുഴപ്പംപിടിച്ച സ്ഥിതി ഉണ്ടായിരുന്നു. അതിനെ തരണംചെയ്യുവാൻ തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം നിർദ്ദേശിച്ച മാർഗ്ഗങ്ങളാണു് ഇക്ബാലിന്റെ "പൌരസ്ത്യദേശത്തിന്റെ സന്ദേശ"ത്തിന്റെ ഉള്ളടക്കം. ഈ കവിതയാണു് അദ്ദേഹത്തിന്റെ ഏറ്റവും നല്ല കൃതിയെന്നു വാദിക്കുന്ന ഒരു വലിയ വിഭാഗം വായനക്കാരുണ്ടു്. അതിൽ അദ്ദേഹത്തിന്റെ കാവ്യകലാതികച്ചും പ്രകാശിച്ചിട്ടുണ്ടെന്നുള്ളതിനുപുറമേ അദ്ദേഹത്തിനു പാശ്ചാത്യരാജ്യങ്ങളിൽനിന്നു സമ്പാദിക്കുവാൻ കഴിഞ്ഞ എല്ലാ വൈജ്ഞാനികസമ്പത്തും പൌരസ്ത്യകവികളിൽനിന്നു ആർജ്ജിച്ച ആത്മീയജ്ഞാനവും പരിപൂർണ്ണമായി പ്രതിഫലിക്കുന്നുണ്ടതിൽ.

യുദ്ധാനന്തരയൂറോപ്പു് ഒരു പുതിയ ഉയർത്തെഴുന്നേല്പിനു തയ്യാറാവുകയാണെന്നദ്ദേഹം കണ്ടു. ഇസ്ലാമികലോകത്തിൽ യുദ്ധാനന്തരമുണ്ടായ തകർച്ച അദ്ദേഹത്തിനെ സാമാന്യത്തിലധികം വേദനപ്പെടുത്തി. "ഏറ്റവും അർഹതയുള്ളതു ജീവിയ്ക്കും," "ജീവിതം ഒരു സമരമാണു്" എന്നദ്ദേഹം വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. ഒരവസരത്തിൽ അദ്ദേഹം എഴുതി,

> "ഒരു വലിയ തരംഗം വേഗത്തിൽ ഉരുണ്ടുകൊണ്ടു പാഞ്ഞുപോയി. ഞാൻ ചലിയ്ക്കുന്നെങ്കിൽ ഞാനുണ്ടു്. ഇല്ലെങ്കിൽ ഞാനില്ല."

"സന്ദേശ"ത്തിന്റെ ആദ്യത്തെ ഭാഗം മനുഷ്യ ജീവിതത്തെ അഭിമുഖീകരിക്കുന്ന കെട്ടുമറിഞ്ഞ പ്രശ്നങ്ങളെക്കുറിച്ചുള്ള ചതുഷ്പതികളാണു്. അതിൽ അനശ്വരത്വം, ഐശ്വരസന്നിധാനം, സ്നേഹം, അതുകൊണ്ടുണ്ടാകുന്ന സ്ഥിതിവിശേഷങ്ങൾ, ജീവിതം, ഭൌതികവാദം എന്നിവയെക്കുറിച്ചെല്ലാം പ്രതിപാദിച്ചിട്ടുണ്ടു്.

രണ്ടാമത്തെ ഭാഗത്തിൽ "ജീവിതം" "പ്രവൃത്തിയുടെ ലോകം" "ജ്ഞാനം" "കവിത" എന്നീ വിഷയങ്ങളെക്കുറിച്ചുള്ള കൃതികളാണു്. പാശ്ചാത്യദാർശനികന്മാരെപ്പറ്റിയുള്ള ഒരു ഭാഗത്തിൽ ഷ്ലൈർമാഖർ, ടോൾസ്റ്റോയ്, കാറൽമാർക്സ്, നിടഷെ, ഐയിൻസ്റ്റൈൻ, ഹെഗൽ, ഗേഥേ, ബെർഗ്സൺ, ലെനിൻ എന്നിവരെക്കുറിച്ചു സുന്ദരങ്ങളായ ഖണ്ഡകവിതകൾ കാണാം. "ചുമന്ന വീഞ്ഞു്" എന്ന നാലാമത്തെ ഭാഗത്തോടുകൂടി "സന്ദേശം" അവസാനിക്കുന്നു.

"സന്ദേശം" പ്രസിദ്ധപ്പെടുത്തിയതിനുശേഷമാണു് "ഇസ്ലാമിന്റെ വളർച്ച" എന്ന കവിത ലാഹോറിലെ ഒരു പൊതുയോഗത്തിൽവെച്ചു വായിച്ചതു്. 1924 ൽ അദ്ദേഹം അതുവരെ ഉർദ്ദുവിൽ എഴുതിയിരുന്ന എല്ലാ കവിതകളും കൂട്ടിച്ചേർത്തു് "മണിയുടെ രോദനം" എന്ന പേരിൽ ഒരു പുസ്തകം പുറത്തുകൊണ്ടുവന്നു. പിന്നീടു് കുറെക്കാലത്തേയ്ക്കു പേർഷ്യൻഭാഷയിൽ മാത്രമാണു് എഴുതിയിരുന്നതു്. എല്ലാ ഇസ്ലാമികരാഷ്ട്രങ്ങൾക്കും സ്വാധീനമുള്ള ഒരു ഭാഷ എന്ന നിലയ്ക്കാണു് അദ്ദേഹം പേർഷ്യൻ സ്വീകരിച്ചതു്.

"സന്ദേശ"ത്തിനെത്തുടർന്ന് അത്രതന്നെ പ്രാധാന്യമുള്ള "സബൂർ-ഇ-അജം" എന്ന പേർഷ്യൻഗീതസമാഹാരം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ഈ പുസ്തകം ഉടനെ വലിയ പ്രസിദ്ധിസമ്പാദിച്ചു. ഇക്ബാലിന്റെ വിശ്വാസം അദ്ദേഹത്തിന്റെ ഏറ്റവും നല്ല കൃതി ഈ പേർഷ്യൻ ഗീത സമാഹാരമാണെന്നായിരുന്നുവത്രെ. പക്ഷേ "സന്ദേശം" "ജാവിദ് നാമ" മുതലായ കൃതികളെപോലെ ലോകരുടെ അത്രയും മുക്തകണ്ഠമായ പ്രശംസയെ ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്; ഇക്ബാലിന്റെ വിശ്വാസത്തിന്റെ അളകൾ വകവെച്ചുകൊടുക്കുമെന്നു തോന്നുന്നില്ല.

ഈ കാലഘട്ടത്തിൽ ഇക്ബാലിന്റെ പ്രശസ്തി പൂരം നാനാദിഗന്തങ്ങളും വ്യാപിച്ചു, അദ്ദേഹത്തെ ഒരു ജനസമ്മതനായ നേതാവാക്കി. അക്കാലത്തൊരു ദിവസം, 1924 ൽ, അമാനുള്ള എന്ന അഫ്ഘാൻ രാജാവു സന്നിഹിതനായിരുന്ന ഒരു സമ്മേളനത്തിൽവെച്ചു വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ "തരാണാ-ഇ-മില്ലി" എന്ന മുസ്ലീം രാഷ്ട്രീയഗീതം പാടി,

"മുസ്ലീം ഹൈ ഹം ഹതൻ ഹൈ
സാരാ ജഹാൻ ഹമാരാ" (നാമെല്ലാം മുസ്ലീംകളാണു; ലോകം മുഴുവൻ നമ്മുടെ ജന്മഭൂമിയാണു.) അദ്ദേഹത്തിന്റെ ഈ ഗീതം ലോകത്തിലെ ഇസ്ലാമിക ഐക്യത്തിന്റെ പ്രഖ്യാപനമായിത്തീർന്നു.

അക്കാലത്തു നടന്ന ഒരു സംഭവം ഇക്ബാലിന്റെ പ്രസിദ്ധിയുടെ പ്രാപ്തിയെ സാമാന്യമായി ചിത്രീകരി

ക്കുന്നുണ്ട്. ആഗാ ശയർ കിസൽ ബഷ് ദെൽഹിയിലെ ഒരു നല്ല കവിയായിരുന്നു. അദ്ദേഹം പല നവാബുമാരുടേയും സുഹൃത്തും രാജകീയകവിയുമായിരുന്നിട്ടുണ്ട്. ഒരു ദിവസം കൽക്കത്തയിലെ ഗ്രാൻറ് ഹോട്ടലിൽ അദ്ദേഹം താമസിക്കുന്നകാലത്ത് ഒരമേരിക്കൻ യാത്രക്കാരനായി കണ്ടുമുട്ടി. സംഭാഷണത്തിന്നിടയിൽ അമേരിക്കക്കാരൻ ചോദിച്ചു: "നിങ്ങൾ ആരാണു്"; നിങ്ങൾക്കു് എന്താണു് ജോലി." അതിന്നു് ആഗാ മറുപടി പറഞ്ഞു, "ഞാൻ ഒരു കവിയാണു്; മഹാരാജാക്കന്മാരുടെ ഒരു സുഹൃത്തുമാണു്." അമേരിക്കക്കാരൻ ഉടനെ ചോദിച്ചു: "അപ്പോൾ നിങ്ങൾ ഇക്ബാലാണോ?" ഒരു മുസ്ലീംകവിയെന്നുപറഞ്ഞാൽ അതു് ഇക്ബാൽ മാത്രമാണെന്ന സുസമ്മതമായ ഒരു വാസ്തവമായിരുന്നു. ലോകത്തിൻെറ നാനാഭാഗത്തുനിന്നും അദ്ദേഹത്തെ കാണുവാൻ ആളുകൾ വന്നുകൊണ്ടിരുന്നു. അന്നും അദ്ദേഹം വളരെ ഒതുങ്ങിയ മട്ടിൽ മാത്രമാണു് ജീവിച്ചിരുന്നതു്.

അദ്ദേഹത്തിൻെറ ജീവചരിത്രം ഇക്കാലത്തു ഇംഗ്ലീഷിലും ഉർദുവിലും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിൻെറ കവിതകളുടെ നിരവധി നിരൂപണങ്ങളും ഇക്കാലത്തു് ആവിർഭവിച്ചു. ഒരു സുപ്രസിദ്ധ പേർഷ്യൻ കവിയായ മൌലാനാ ഗുലാം കാദിർ ജിറാമി എഴുതി:

"യഥാർത്ഥ്യം അന്വേഷിക്കുന്നവർക്കു് ഇക്ബാൽ ഒരു പ്രവാചകൻെറ ഭാഗമാണു് അഭിനയിക്കുന്നതു്. എന്നാലും അദ്ദേഹത്തെ ഒരു പ്രവാചകനെന്നു വിളിയ്ക്കാൻ പാടില്ല."

മറ്റൊരവസരത്തിൽ അതേ കവി ഇക്ബാലിനെക്കുറിച്ചുതന്നെ എഴുതി: ഭൂതകാലത്തിന്റെ പാഠം വർത്തമാനത്തിന്റെ ഗ്രന്ഥത്തിൽനിന്നെടുക്കുക. ഇക്ബാലിന്റെ മദ്യശാലയിൽനിന്നു ഒരു കോപ്പ മോന്തിയാലും—അദ്ദേഹത്തിന്റെ ശബ്ദം യൂറോപ്പിലെ സാമൂഹ്യജീവിതത്തിൽ ഒരൊച്ചപ്പാടുണ്ടാക്കിയിരിക്കുന്നു. അമേരിക്കയിലെ ബുദ്ധിയുള്ള ചിന്തകന്മാർ അദ്ദേഹത്തിന്റെ അധികാരത്തിനു വകവെച്ചുകൊടുക്കുന്നു.

നിയമസഭയിൽ

1926-ൽ പഞ്ചാബ് നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പു വന്നപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെയെല്ലാം നിർബ്ബന്ധപ്രകാരമാണ് അദ്ദേഹം തിരഞ്ഞെടുപ്പിനുനിന്നതു്. രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം നേരിട്ടു ഇറങ്ങിപ്രവർത്തിക്കുവാൻ തുടങ്ങിയതു്, അപ്പോൾ മുതൽക്കാണു്.

ഇക്ബാൽ മുസ്ലീംസമുദായത്തിന്റെ പ്രതിനിധിയായിട്ടാണു് നിയമസഭയിൽ പ്രവേശിച്ചതു്. അദ്ദേഹം ഒരിക്കലും ജന്മികളുടെ ചേരിയിൽ നില്ക്കുകയുണ്ടായിട്ടില്ല. ആദായനികുതി കുറയ്ക്കാനും മറ്റുമുള്ള എല്ലാ ശ്രമങ്ങളേയും അദ്ദേഹം എതിർത്തിട്ടുണ്ടു്. പക്ഷേ, മതസംബന്ധമായ കാര്യങ്ങളിൽ അദ്ദേഹം കുറെ സങ്കുചിതമായ ഒരു മനോഭാവമല്ലേ എടുത്തതു എന്നു ഒരു സംശയം തോന്നാനിടയുണ്ടു്. മതാദ്ധ്യക്ഷന്മാരെ വിമർശിക്കുന്നതിനെ തടയാൻ ഒരു സവിശേഷനിയമം നടപ്പിലാക്കുവാൻ മുൻകയ്യെടുത്തു് പ്രവർത്തിച്ചതു് അദ്ദേഹമാണു്. ഇന്ത്യയി

ലെ ആയുധനിയമത്തിന്റെ പരിധിയിൽനിന്നു വാളിനെ ഒഴിച്ചുനിർത്തുവാൻ ഒരു പദ്ധതികൊണ്ടുവന്നതദ്ദേഹമാണു്. മദ്യപാനം നിർത്തുവാനും മദ്യനിരോധം നടപ്പിലാക്കുവാനും അദ്ദേഹം ഗവർമ്മേണ്ടിനെ ഉപദേശിച്ചു. പതിനാലുകൊല്ലംകൊണ്ടു മദ്യപാനം തീരെ നിർത്താമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. നീലിബാർ എന്ന ഒരു പ്രദേശം ഗവർമ്മേണ്ടു് ആയിരക്കണക്കിനു് ഏക്കർ വിസ്താരമുള്ള ഭൂമികളായി പഞ്ചാബിലെ ജന്മികൾക്കു പതിച്ചുകൊടുത്തു. അദ്ദേഹം ആ ഭൂമികളിൽ പകുതി സാധുക്കൾക്കു പതിച്ചുകൊടുക്കണമെന്നു വാദിയ്ക്കുകയുണ്ടായി.

നഗരങ്ങളിൽ പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുമ്പോൾ അതിനെ തടയുവാനും നശിപ്പിയ്ക്കുവാനും ഗവർമ്മേണ്ടു് ചെയ്തെന്നു് നടപടികളെടുക്കുന്നുണ്ടെങ്കിലും ഉൾനാടുകളിൽ വൈദ്യസഹായത്തിനു യാതൊരേർപ്പാടുമില്ലല്ലോ. ഈ ദുഃസ്ഥിതി പരിഹരിയ്ക്കാനായി, ഗ്രാമങ്ങളിലെ ജനങ്ങളുടെ ദേഹസ്ഥിതിയെക്കുറിച്ചന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ ഒരു പ്രത്യേകം കമ്മിറ്റിയെ നിശ്ചയിക്കണമെന്നദ്ദേഹം അഭിപ്രായപ്പെട്ടു.

1932 ൽ സാംസ്ഥാനിക ബജറ്റ് പാസ്സാക്കുവാൻ നിയമസഭയുടെ മുമ്പിൽ വന്നപ്പോൾ ഇക്ബാൽ ഭൂനികുതി സമ്പ്രദായത്തിന്റെ ന്യൂനതകളെ വ്യക്തമായി ചൂണ്ടിക്കാണിച്ചു. അദ്ദേഹം പറഞ്ഞു: "നികുതിപിരിക്കണമെങ്കിൽ അതു നൽകുവാനുള്ള ജനങ്ങളുടെ കഴിവിനെ

അടിസ്ഥാനപ്പെട്ടത്തിയാകണം. ഒരു ഏക്കർ ഭൂമിയുള്ളവനും നൂറ് ഏക്കർ ഭൂമിയുള്ളവനും ഓരോ തോതിലാണ് ഭൂനികുതി പിരിയ്ക്കുന്നത്. കാഷ്ടികാദായത്തിനു നികുതിയുമില്ല. നികുതി ചുമത്തുന്നതു ക്രമേണ വർദ്ധിച്ചുവരുന്ന ഒരു തോതിലായിരിക്കണം." ഭൂമിയുടെ ഉടമസ്ഥതയെക്കുറിച്ചു അദ്ദേഹം വളരെ വ്യക്തമായിപ്പറഞ്ഞു. "പഞ്ചാബിലെ ഭൂമി മുഴുവൻ നാട്ടുകാരുടെയാണ്. ഗവമ്മേണ്ടിനു അതിൽ ഒരു ഉടമയുമില്ല. മുകിലചക്രവർത്തിമാർ ഭൂമി മുഴുവൻ തങ്ങളുടേതാണെന്നു പ്രഖ്യാപിച്ചുവെന്നു ചിലർ പറയുന്നു. എന്നാൽ യാഥാർത്ഥ്യമെന്താണ്? പഞ്ചാബിലെ ജനങ്ങളും ഭൂമിയുടെ ഉടമസ്ഥന്മാരായി അനുഭവിച്ചു പോന്നുതുടങ്ങിയതിനുശേഷം ശതാബ്ദങ്ങളല്ല, സഹസ്രാബ്ദങ്ങൾ കഴിഞ്ഞതിനുശേഷമാണ് ബാബറുടെ വംശക്കാർ ചരിത്രത്തിൽ കയറിക്കൂടിയതു. മനുസ്മൃതി, ശരീയത്തു, ഇന്ത്യയിലെ നാനാഭാഗങ്ങളിലേയും സമ്പ്രദായങ്ങളും ഇവയൊന്നുംതന്നെ ഗവമ്മേണ്ടു ഭൂമിയുടെ ഉടമസ്ഥാവകാശം അവകാശപ്പെട്ടിരുന്നതായി പറഞ്ഞുകാണുന്നില്ല."

നികുതി കുറയ്ക്കുവാനുള്ള പ്രസംഗത്തിനു മറുപടിയായി അന്നത്തെ റവന്യൂമെമ്പർ സർ ഫസൽ-ഇ-ഹുസ്സയിൻ ചെയ്ത പ്രസംഗത്തിൽ രണ്ടു കാര്യമാണ് പറഞ്ഞതു.

1) ഗവമ്മേണ്ടിനു പണം അത്യാവശ്യമായിരിക്കുന്നു.

2) ഗവമ്മേണ്ടിനു പണമുണ്ടാക്കാനുള്ള ജാലവിദ്യ അറിഞ്ഞുകൂടാ.

ഇതിനു ഇക്ബാൽ പറഞ്ഞ മറുപടി ചരിത്രപ്രസിദ്ധമായിത്തീർന്നിട്ടുണ്ട്. "എന്റെ അഭിപ്രായത്തിൽ ഭൂമിയിലെ മണ്ണിനെ സ്വർണ്ണമാക്കുവാൻ കഴിയുന്ന വിയർപ്പുതുള്ളികളുടെ ഉടമസ്ഥന്മാരായി വേലചെയ്യുന്ന കൃഷിക്കാർ ഉള്ള കാലത്തോളം ഗവർമ്മെണ്ടിനു ജാഗ്രവിദ്യ പഠിക്കേണ്ടതില്ല."

ഇതിനു മറുപടിയായി റവന്യൂമെമ്പർ പറഞ്ഞു: "ഒന്നുകിൽ ഈ നികുതിസമ്പ്രദായം തുടരണം, അല്ലെങ്കിൽ അതു വേണ്ടെന്നുവെയ്ക്കണം. മൂന്നാമതൊരു വഴിയുമില്ല."

ഇക്ബാൽ വിട്ടില്ല. അദ്ദേഹം തുടർന്നു: "ഇന്നത്തെ നികുതിസമ്പ്രദായത്തിന്റെ ന്യായവിഹീനതയെ സമ്മതിച്ചുകഴിഞ്ഞാൽ, ആ അനീതിയെ ദൂരീകരിയ്ക്കാൻ എന്തെങ്കിലും ചെയ്യരുതെ?"

ഒടുവിൽ രണ്ടര ഏക്രഭൂമിവരെ നികുതി ചുമത്തരുതെന്ന നിയമം വന്നപ്പോൾ റവന്യൂമെമ്പർ പറഞ്ഞു: "ഇതും അത്ര സമ്മതമായിട്ടല്ല."

ഇക്ബാൽ പറഞ്ഞു: "സമ്മതമായിട്ടല്ലെങ്കിലും ന്യായത്തിനോടു നിങ്ങൾക്കു കുറച്ചു ബഹുമാനമുണ്ടെന്നു ഇതു തെളിയിയ്ക്കും."

ഇക്ബാലിനോടു വീണ്ടും തിരഞ്ഞെടുപ്പിനു നില്ക്കാൻ സുഹൃത്തുക്കൾ നിർബ്ബന്ധിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. "എന്റെ ഒരു ജീവിതകാലത്തേയ്ക്കു മുഴുവനുമുള്ള പരീക്ഷണംകഴിഞ്ഞു. നിയമസഭയിൽ പോകുന്ന

തു് ഓരോരുത്തക്കും ഓരോന്നു സാധിക്കാനാണു്. എനിക്കു അങ്ങിനെ നേടേണ്ടതായി ഒന്നുമില്ല."

അദ്ദേഹത്തിന്റെ നിയമനിർമ്മാണോദ്യമങ്ങളും അങ്ങിനെ അവസാനിച്ചു.

5280

മദ്രാസിൽ

1928 ഡിസംബർ അവസാനത്തിൽ അദ്ദേഹത്തെ ഒരു പ്രസംഗപരമ്പര നടത്തുവാൻ മദ്രാസിലേയ്ക്കു ക്ഷണിച്ചു. അദ്ദേഹം മദ്രാസിൽവന്നു മൂന്നുദിവസം താമസിച്ചു് ആറു പ്രസംഗങ്ങളുംചെയ്തു. ഇവയിൽ ചിലതു് ഹൈദരാബാദിലും അലിഗറിലും വെച്ചു ആവർത്തിയ്ക്കുകയുണ്ടായിട്ടുണ്ടു്. ഇസ്ലാമിലെ ചിന്തയുടെ പുനരുദ്ധാരണം എന്ന പൊതുവായ തലവാചകത്തിൽ ഈ പ്രസംഗങ്ങളും ഓക്സ്ഫോർഡ് യൂനിവേർസിറ്റിപ്രസ്സുകാർ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ പുസ്തകത്തിൽ അദ്ദേഹം ഇസ്ലാമിക തത്വശാസ്ത്രത്തെ പടിപടിയായി അപഗ്രന്ഥനംചെയ്തു മനുഷ്യന്റെ വിജ്ഞാനത്തിന്റെ വളർച്ചയായി ആ തത്വശാസ്ത്രത്തെ ബന്ധപ്പെടുത്തുവാനും തട്ടിച്ചുനോക്കുവാനുമാണു് ശ്രമിച്ചിട്ടുള്ളതു്. അതു പ്രസിദ്ധപ്പെടുത്തിയ കാലഘട്ടം അത്തരത്തിലുള്ള ഒരു പഠനത്തിന്നു പറ്റിയതുമായിരുന്നു. ശാസ്ത്രം അതിന്റെ അടിത്തറവരെ കുഴിച്ചു ഗവേഷണംനടത്തി. അതിന്റെ ഫലമായി ഭൌതികവാദത്തിന്റെ തന്നെ അടിസ്ഥാനം ഒന്നിളകി മതവും ശാസ്ത്രവും തമ്മിൽ ക്രൂരതൽ പൊരുത്തമുണ്ടാകുവാൻ തുടങ്ങുകയായിരുന്നു.

മദ്രാസിൽ അദ്ദേഹത്തിനു പല സംഘടനകളും സ്വീകരണങ്ങളും നൽകി; മംഗളപത്രങ്ങളും സമർപ്പിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ചിത്രവും എല്ലാ പത്രങ്ങളും പ്രസിദ്ധപ്പെടുത്തി. മദിരാശിയിൽ അദ്ദേഹത്തിനു മംഗളപത്രം സമർപ്പിച്ച ഒരു സംഘടന ദക്ഷിണേന്ത്യയിലെ ബ്രാഹ്മണപണ്ഡിതന്മാരുടെ ഒരു സംഘമായിരുന്നു എന്നുള്ളതു് വിശിഷ്യ പ്രസ്താവ്യമാണു്.

മദിരാശിയിൽ നിന്നദ്ദേഹം ബാംഗ്ലൂരിലേയ്ക്കാണു് പോയതു്. അവിടെ അദ്ദേഹത്തിനു് ഒരു വമ്പിച്ച സ്വീകരണം ലഭിച്ചു; സ്വീകരണയോഗത്തിൽ അന്നത്തെ മൈസൂർ ദിവാനായിരുന്ന സർ മിർസാഇസ്മയിലാണു് അദ്ധ്യക്ഷത വഹിച്ചതു്. ബാംഗ്ലൂരു് താമസിക്കുമ്പോൾ മൈസൂർ സന്ദർശിക്കുവാൻ മഹാരാജാവിന്റെ പക്കൽനിന്നു ഒരു ക്ഷണം കിട്ടിയതദ്ദേഹം സ്വീകരിച്ചു. മൈസൂരിൽപോയി. അവിടത്തെ സർവ്വകലാശാലയിൽ അദ്ദേഹം ഒരു പ്രസംഗംചെയ്തു. പിറന്നാൾ-മൈസൂരിലെ മുസ്ലീമിങ്ങൾ അദ്ദേഹത്തിനു ഒരു മംഗളപത്രം സമർപ്പിച്ചു. ഒരുമുസ്ലീമായിരുന്ന ഒരു സർവ്വകലാശാലാ പ്രൊഫസർ ചെയ്ത പ്രസംഗത്തിൽ അദ്ദേഹം ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി: "മുസ്ലീമിങ്ങൾ ഇക്ബാലിനെ അവരുടെ സ്വകാര്യസ്വത്താണെന്നു ഒരു കോടിത്തവണ ആവർത്തിച്ചുപറഞ്ഞുകൊള്ളട്ടെ; എന്നാലും അദ്ദേഹം നമ്മുടെയെല്ലാമാണു്. അദ്ദേഹം ഒരു മതത്തിന്റെയോ വർഗ്ഗത്തിന്റേയോ സ്വത്തു് ആകുന്നതല്ല. ഇക്ബാൽ അവരുടെ മതാനുയായിയാണെന്നവർ അഭി

മാനിക്കുന്നുണ്ടെങ്കിൽ, അദ്ദേഹം ഇന്ത്യാക്കാരനാണെൻ
ള്ളതു് ഒട്ടും കുറഞ്ഞ അഭിമാനത്തിനല്ല കാരണമായിട്ട
ള്ളതു്."

അവിടെനിന്നു, ശ്രീരംഗപട്ടണവും മറ്റും സന്ദർശി
ച്ചശേഷം അദ്ദേഹം ഹൈദരാബാദിലേയ്ക്കുപോയി.
ഹൈദരാബാദിലെ സ്വീകരണം അനന്യസാധാരണമാ
യിരുന്നു. "വണ്ടിയിറങ്ങിയപ്പോൾത്തന്നെ ഒരു വമ്പിച്ച
സംഘം വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ "തരാണാ-
ഇ-മില്ലത്ത്" പാടിക്കൊണ്ടാണു് അദ്ദേഹത്തെ സ്വീക
രിച്ചതു്. ഓസ്മാനിയ സർവ്വകലാശാലയിലെ എല്ലാവരും
അവിടെ സന്നിഹിതരായിരുന്നു. നൈസാമിന്റെ ഗവ
മേണ്ടിന്റെ അതിഥിയായിട്ടാണു് അദ്ദേഹം താമസി
ച്ചിരുന്നതു്. അദ്ദേഹം നൈസാമിനെ കണ്ടു സംഭാഷ
ണം നടത്തി. പത്രങ്ങളും മാസികകളും അദ്ദേഹത്തി
ന്റെ സാഹിത്യസംഭാവനകളെ എടുത്തു വിമർശിച്ചു ലേ
ഖനങ്ങളെഴുതിയതിനു പുറമെ, ചില പത്രങ്ങൾ അദ്ദേ
ഹത്തെ ബഹുമാനിക്കുവാൻ പ്രത്യേകം പതിപ്പുകൾതന്നെ
പുറത്തിറക്കി.

മുസ്ലീംലീഗ് അദ്ധ്യക്ഷൻ

1950 ൽ അദ്ദേഹത്തെ മുസ്ലീംലീഗിന്റെ അ
ദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. അതേ വർഷത്തിൽതന്നെ
മുസ്ലീം കോൺഫറൻസ് എന്ന സംഘടനയും അദ്ദേ
ഹത്തെ അദ്ധ്യക്ഷനാക്കി തിരഞ്ഞെടുത്തു. അദ്ദേഹത്തി
ന്റെ അദ്ധ്യക്ഷപ്രസംഗങ്ങൾ ചരിത്രപ്രധാനങ്ങളാണു്.
അക്കാലത്താണു് ഇന്ത്യയിൽ ഭരണപരിഷ്കാരങ്ങൾ കൊ

ണ്ടുവരുന്നതിനെക്കുറിച്ചാലോചിക്കുവാൻ ഇംഗ്ലണ്ടിൽ വെച്ചു വട്ടമേശസമ്മേളനങ്ങൾ നടന്നതു്. രണ്ടാമത്തെ വട്ടമേശസമ്മേളനം (അതിലാണു് കോൺഗ്രസ്സു് സഹകരിച്ചതും ഗാന്ധിജി പങ്കെടുത്തതും.) 1931 ൽ ക്രൂടിയപ്പോൾ ഇക്ബാലിനേയും ഒരു പ്രതിനിധിയായി ക്ഷണിച്ചു. അദ്ദേഹം ആ സമ്മേളനത്തിൽ പങ്കുകൊണ്ടു; സാമുദായികപ്രാതിനിധ്യത്തെക്കുറിച്ചുണ്ടായ തീരുമാനം മിക്കതും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയാഭിപ്രായങ്ങളുമായി യോജിയ്ക്കാൻസാധിക്കാത്ത വളരെ ആളുകൾ ഉണ്ടു്. അദ്ദേഹമാണു് മുസ്ലീംജനതയ്ക്കു് ഇന്ത്യയിൽ ഒരു വിശേഷരാഷ്ട്രം വേണമെന്ന വാദം ആദ്യം പറഞ്ഞതെന്നും അങ്ങിനെ പാക്കിസ്ഥാനു് വിത്തുകുത്തിയതെന്നും ചിലർ ആക്ഷേപിക്കുന്നതു് കേട്ടിട്ടുണ്ടു്. ലോകത്തിലെ മുഴുവൻ മുസ്ലീം ജനസമുദായത്തെ ഏകീകരിയ്ക്കണമെന്ന ഉദ്ദേശംവെച്ചു പുറപ്പെട്ട ഇക്ബാൽ ഇന്ത്യയിലെ മുസ്ലീമിങ്ങളെ വേറെ എടുത്തു ഒരു ഭരണത്തിൻകീഴിൽ കൊണ്ടുവരണമെന്നഭിപ്രായപ്പെട്ടതിൽ എന്താണു് അസംഗതമായിട്ടുള്ളതു്? അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ രണ്ടുനിലയ്ക്കു് അളക്കേണ്ടിയിരിക്കുന്നു. ഒന്നു്, ഒരു കവിയെന്ന നിലയ്ക്കു; രണ്ടു്, ഒരു രാഷ്ട്രീയനേതാവെന്ന നിലയ്ക്കു്. ഒരു കവിയെന്നനിലയ്ക്കു അദ്ദേഹം ദേശകാലാതിത്തികളെ അതിലംഘിച്ചു ജീവിക്കുന്ന ഒരു ചൈതന്യവിശേഷമാണു്. ഒരു രാഷ്ട്രീയ നേതാവെന്ന നിലയ്ക്കു അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ, ആത്മാർത്ഥ

മായി മുസ്‌ലീംതാല്പര്യങ്ങൾക്കുവേണ്ടി പൊരുതുന്ന ഒരു യോദ്ധാവാണു്. രണ്ടിലും അദ്ദേഹം അദ്വിതീയനാണു്. അതു സമ്മതിച്ചേ തീരൂ.

വട്ടമേശസമ്മേളനത്തിനുപോകുമ്പോൾ അദ്ദേഹം ഈജിപ്തു്, പാലസ്റ്റൈൻ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു അവിടത്തെ കുഴപ്പംപിടിച്ച പ്രശ്നങ്ങൾ പഠിച്ചുപോന്നു. സമ്മേളനം കഴിഞ്ഞുള്ള മടക്കയാത്രയിൽ സ്പെയിനിൽ ഇസ്‌ലാം ആധിപത്യകാലത്തു് ഉണ്ടായിരുന്ന പ്രാഭവത്തിന്റെ അവശിഷ്ടങ്ങൾ അദ്ദേഹം സന്ദർശിച്ചു.

കാബൂൾ സന്ദർശനം

അമ്മാനുള്ള രാജാവിന്റെ ഭരണത്തിൽ കുഴപ്പം വന്നപ്പോൾ അഫ്ഘാനിസ്ഥാനിൽ കലാപവും ലഹളയും പൊട്ടിപ്പുറപ്പെട്ടു. അന്നു പാരീസ്സിലായിരുന്ന നാദിർഖാൻ ഈ ലഹളയെ ഒതുക്കുവാനായി നാട്ടിലേയ്ക്കു മടങ്ങി. അമ്മാനുള്ള സ്ഥാനത്യാഗംചെയ്തു് നാടുവിട്ടുപോയി. ലഹള ഒതുക്കിയശേഷം നാദിർഖാൻ നാദിർഷാ എന്ന പേരിൽ രാജാവായി. നാദിർഷാ പാരീസിൽനിന്നു മടങ്ങുന്നവഴിയ്ക്കു ലാഹോറിൽവെച്ചു മഹാകവി ഇക്‌ബാൽ അദ്ദേഹത്തെ സന്ദർശിക്കുകയും തന്റെ ആകെ സമ്പാദ്യമായിരുന്ന 5000 ഉറുപ്പിക അഫ്ഘാനിസ്ഥാനിൽ സമാധാനം സ്ഥാപിയ്ക്കാൻ സംഭാവനയായി കൊടുക്കുകയും ചെയ്തു. ഈ സംഭാവന നാദിർഖാൻ സ്വീകരിച്ചുവോ എന്നറിയില്ല. ഏതായാലും ഈ സംഭവം ആ ഭരണാധിപനെ ഇക്‌ബാലുമായി വളരെ അധികം അടുപ്പിച്ചുവെന്നു തീർച്ചയാണു്.

നാദിർഷാ രാജാവായിരിക്കുമ്പോൾ ഇക്ബാലിനെ കാബൂളിലേയ്ക്കു ക്ഷണിച്ചു. തെറ്റിദ്ധാരണയില്ലാതെ കഴിക്കുവാൻ, ഇന്ത്യയിൽനിന്നു മുസ്ലീംപണ്ഡിതന്മാരെ, അഫ്ഘാൻ ഗവർമ്മെണ്ടിനു വിദ്യാഭ്യാസപരമായ ഉപദേശം നൽകുവാൻ ക്ഷണിക്കുകയാണുണ്ടായതു്. കബൂളിൽവെച്ചു ഇക്ബാൽ നാദിർഷായെ കണ്ടു, അദ്ദേഹത്തിനു വിശുദ്ധ ഖുറാന്റെ ഒരു പ്രതി കാഴ്ചവെച്ചു. "ഈ അണ്ഡകടാഹത്തിന്റെ രഹസ്യങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്നതത്രെ ഈ മഹാഗ്രന്ഥം" എന്നു പറഞ്ഞുകൊണ്ടാണു് അദ്ദേഹം പുസ്തകം കാഴ്ചവെച്ചതു്.

ഇക്ബാലും സ്നേഹിതന്മാരും അഫ്ഘാനിസ്ഥാനിൽ എട്ടുപത്തു ദിവസം താമസിച്ചു. കാബൂളിലെ ജനങ്ങൾ ദിവസേന ആയിരക്കണക്കിനു ഇവരെ സന്ദർശിച്ചുപോന്നു.

കാബൂളിൽനിന്നുള്ള മടക്കയാത്രയിൽ ഇക്ബാൽ ഗസ്നിയും കാൻഡഹാറും സന്ദർശിച്ചു. ഈ ചരിത്രപ്രസിദ്ധ നഗരങ്ങളിൽവെച്ചാണു് അദ്ദേഹം "മുസാഫിർ" (യാത്രക്കാരൻ) എന്ന ഒരു പ്രസിദ്ധീകരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കവിതകളെല്ലാം എഴുതിയതു്. അദ്ദേഹം 'കപ്പറാ' മാർഗ്ഗമായി ലാഹോറിൽ എത്തി കുറച്ചുദിവസം കഴിഞ്ഞപ്പോഴേയ്ക്കു നാദിർഷായെ ആരോ കൊലപ്പെടുത്തിയെന്നുള്ള വിവരം ഇന്ത്യയിൽ കിട്ടി. ഈ സംഭവം അദ്ദേഹത്തെ വല്ലാതെ വേദനപ്പെടുത്തി. രക്തസാക്ഷിയായിത്തീർന്ന ആ രാജാവു ഇക്ബാലിന്റെ ബഹു

മാനവും സ്നേഹവും അതുകണ്ട് ആഞ്ജിച്ചിരുന്നു.

'പേഷ്യയിലെ ഗീതങ്ങൾ'(സബ് ക്രൈ-ഇ-അസം) പ്രസിദ്ധപ്പെടുത്തിയതിനുശേഷം അദ്ദേഹം എഴുതിയ നീണ്ട ഒരു പേഷ്യൻ കവിതയാണ് ജാവീദ്നാമ. ഈ കവിതയിൽ സ്വർഗ്ഗത്തിലൂടെ പേഷ്യൻകവിയായ ജലാലുദ്ദീൻ റൂമിയോടൊരുമിച്ചു സഞ്ചരിക്കുമ്പോൾ കവി തന്റെ തത്വശാസ്ത്രം ഓരോ സംഭാഷണംവഴി വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതിനുശേഷം ഇക്ബാൽ വീണ്ടും കുറച്ചു ഉർദുകവിതകളെഴുതി. 1922 ൽ പ്രസിദ്ധപ്പെടുത്തിയ "ബാങ്ങ്-ഇ-ദാറാ" (മണിയുടെ രോദനം) ത്തിനുശേഷം പത്തു കൊല്ലം കഴിഞ്ഞിട്ട് "ബാൽ-ഇ-ജിബ്രൈൽ" എന്ന ഒരു കവിതാസമാഹാരം അദ്ദേഹം ഉർദുവിൽ പ്രസിദ്ധപ്പെടുത്തി. അതിനുശേഷം 1936 ൽ അദ്ദേഹം "സർബ്-ഇ-കലീം" എന്ന ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. ആധുനികയുഗത്തിനോടുള്ള ഒരു യുദ്ധപ്രഖ്യാപനമായിട്ടാണ് അതിനെ അവതരിപ്പിച്ചിരിക്കുന്നത്. ഇറ്റലി അബിസീനിയയെ ആക്രമിച്ചതിനെത്തുടർന്ന് "പാസ്പി ബയാദ് കരദ് ഇ. അകാമി ശരക്" (അല്ലയോ പൌരസ്ത്യരാജ്യങ്ങളെ, നാമിനി എന്തുചെയ്യണം?) എന്ന ഒരു നീണ്ട പേഷ്യൻ കവിത അദ്ദേഹം എഴുതുകയുണ്ടായി. ഇതേകാലത്തു ഇസ്ലാമിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ പ്രതിപാദിയ്ക്കുന്ന രണ്ടു നീണ്ട ലേഖനങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയും അവ ലഘുലേഖാരൂപത്തിൽ പിന്നീടു പുറത്തുവരികയുംചെയ്തു.

അദ്ദേഹത്തിന്റെ ഉർദ്ദു-പേഷ്യൻ കവിതകളുടെ ഒരു സമാഹാരം "അർമൂഘാനിഹെജാസ്" എന്ന പേരിൽ പുറത്തിറക്കുവാൻ വേണ്ട ഏർപ്പാടുകളും ചെയ്തിരുന്നുവെങ്കിലും, ആരോഗ്യം ക്ഷയിച്ചു കിടപ്പിലായതിനാൽ, അദ്ദേഹം മരിയ്ക്കുന്നതിനുമുമ്പു അതു പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചില്ല.

1924 ൽ അദ്ദേഹത്തിന്റെ ആരോഗ്യത്തിനു ഹാനിതട്ടി. അന്നു് അതു് മൂത്രം പോകുന്നതിലുള്ള തടസ്സമായിട്ടാണു് പ്രത്യക്ഷപ്പെട്ടതു്. ലാഹോറിലെ മാക്ലിയോഡ് റോഡിലായിരുന്ന അന്നദ്ദേഹം താമസിച്ചിരുന്നതു്. ഒരു ഡോക്ടർ അദ്ദേഹത്തെ പരിശോധിച്ചു, ഇംഗ്ലണ്ടിൽ പോയി ചികിത്സിയ്ക്കണമെന്നു അഭിപ്രായപ്പെട്ടു. വിദഗ്ദ്ധമായ ചികിത്സ കിട്ടുവാൻ ഇംഗ്ലണ്ടിലേയ്ക്കു പോകുവാൻതന്നെ അദ്ദേഹം തീർച്ചപ്പെടുത്തി. സഹായത്തിന്നായി തന്റെ മരുമകനേയും അദ്ദേഹം വിളിച്ചിരുന്നു. അദ്ദേഹത്തിന്റെ യാത്രയുടെ തീയ്യതിപോലും നിശ്ചയിച്ചുകഴിഞ്ഞിരുന്നു. അപ്പോഴാണു് അദ്ദേഹത്തിന്റെ സുഹൃത്തായ സർ സുൽഫിക്കർ ആലിഖാൻ അദ്ദേഹത്തെ ഒന്നു കാണുവാൻ യദൃച്ഛയാ അവിടെ വന്നതു്. അപ്പോഴാണു് ഇക്ബാൽ ഇംഗ്ലണ്ടിൽ പോകുവാൻ നിശ്ചയിച്ചിരുന്ന വിവരം അദ്ദേഹം മനസ്സിലാക്കിയതും. അദ്ദേഹം ഇക്ബാലിനോടു ഉപദേശിച്ചുകൊടുത്തു, ദൽഹിയിലുള്ള ഖ്വാജാഹസ്സൻ നിസാമിയെ ഒന്നു കണ്ടിട്ടു് ഇംഗ്ലണ്ടിലേയ്ക്കു പോയാൽമതിയെന്നു്. സർ സുൽഫിക്കർതന്നെ ഖ്വാജാസാഹിബ്ബി

ന്നു ഒരു കത്തും എഴുതി. ഖ്വാജാസാഹിബ്യാകട്ടെ, ഹ
ക്കിം നബിനാ സാഹിബ്യിനെ (ഇദ്ദേഹത്തിന്റെ ശരി
യായ പേർ ഹക്കിം അബ്ദുൽവഹാബ് അൻസാരി എ
ന്നായിരുന്നു) കാണുകയും, മഹാകവിയെ ചികത്സിക്കു
വാൻ ഹക്കിംസാഹിബ്യിന്നു ഒരവസരം കൊടുക്കണമെ
ന്നു ഇക്ബാലിനോടപേക്ഷിയ്ക്കുകയും ചെയ്തു. ഇതിന്റെ
ഫലമായി ഹക്കിംസാഹിബ് ദൽഹിയിൽവെച്ചു ഒരാ
ഴ്ചക്കാലം ഇക്ബാലിനെ ചികത്സിച്ചു അദ്ദേഹത്തി
ന്റെ രോഗം തീരെ മാറി മടക്കിഅയച്ചു. ഇക്ബാൽ
മരിക്കുന്നതിന്റെ ആറു മാസം മുമ്പു ആ രോഗത്തിന്റെ
ലക്ഷണങ്ങൾ വീണ്ടും കണ്ടപ്പോൾ ഹക്കിംസാഹിബ്യി
ന്നു എഴുതിഅയയ്ക്കുകയും അദ്ദേഹം അയച്ച മരുന്നുപ
യോഗിച്ചു ആ രോഗം വീണ്ടും ഭേദമാവുകയും ചെയ്തു.

ഇക്ബാലിന്റെ മരണത്തിന്നു കാരണമാക്കിയ
രോഗം ആരംഭിച്ചതു 1934 ലെ "ഈദ്" ആഘോഷ
ക്കാലത്താണു്. അന്നു് ഒരു ദിവസം ഭക്ഷണം കഴിച്ചു
തു് എങ്ങിനെയോ അദ്ദേഹത്തിന്റെ ആരോഗ്യത്തെ
നശിപ്പിക്കുകയും അദ്ദേഹത്തിന്നു സംസാരിയ്ക്കാൻ പ്രയാ
സമാക്കുകയും ചെയ്തു. അദ്ദേഹത്തിന്നു ഡൽഹിയിലേ
യ്ക്കു പോകേണ്ടുന്ന ആവശ്യമുണ്ടായിരുന്നു. അവിടെവെ
ച്ചു പരിശോധിച്ച ചില ഭിഷഗ്വരന്മാർ വിദ്യുച്ഛക്തി
ഉപയോഗിച്ചുള്ള ഒരു ചികിത്സയാണു് അദ്ദേഹത്തിന്നു
നിശ്ചയിച്ചതു്. അതിന്നായി അദ്ദേഹം ഭോപ്പാലിലെ
നവാബിന്റെ അതിഥിയായി ഭോപ്പാലിൽ പോയി താ

മസമുറപ്പിച്ചു. ഭോപ്പാൽ നവാബ് അദ്ദേഹത്തിന്നു മാസം 500 ക. വീതം ഒരാജീവനപ്പെൻഷൻ അനുവദിച്ചിരുന്നു. എന്നുതന്നെയല്ല ഇക്ബാൽ ചികിത്സാർത്ഥം വിയന്നയ്ക്കു പോകണമെന്നും അതിന്റെ ചിലവുകൾ താൻ വഹിച്ചുകൊള്ളാമെന്നും നവാബു പറയുകയുണ്ടായി. എന്നാൽ ഇക്ബാൽ വിയന്നയ്ക്കു പോകുവാൻ ഒരുങ്ങിയില്ല.

സർബി-ഇ-കലീം എന്ന പുസ്തകത്തിലെ മിക്ക കവിതകളും അദ്ദേഹം തന്റെ ഭോപ്പാൽ വാസക്കാലത്തു അവിടെവെച്ചു എഴുതിയവയാണു്.

ഇക്ബാലിന്റെ ആരോഗ്യത്തിന്നു സാരമായ ഹാനി തട്ടിയിരുന്ന ഒരവസരത്തിലാണു് —1938 ൽ ഇൻഡർ കൊളിജിയേറ്റ് മുസ്ലീം ബ്രദർഹുഡ് അദ്ദേഹത്തെ ബഹുമാനിയ്ക്കുന്നതിനായി ജനുവരി 9-ാംനു- "ഇഖ്ബാൽ ദിന"മായി കൊണ്ടാടുവാൻ ഒരാഹ്വാനം കൊടുത്തതു്. ആ ദിനം ഇന്ത്യയുടെ നാനാഭാഗത്തും വളരെ കേമമായി ആഘോഷിക്കുകയും ആ അവസരത്തിൽ വളരെ സന്ദേശങ്ങൾ കിട്ടുകയും ചെയ്തു. ആ സന്ദേശങ്ങൾ ലോകത്തിലെ നനാഭാഗങ്ങളിലും അദ്ദേഹം ആജ്ഞിച്ചിരുന്ന പ്രശസ്തിയ്ക്കു ലക്ഷ്യങ്ങളാകുന്നു.

ഇക്ബാൽ തന്റെ കൌമാരത്തിൽത്തന്നെ ഒരു വിവാഹം കഴിച്ചിരുന്നു. ആ ഭാര്യയിൽ അദ്ദേഹത്തിന്നു രണ്ടു മക്കളുണ്ടായി; ഒരു പുത്രനും ഒരു പുത്രിയും.

1916 ൽ അദ്ദേഹം കാജാ അബ്ദുൽഘാനിയുടെ സഹോദരിയെ വിവാഹംചെയ്തു. അവർ സമുദായ

സേവനത്തിൽ ഉത്സുകയും സാധുസംരക്ഷണത്തിൽ ബദ്ധശ്രദ്ധയുമായിരുന്നു. 1935 മേയ് 19-ാംനു- ഇക്ബാലിന്റെ കുടുംബം ജാവിദ്മൻസിലിലേയ്ക്കു മാറിത്താമസിച്ചു. ആ പത്നി മേയ് 23-ാംനു- അവിടെവെച്ചു മരിക്കുകയും ചെയ്തു.

അവർക്കും ഒരു പുത്രനും ഒരു പുത്രിയും ഉണ്ടായി. 1919 ൽ ഇക്ബാൽ മൂന്നാമതും വിവാഹം ചെയ്തു. ലൂധിയാനയിലെ ഒരു കുലീന കുടുംബത്തിൽ നിന്നാണദ്ദേഹം വിവാഹം ചെയ്തതു്. ഇക്ബാലിനു് ആ പത്നിയെ വളരെയധികം കാമുകിയായിരുന്നു. എന്നാൽ 1924ൽ അവർ മരിച്ചുപോയി. അവരുടെ മരണം അദ്ദേഹത്തെ വല്ലാതെ വേദനപ്പെടുത്തി. അവരുടെ പേർ പറയുമ്പോൾ അദ്ദേഹം കരയാറുണ്ടു്. തന്നെ ശുശ്രൂഷിക്കാൻ ഇനി ആരുമില്ലെന്നദ്ദേഹം പ്രസ്താവിക്കാറുണ്ടത്രെ!

ഇക്ബാൽ ഒരു മരണപത്രം എഴുതിവെച്ചിട്ടുണ്ടു്. അതു് അദ്ദേഹത്തിന്റെ ഒടുവിലത്തെ മക്കളായ ജാവീദിനേയും മുനീരയേയും സംബന്ധിയ്ക്കുന്നതാണു്. കുടുംബകാര്യങ്ങളെല്ലാം പ്രതിപാദിച്ചശേഷം അദ്ദേഹം ഇസ്ലാമിനെക്കുറിച്ചു തന്റെ അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹം പറയുന്നു:

"ഞാൻ ആദ്യകാലത്തെ മുസ്ലീമിങ്ങളെയാണു് അനുഗമിക്കുന്നതു്. പരിഷ്കരണത്തിൽ ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ ആബൂഹനീഫയേയും പേർഷ്യയിലെ ഇസ്ലാമിനേയും അനുസരിക്കുന്നു. ഇസ്ലാംമതത്തെക്കുറിച്ചു ഞാൻ സ്വന്തംനിലക്കു നടത്തിയ ഗവേഷണങ്ങളും

ശേഷമാണു് ഞാനീ നിലപാടു് അംഗീകരിച്ചിട്ടുള്ളതു്. യഥാർത്ഥമായ ഒരു മുസ്ലീമിനെ നിങ്ങൾ കണ്ടെത്തിയാൽ നിങ്ങൾ അയാളുടെ കാലടികളെ പിന്തുടരുക. അല്ല, "നിങ്ങൾ വിജ്ഞനായ ഒരാളെ കണ്ടെത്തിയില്ലെങ്കിൽ, ഞാൻ എന്റെ പൂർവ്വീകന്മാരിൽനിന്നെടുത്ത എല്ലാം എന്നിൽനിന്നു നിങ്ങൾ സ്വീകരിച്ചുകൊള്ളുക."

ഇക്ബാലിന്റെ മരണം

ഡോക്ടർ ഇക്ബാലിനു മൂത്രഗ്രന്ഥികളെ സംബന്ധിച്ചു സുഖക്കേടു് ഒന്നരണ്ടുതവണയുണ്ടായതായി ഇതിനുമുമ്പു പ്രസ്താവിച്ചുവല്ലോ. വളരെക്കാലമായി അദ്ദേഹം ദിവസത്തിൽ ഒരിക്കൽമാത്രം ഭക്ഷണം കഴിക്കുക സ്വഭാവമാക്കിയിരുന്നു. ഹക്കീം നബീന സാഹെബ്ബിന്റെ ചികത്സയിൽ അദ്ദേഹം ഏകദേശം സ്വസ്ഥനായി അങ്ങിനെ കഴിഞ്ഞുകൂട്ടുകയായിരുന്നു.

1934-ൽ ഈദ്കാലത്തു് അദ്ദേഹം ഭക്ഷണം കഴിച്ചതിൽ പററിയ തകരാർകൊണ്ടു് അദ്ദേഹത്തിന്റെ ശബ്ദംപോയ വിവരം മുമ്പു പ്രസ്താവിച്ചുവല്ലോ. അതു് ശാഹിമസ്ജിദിൽ പ്രാർത്ഥനയ്ക്കുപോയി തണുപ്പുതട്ടിയതുകൊണ്ടാണെന്നു മഹാകവിതന്നെ ഒരിക്കൽ പറയുകയുണ്ടായി.

1935-ൽ അദ്ദേഹത്തിന്റെ പ്രീതിയ പത്നി മരിച്ചു. അദ്ദേഹത്തിനു കുട്ടികളുടെ ഭാരം ഏറെറടുക്കേണ്ടിവന്നു. അങ്ങിനെ അദ്ദേഹത്തിനു് ഒരു വിചാരഗതി വന്നു, തനിയ്ക്കു ഈ ലോകത്തിൽ അധികകാലം ബാക്കിയില്ല എന്നു്. അതിനുശേഷം അധികം താമ

സിയാതെ അദ്ദേഹം തന്റെ മരണപത്രം തയ്യാറാക്കി.

അദ്ദേഹത്തിന്റെ രോഗം വഷളായിത്തന്നെ വന്നു. ദേഹത്തിന്നു് ശക്തിയും കുറഞ്ഞുവന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രസന്നതയ്ക്കു ഒരു കുറവും സംഭവിച്ചില്ല; അദ്ദേഹത്തിന്റെ സംഭാഷണം ക്ഷീണത്തെ ഒട്ടും പ്രതിഫലിപ്പിച്ചില്ല. സാഹിത്യപരമായോ രാഷ്ട്രീയമായോ മഹാകവിയോടു സംസാരിച്ചിരുന്ന ഒരാൾക്കു അദ്ദേഹം ഒരു രോഗിയാണെന്നോ, മരണം അടുത്തു തട്ടിക്കൊണ്ടുപോകാൻവെച്ചിരിക്കുന്ന ഒരു ദുർബലനാണെന്നോ ഊഹിയ്ക്കുവാൻപോലും സാദ്ധ്യമായിരുന്നില്ല.

അദ്ദേഹത്തിന്റെ മരണത്തിന്റെ രണ്ടുമാസംമുമ്പു അദ്ദേഹത്തിന്നു കാസശ്വാസത്തിന്റെ ഒരു ബാധയുണ്ടായി. അന്നൊരു ദിവസം അദ്ദേഹം കട്ടിലിന്മേൽനിന്നു വീണു. അപ്പോൾമാത്രമേ അദ്ദേഹം ഇത്രയും രോഗിയായിത്തീർന്നിരിക്കുന്നുവെന്നു ആളുകൾ ധരിച്ചുള്ളൂ. ഈ സംഭവം അദ്ദേഹത്തിന്റെ സുഹൃത്തുക്കളെ യാഥാർത്ഥ്യത്തിന്റെ നേരെ കണ്ണുതുറന്നുനോക്കുവാൻ നിർബ്ബന്ധിച്ചു. അദ്ദേഹത്തിന്റെ രോഗം ഏറിയും കുറഞ്ഞും ഇരുന്നു. അന്നു ലാഹോറിൽ ഉണ്ടായിരുന്ന ഭിഷഗ്വരന്മാരെല്ലാം അദ്ദേഹത്തെ പരിശോധിച്ചു. അവരിൽ ഒരാൾ വ്യക്തമായിപ്പറഞ്ഞു, "ഈ ദീനം മാറുന്നതല്ല. ഇത്തരത്തിലുള്ള ദീനം പിടിപെട്ടാൽ അഞ്ചെട്ടുമാസത്തിലധികം ആയുസ്സു ബാക്കിയില്ല" എന്നു്. ഈ നിദാനം ഇക്ബാലിനോടു ആരും പറഞ്ഞില്ല.

അദ്ദേഹത്തിന്റെ രോഗത്തിന്റെ വിവരങ്ങൾ പ

ത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയില്ല. അദ്ദേഹം വായിച്ച മനഃസ്സല്യമുണ്ടാകരുതെന്നു മാത്രമല്ല, സുഹൃത്തുക്കൾ വായിച്ച അദ്ദേഹത്തിന്റെ ദേഹസ്ഥിതിയെക്കുറിച്ചു ക്രൂടതൽ ക്രൂടതൽ അന്വേഷിച്ച അദ്ദേഹത്തെ ശല്യപ്പെടുത്തരുതെന്നുകൂടി ഉദ്ദേശിച്ചാണു് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താതിരുന്നതു്.

ഭിഷഗ്വരന്മാർ അദ്ദേഹത്തിന്റെ ഭക്ഷണം നിയന്ത്രിക്കണമെന്നും, കിടന്നകിടപ്പിൽനിന്നു അനങ്ങരുതെന്നും പരിപൂർണ്ണമായി വിശ്രമിക്കേണമെന്നും നിഷ്കർഷിച്ചിരുന്നു. അദ്ദേഹം മാനസികമായി പ്രാർത്ഥന നടത്തുന്നതും ചിന്തിക്കുന്നതുംകൂടി പാടില്ലെന്നാണു് വൈദ്യന്മാർ അഭിപ്രായപ്പെട്ടിരുന്നതു്. ഈ നിർദ്ദേശം സ്വീകരിയ്ക്കാൻ അദ്ദേഹത്തിനു സാദ്ധ്യമായിരുന്നില്ല.

ഇക്ബാലിന്റെ ജീവിതത്തിന്റെ അന്ത്യകാലങ്ങളിൽ അദ്ദേഹത്തിന്റെ കണ്ണുകളിൽ തിമിരം (Catavact)ബാധിയ്ക്കുകയും വായിക്കാൻ സാദ്ധ്യമല്ലാതാവുകയും ചെയ്തു. ഒരു ശസ്ത്രക്രിയകൊണ്ടു കാഴ്ച ശരിപ്പെടുത്താമെന്നു ഭിഷഗ്വരന്മാർ അഭിപ്രായപ്പെട്ടെങ്കിലും, അദ്ദേഹത്തിന്റെ ദേഹസ്ഥിതി ക്രൂടതൽ മോശമായിത്തീർന്നുവന്നതുകൊണ്ടു ശസ്ത്രക്രിയ നടത്തുവാൻ സാധിച്ചില്ല. കാഴ്ച കുറഞ്ഞുതന്നെ വന്നു. ഒടുവിൽ അദ്ദേഹത്തെ കാണുവാൻ വന്നിരുന്ന സുഹൃത്തുക്കളെ തിരിച്ചറിയുവാൻതന്നെ അദ്ദേഹത്തിനു പ്രയാസമായിത്തുടങ്ങി.

1938 ൻെറ ആദ്യത്തിൽ അദ്ദേഹത്തിൻെറ മുഖത്തും കാലടികളിന്മേലും നീരുവന്നു. അതു് അദ്ദേഹത്തിൻെറ മൂത്രാശയരോഗത്തിൻെറ അനന്തരഫലമായിരുന്നു. അദ്ദേഹത്തിൻെറ ഹൃദയം വീക്കുകയും ചെയ്തിരുന്നുവെന്നു ഡോക്ടർമാർ മനസ്സിലാക്കി.

ഇക്ബാലിന്നു ഏറ്റവും കുറഞ്ഞ വേദനപോലും സഹിയ്ക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ അവസാനത്തെ ദിനത്തിൽ അദ്ദേഹം വേദനയെക്കുറിച്ചു ആവലാതി പറഞ്ഞതേയില്ല. അന്നു അദ്ദേഹം പറഞ്ഞിരുന്ന ഓരോ വാചകവും, പിന്നീടു് ആലോചിച്ചുനോക്കുമ്പോൾ, അദ്ദേഹത്തിന്നു തൻെറ മരണം ആസന്നമായിരുന്നുവെന്നു ബോധമുണ്ടായിരുന്നതിൻെറ തെളിവായിരുന്നു. അദ്ദേഹം മരുന്നുകൾ സേവിക്കുന്നതു് വെറുത്തിരുന്നു. എന്നുതന്നെയല്ല, അല്പോപ്പതി ചികിത്സയോടു അദ്ദേഹത്തിന്നു സവിശേഷമായ വിരോധവുമുണ്ടായിരുന്നു.

അദ്ദേഹത്തെ കാണുവാൻ വന്ന രണ്ടു് സുഹൃത്തുക്കൾ അദ്ദേഹത്തോടു രോഗം വേഗം മാറി സുഖമാകുമെന്നു പറഞ്ഞപ്പോൾ അദ്ദേഹം മന്ദഹസിച്ചുകൊണ്ടു പറഞ്ഞു, "എനിയ്ക്കു മരണത്തിനെ ഭയമില്ല; ഞാൻ പ്രസന്നനായി അങ്ങിനെ മരിച്ചുകൊള്ളാം." എന്നിട്ടു അദ്ദേഹം രണ്ടു വരി ചൊല്ലി:

"ഒരു യഥാർത്ഥവിശ്വാസിയുടെ ലക്ഷണം
ഞാൻ പറയട്ടെ,
മരണം വരുമ്പോൾ അവൻെറ ചുണ്ടുകളിൽ
ഒരു പുഞ്ചിരിയുണ്ടാകും.

അദ്ദേഹത്തിന്റെ രോഗം വർദ്ധിച്ചുകൊണ്ടേവന്നു. എന്നിരുന്നാലും അദ്ദേഹത്തിന്റെ ബുദ്ധിയുടെ തീക്ഷ്ണതയ്ക്കു യാതൊരു കുറവും വന്നില്ല. അദ്ദേഹം പറഞ്ഞിരുന്ന ഓരോ വാചകത്തിലും അദ്ദേഹത്തിൽ ഈശ്വരഭക്തമായിട്ടുണ്ടായിരുന്ന ചൈതന്യത്തിന്റെ വെട്ടിത്തിളക്കം കാണാമായിരുന്നു. ഇതിനിടയ്ക്കാണു് മൌലാനാഹ്മസയിൻ അഹമ്മദ് മദാനിയുടെ ഒരു പ്രസ്താവനയ്ക്ക് ഒരു മറുപടിയായി "ഇസ്ലാമും ദേശീയബോധവും" എന്ന നീണ്ട ലേഖനം അദ്ദേഹം പറഞ്ഞുകൊടുത്തു എഴുതിച്ചതു്.

മരിക്കുന്നതിന്റെ നാലുദിവസംമുമ്പു് ഒരു പ്രസിദ്ധ പണ്ഡിതൻ അദ്ദേഹത്തെ സന്ദർശിച്ചു. ഡോക്ടർ ഇക്ബാൽ ഡാർവിന്റേയും നീറ്റ്ഷെയുടേയും തത്വശാസ്ത്രം കുറച്ചു വാചകങ്ങളിൽ വിവരിച്ചപ്പോൾ ആ പണ്ഡിതൻ അത്ഭുതപ്പെട്ടുപോയി. തത്വശാസ്ത്രത്തെ സംബന്ധിച്ചു ഗൌരവമേറിയ പലേ പ്രശ്നങ്ങൾക്കും അദ്ദേഹം സങ്കോചമോ സംശയമോ കൂടാതെ മറുപടി പറഞ്ഞിരുന്നു. അദ്ദേഹം മറുപടി പറഞ്ഞിരുന്ന രീതി തന്നെ ആ പണ്ഡിതന്റെ സവിശേഷബഹുമാനത്തിനു പാത്രമായി.

ഏപ്രിൽ 20-ാംരാത്രി അദ്ദേഹത്തിന്റെ രോഗം മൂർച്ഛിച്ചു. ക്ഷീണമുണ്ടായിരുന്ന ഒരു സുഹൃത്തിനോടു് ഉടനേത്തന്നെ വൈദ്യനെ വിളിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. കുറച്ചുകൂടി കഴിഞ്ഞിട്ടു വിളിച്ചാൽപോരേ എന്നാസ്നേഹിതൻ ചോദിച്ചപ്പോൾ "എന്റെ ഇപ്പോഴ

ത്തെ സ്ഥിതി നിങ്ങൾക്കറിഞ്ഞുകൂടാ" എന്നദ്ദേഹം മറുപടി പറഞ്ഞു. വെളുപ്പാൻകാലത്തു് അഞ്ചുമണിയായിരുന്നു. ആ സുഹൃത്തു് ഡോക്ടരെ വിളിക്കാൻ പോയി. പോകുന്നതിനുമുമ്പു് ഇക്ബാൽ താഴെ കൊടുക്കുന്ന അവസ്ഥയിൽ നാല വരികളും ചൊല്ലി.

പിരിഞ്ഞുപോയ ഗാനമാധുരി തിരിച്ചുവരുമാ
യിരിയ്ക്കാം, വരില്ലായിരിയ്ക്കാം
ഹെജാസിൽനിന്നുള്ള മന്ദമാരുതൻ വ
രുമായിരിയ്ക്കാം, വരാതിരിയ്ക്കാം.

ആത്മത്യാഗിയായ ഈ ചിന്തകന്റെ
അവസാനം വന്നു കഴിഞ്ഞു
മറെറാരു ജ്ഞാനസമ്പന്നൻ വരുമാ
യിരിയ്ക്കാം, വരില്ലായിരിയ്ക്കാം.

അദ്ദേഹം വൈദ്യൻ വരുന്നതുവരെ ജീവിച്ചിരുന്നില്ല. അതിനുമുമ്പു തന്റെ പ്രിയപ്പെട്ട ഭൃത്യന്റെ കയ്യിന്മേൽ തല ചായ്ച്ചുകിടന്നുകൊണ്ടു അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഭാരതത്തിലെ മഹാനായ ഒരു കവിയും ഒരു പണ്ഡിതശ്രേഷ്ഠനും ചിന്തകനും ശ്വാസോച്ഛ്വാസംചെയ്യുന്നതു നിന്നു, ചിന്തിയ്ക്കൽ അവസാനിപ്പിച്ചു. ആ ഗാനമാധുരി എന്നന്നേയ്ക്കുമായി നിലച്ചു.

മരിച്ചുകിടന്നിരുന്ന മഹാകവിയുടെ മുഖത്തു ഒരു മന്ദഹാസം കളിയാടിയിരുന്നുവത്രെ. ശരി, ഒരു യഥാർത്ഥ വിശ്വാസിയുടെ ലക്ഷണം അതാണെന്നു അദ്ദേഹം മുമ്പുതന്നെ പ്രഖ്യാപനം ചെയ്തിട്ടുണ്ടല്ലൊ.

ശവസംസ്കാരം

അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള വാർത്ത ഉടനെ ഇന്ത്യയിലെ നാനാഭാഗങ്ങളിലുമുള്ള സുഹൃത്തുക്കൾക്കു കമ്പിമാർഗ്ഗമായി അറിയിയ്ക്കുകയും അവരിൽ പലരും കഴിയുന്നത്രവേഗം ലാഹോറിൽ എത്തിച്ചേരുകയും ചെയ്തു. വാർത്ത ലാഹോറിലെ റേഡിയോസ്റ്റേഷനിൽ നിന്നു പ്രക്ഷേപണംചെയ്തതോടെ ഭാരതം മുഴുവൻ ദുഃഖനിമഗ്നമായി. ഹൈക്കോടതിയും മറ്റു കോടതികളും, കോളേജുകളും സ്കൂളുകളും ഗവർമ്മെണ്ടാഫീസുകളും ദുഃഖം ആചരിച്ചുകൊണ്ടു് പൂട്ടിയിട്ടു. അദ്ദേഹത്തിന്റെ വസതിയ്ക്കു ചുറ്റും ആളുകൾ ആയിരക്കണക്കായി തടിച്ചുകൂടി.

ശാഹിമസ്ജിദിൽ അദ്ദേഹത്തിന്റെ ദേഹം സംസ്കരിയ്ക്കുന്നതുചിതമായിരിയ്ക്കുമെന്നു പലരും അഭിപ്രായപ്പെട്ടു. ആ സ്ഥലം മുഗൾചക്രവർത്തിയായ ജഹാംഗീർ പണിചെയ്യിച്ചതാണു്. അതു പുരാതനവസ്തു സംരക്ഷണവകുപ്പുകാരുടെ കൈവശത്തിലുമാണു്. അദ്ദേഹത്തിന്റെ ഭൌതികാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനുള്ള സ്ഥലം നിശ്ചയിച്ചശേഷം ഒരു ഡെപ്യൂട്ടേഷൻ പഞ്ചാബ്ഗവർണ്ണരെ സന്ദർശിയ്ക്കുകയും അദ്ദേഹത്തിന്റെ അനുമതിയും പുരാതനവസ്തുസംരക്ഷണവകുപ്പിന്റെ അനുമതിയും വാങ്ങുകയും ചെയ്തു. ഉച്ചയ്ക്കു രണ്ടുമണിയ്ക്കു ഡെപ്യൂട്ടേഷൻ തിരിച്ചെത്തി.

ഒരു വമ്പിച്ച ഘോഷയാത്ര അന്നു വൈകുന്നേരം നാലുമണിയ്ക്കു മൃതദേഹം ശാഹിമസ്ജിദിലേയ്ക്കു കൊ

ണ്ടുപോകുവാൻ പുറപ്പെട്ടു. മൃതശരീരം അവിടെ കൊണ്ടു ചെന്നപ്പോൾ ആരംഭിച്ച പ്രാർത്ഥന രാത്രി എട്ടുമണിയ്ക്കാണു് അവസാനിച്ചതു്. അന്നു രാത്രി പത്തുമണിയ്ക്കു മൃതദേഹം മറവുചെയ്തശേഷമേ ജനങ്ങൾ പിരിഞ്ഞുപോയതുള്ളു. പഞ്ചാബിലെ പ്രധാനമന്ത്രിയും മറ്റു മന്ത്രിമാരുമടക്കം ഏറ്റവും താഴ്ന്ന പൌരൻവരെയുള്ള എഴുപതിനായിരത്തിലധികം ജനങ്ങൾ ആ ഘോഷയാത്രയിൽ പങ്കെടുത്തു. അദ്ദേഹത്തെ മറവുചെയ്ത സ്ഥലം പുഷ്പമാല്യങ്ങൾകൊണ്ടു മൂടപ്പെട്ടു.

ജീവിതത്തിൽ ഒരു സവിശേഷലക്ഷ്യത്തോടുകൂടി ആവിർഭവിച്ചു, നിർവ്വിഘ്നം, അപ്രതിഹതമായി ആ ലക്ഷ്യത്തിലേയ്ക്കു തന്നെ നീങ്ങിക്കൊണ്ടിരുന്ന ഒരു വ്യക്തിത്വമായിരുന്നു ഇക്ബാലിന്റേതു്. തന്റെ ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടി, ജീവിതത്തിനു തനിക്കു നൽകുവാൻ കഴിഞ്ഞിരുന്ന പലേ ഭൌതിക പാരിതോഷികങ്ങളും അദ്ദേഹം നിസ്സങ്കോചം നിരാകരിച്ചു. മനുഷ്യന്റെ വ്യക്തിത്വത്തിനു വളരുവാനും വികസിയ്ക്കുവാനും സ്വതന്ത്രമായ ഒരന്തരീക്ഷം അത്യാവശ്യമാണെന്നും അനുപേക്ഷണീയമാണെന്നും അദ്ദേഹം മനസ്സിലാക്കി; ആ സ്വതന്ത്രമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ അവനവനുമാത്രമേ കഴികയുള്ളു എന്നു അദ്ദേഹം ജനങ്ങളെ മനസ്സിലാക്കി. അതിലാണു് അദ്ദേഹത്തിന്റെ മഹാത്മ്യം കിടക്കുന്നതു്. ആ സന്ദേശത്തിന്റെ അനന്തരഫലത്തെ അപഗ്രഥനംചെയ്യുവാൻ നമുക്കു് കഴിവും അനുഭവവും പോരാ; നാം അതിനോടു് അത്രയും അടുത്താണു് ജീവിക്കുന്നതു്. എന്നാൽ ഒന്നു തീർച്ച; മനുഷ്യന്റെ ചരിത്രത്തെ രൂപപ്പെടുത്തുവാൻ കഴിഞ്ഞ ചുരുക്കം ചില വ്യക്തികളിൽ ഒരാളാണു് ഇക്ബാൽ.

ഇക്ബാലിന്റെ ജീവിത ദർശനം

ഇക്ബാലിന്റെ ജീവിതദർശനം ഗ്രഹിച്ചല്ലാതെ അദ്ദേഹത്തിന്റെ കൃതികളുടെ അന്തഃസത്തയും ഉദ്ദേശവും മനസ്സിലാക്കുവാൻ സാധ്യമല്ല. ആ ജീവിതദർശനംതന്നെ എങ്ങിനെ രൂപംകൊണ്ടു എന്നു ധരിയ്ക്കുവാൻ അതിന്റെ ചരിത്രപരമായ പശ്ചാത്തലം പരിശോധിച്ചേ തീരൂ. കാരണം ഒരു പ്രതിഭാശാലിയായ വ്യക്തി ജീവിതപ്രശ്നങ്ങളോട് ഏറ്റമുട്ടി അവയ്ക്കുള്ള സമാധാനം കണ്ടുപിടിയ്ക്കാൻ ശ്രമിക്കുമ്പോഴാണ് ഒരു സവിശേഷ പ്രത്യയശാസ്ത്രം ആവിർഭവിയ്ക്കുന്നത്. ജീവിതസമരത്തിൽ ആ വ്യക്തിയെ നിയന്ത്രിയ്ക്കുന്നതും ആ വ്യക്തി ഉപയോഗപ്പെടുത്തുന്നതുമായ ചിന്തകൾ ക്രമാനുക്രമമായി വിവരിക്കുമ്പോഴാണ് ആ ജീവിതതത്ത്വശാസ്ത്രം നമുക്ക് വ്യക്തമാകുന്നത്. ഇക്ബാലിനെക്കൊണ്ടു ഇത്ര ഗഹനമായി ആലോചിപ്പിച്ച പ്രശ്നമെന്ത്? ഇക്ബാൽ വിദ്യാഭ്യാസംകഴിഞ്ഞു പുറപ്പാടുമൊന്നു നോക്കിയപ്പോൾ ഗർവ്വ് നിറഞ്ഞ പാശ്ചാത്യപരിഷ്കാരം വിജയപൂർവ്വം നഗ്നവും പരാജിതവുമായ പൌരസ്ത്യസംസ്കാരത്തെ തന്റെ കാൽച്ചുവടിൽ ഒതുക്കിനിത്തി നൃത്തംചെയ്യുന്നതാണ് കണ്ടത്. പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനത്തിൽ പൌരസ്ത്യരാജ്യങ്ങൾ വളരെ ദയനീയമായ ഒരു സ്ഥിതിയിലാണ് കിടന്നിരുന്നത്. തുർക്കി, പേഷ്യ, അ

റേബിയ, അഫ്ഘാനിസ്ഥാൻ, എന്നീ രാജ്യങ്ങളും തകരുകയായിരുന്നു. ഇന്ത്യയിൽ ആഭ്യന്തരമായ കലഹങ്ങളുണ്ടായിരുന്നു; എന്നുമാത്രമല്ല, എല്ലാ നിലയ്ക്കും ഇന്ത്യ ചിന്നഭിന്നമായിരുന്ന ഒരു രാജ്യമായിരുന്നു. ചൈനയിൽ പല കക്ഷികളും തമ്മിൽ കലഹിച്ചിരുന്നു, എന്നതുമാത്രമല്ല പാശ്ചാത്യ സാമ്രാജ്യതാശക്തികളും അധികാരത്തിനു വടംവലി നടത്തിക്കൊണ്ടിരിക്കയുമായിരുന്നു. ഈ നിരാശാജനകമായ ചിത്രം ഇക്കബാലിനെപ്പോലെയുള്ള ഒരു ചിന്തകനെ ഇരുത്തിച്ചിന്തിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. ഈ ലക്ഷണങ്ങളല്ല, ഈ രോഗത്തിനുള്ള അടിസ്ഥാനകാരണങ്ങളാണു് അദ്ദേഹത്തിന്റെ ചിന്തക്കു വിഷയമായതു്. രോഗത്തിന്റെ നിദാനം കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനു അധികംസമയം വേണ്ടിവന്നില്ല. പല സംസ്കാരങ്ങളുടെ ചരിത്രത്തിലും സാമൂഹ്യശാസ്ത്രത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന അപാരമായ ജ്ഞാനം അദ്ദേഹത്തിനു വ്യക്തമാക്കിക്കൊടുത്തു, പൌരസ്ത്യരാജ്യങ്ങളുടെ ഈ ദുഃസ്ഥിതിയ്ക്കു ഉത്തരവാദിത്വം വഹിയ്ക്കുന്നതു് ആത്മത്യാഗം, ഐഹിക ബോധമില്ലായ്മ എന്നിവ പഠിപ്പിയ്ക്കുന്ന തത്വശാസ്ത്ര സമ്പ്രദായങ്ങളാണെന്നു്. മനുഷ്യനു് ഉന്മേഷവും ഉത്സാഹവും ഉണ്ടാക്കുന്നതിനുപകരം, ജീവിതത്തിലെ തടസ്സങ്ങളെ വിജയപൂർവ്വം തരണംചെയ്യുവാൻ ഉപദേശിക്കുന്നതിനുപകരം, ഈ തത്വശാസ്ത്രസമ്പ്രദായങ്ങളും ജീവിതത്തിലെ ബുദ്ധിമുട്ടുകളിൽനിന്നും ഒഴിഞ്ഞുമാറുവാനും പരലോകസുഖങ്ങളെ തേടിപ്പിടിക്കാനും ആണു് ഉപദേശി

ക്കുന്നതെന്നദ്ദേഹം കണ്ടു. ലോകത്തിലെ മതങ്ങളെ സൂക്ഷ്മമായി പഠിക്കുന്നതായാൽ ത്യാഗത്തിന്റെ മഹാത്മ്യങ്ങളെ പുകഴ്ത്തി കർമ്മവിമുഖതയിലേയ്ക്കു മനുഷ്യനെ അവ ആകർഷിക്കുന്നതായികാണാം. അങ്ങിനെയല്ലാത്ത ഒരൊറ മതം ഇസ്ലാമാണെന്നു ഇക്ബാൽ വിശ്വസിച്ചു. എന്നാൽ ഇസ്ലാമും ഇതേ നിലപാടു അംഗീകരിക്കാൻതുടങ്ങിയെന്നു അദ്ദേഹം മനസ്സിലാക്കി. ഇതു് മനുഷ്യന്റെ പ്രവർത്തനശക്തിയെ ഊറ്റിയെടുത്തു നശിപ്പിച്ചു മനുഷ്യനെ കർമ്മവിമുഖനാക്കുന്നുവെന്നും അദ്ദേഹം കണ്ടു. പല മുസ്ലീം ചിന്തകന്മാരും ഈ കർമ്മവിമുഖതയെ ഖണ്ഡിച്ചുവിമർശിച്ചിട്ടുണ്ടു്; പക്ഷേ അവരുടെയെല്ലാം ഖണ്ഡനങ്ങൾ അതിന്റെ താത്വികമായ വശത്തെ മാത്രം സ്പർശിക്കുന്നവയായിരുന്നു. ഇക്ബാൽ ഒരു കർമ്മനിരതനായ തത്വശാസ്ത്രജ്ഞനായിരുന്നതുകൊണ്ടു് അതിന്റെ പ്രായോഗികവശത്തെ വിമർശിക്കുകയും ഖണ്ഡിക്കുകയുമാണദ്ദേഹം ചെയ്തതു്. ഇസ്ലാംമതത്തിൽ വന്ന ഈ അധ:പതനവും പൌരസ്ത്യരാജ്യങ്ങളിൽ പാശ്ചാത്യപരിഷ്കാരംനേടിയ വിജയവും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടെന്നദ്ദേഹം സ്ഥാപിച്ചു. ഈ അധ:പതനം ഏതുതന്നെ വിപുലമായിരുന്നാലും അതിനെ എതിർക്കുവാനും അതിന്നിടവരുത്തിയ തെറ്റുകളെ തിരുത്തുവാനും അദ്ദേഹം മുന്നോട്ടുവന്നു. അദ്ദേഹം ചോദിച്ചു: "അപ്പോൾ, ജീവിതമെന്നാലെന്താണു്?" സ്വയം മറുപടി പറഞ്ഞു: "അതു വ്യക്തിയുടേതാണു്. ആത്മാവിന്റെ ഏറ്റവും ഉന്നതമായ രൂപം; അതിൽ വ്യക്തി സ്വയം പൂർണ്ണമായ ഒരു കേന്ദ്രമായിത്തീരുന്നു."

ഇക്ബാലിന്റെ അഭിപ്രായത്തിൽ സ്വയം പ്രവർത്തിക്കാൻ ശക്തിയുള്ള അഭേദ്യമായ ഒരു പ്രകൃതിയായാണ് സൃഷ്ടിയുടെയെല്ലാം സമുത്ഭവസ്ഥാനം. പ്രവർത്തിക്കാനുള്ള ശക്തികളെ പ്രവർത്തിപ്പിയ്ക്കാൻവേണ്ടി ഈ പ്രകൃതി വ്യക്തിയായും ആദർശമായും തരംതിരിയുന്നു. ഈ അവ്യക്തമായ ആദർശം വ്യക്തിക്കു ഒരു കണ്ണാടിയായും ഒരു ലക്ഷ്യമായും പ്രവർത്തിക്കുന്നു. ഈ പ്രവർത്തനത്തിൽനിന്നു വ്യക്തിത്വം വളർന്നുവരുന്നു. ഓരോന്നിനും ഓരോ വ്യക്തിത്വമുണ്ട്. ജീവിതത്തിൽ ഓരോന്നിന്റേയും സ്ഥാനം അതിന്റെ വ്യക്തിത്വം എത്രകണ്ടു വളർന്നിട്ടുണ്ട്, പരിതഃസ്ഥിതികളുടെമേൽ സ്വന്തം സ്വാധീനശക്തി ചെലുത്തുന്നുണ്ട് എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു. വ്യക്തിത്വം മനുഷ്യനിലാണ് ഏറ്റവും അധികം അഭിവൃദ്ധിപ്രാപിക്കുന്നതു്. അങ്ങിനെ അതു പൌരുഷം അഥവാ മനുഷ്യത്വമായി മാറുന്നു. "ഭൌതികമായും ആത്മീയമായും മനുഷ്യൻ അവനവനെത്തന്നെ അവലംബിക്കുവാൻ കഴിവുള്ളവനാണെങ്കിലും മനുഷ്യൻ പരിപൂർണ്ണനല്ല. ഈശ്വരനോടു് അവൻ എത്രകണ്ടു് അകന്നാണോ, അവന്റെ വ്യക്തിത്വവും അത്രകണ്ടു് കുറവാണു്. നേരെമറിച്ചു്, ഈശ്വരനു എത്രകണ്ടു അവൻ അടുക്കുന്നുവോ, അവൻ അത്രകണ്ടു് പൂർണ്ണതയിലേയ്ക്കുയരുന്നു. ഒടുവിൽ അവൻ ഈശ്വരനിൽ ലയിക്കുമെന്നല്ല ഇതിന്റെ അർത്ഥം പ്രത്യുത, അവൻ ഈശ്വരനെ തന്നിൽ ലയിപ്പിക്കുന്നു, യഥാർത്ഥ മനുഷ്യൻ, പരിപൂർണ്ണ മനുഷ്യൻ ലോകത്തിലെ മറ്റെല്ലാറ്റിനേയും എന്നപോ

ലെ ഈശ്വരനേയും അവനവനിൽത്തന്നെ ലയിപ്പിക്കുവാൻ കഴിവുള്ളവനാകുന്നു. ജീവിതംതന്നെ ഇങ്ങിനെ അവനവനിൽ ശക്തിയെ ലയിപ്പിക്കലാണു്. അങ്ങിനെ ലയിപ്പിക്കുന്നതിലിടയ്ക്കുണ്ടാകുന്ന എല്ലാ തടസ്സങ്ങളേയും അതു് തട്ടിനീക്കുന്നു. അതിന്റെ യഥാർത്ഥസ്വഭാവം ആഗ്രഹത്തിന്റേയും ആദർശത്തിന്റേയും തുടർന്നുള്ള ഉൽപാദനമാകുന്നു. അതിന്റെ നിലനില്പിനും വികാസത്തിനുമായി അതു് അതിൽനിന്നുതന്നെ ചില ഉപകരണങ്ങളെ, അതായതു് ബുദ്ധി, ഇന്ദ്രിയങ്ങൾ മുതലായവയെ ഉൽപാദിപ്പിച്ചുവെച്ചിട്ടുണ്ടു്. ഈ തടസ്സങ്ങളെ രൂപാന്തരപ്പെടുത്തി സ്വയം ലയിപ്പിക്കുവാൻ ഈ ഉപകരണങ്ങൾ സഹായിക്കുന്നു. ജീവിതത്തിന്റെ സ്വച്ഛന്ദപുരോഗതിക്കു പ്രധാനതടസ്സമായിനില്ക്കുന്നതു് പ്രകൃതിയിലെ വസ്തുക്കളാണു്. എന്നാൽ പ്രകൃതി ദുഷ്ടമല്ല; വ്യക്തിയുടെ ആന്തരശക്തികളെ ഉണർത്തുവാനും അഭിവൃദ്ധിപ്പെടുത്തുവാനും അതു സഹായിക്കുന്നു. വ്യക്തിത്വം (ആത്മാവു്) അതിന്റെ മുമ്പിലുള്ള എല്ലാ തടസ്സങ്ങളേയും തട്ടിനീക്കിക്കഴിഞ്ഞാൽ സ്വതന്ത്രമായി. ഏറ്റവും സ്വതന്ത്രമായ വ്യക്തിയുടെ ഏറ്റവും സമീപത്തു, ഈശ്വരസന്നിധിയിൽ, എത്തുമ്പോൾ അതു ഏറ്റവും സ്വതന്ത്രമാകുന്നു."

ഇക്ബാലിന്റെ അഭിപ്രായത്തിൽ ആത്മാവിന്റെ (വ്യക്തിത്വത്തിന്റെ) സ്വഭാവവിശേഷങ്ങൾ ഇവയാകുന്നു:

1. ദേഹത്തെപ്പോലെ സ്ഥലത്തിന്റെ പരിമിതികൾ അതിനു ബാധകമല്ല.

2. യഥാർത്ഥമായ സമയം അതിന്റേതാണു്; അതിനുമാത്രമേയുള്ളു.

3. അതു രഹസ്യവും അന്യാദൃശവുമാകുന്നു.

"അസ്തിത്വത്തിന്റെ സ്വരൂപം ആത്മാവിന്റെ പ്രവർത്തനഫലമാണു്. നിങ്ങൾ കാണുന്ന ഏതുതും ആത്മാവിന്റെ ഒരു രഹസ്യമാണു്. ആത്മാവു് ഉണർന്നപ്പോൾ ചിന്തയുടെ ലോകം അതു തുറന്നുകാണിച്ചു. അതിന്റെ സത്തയിൽ ഒരു നൂതലോകം മറിഞ്ഞുകിടക്കുന്നുണ്ടു്. ആത്മവിശ്വാസം പരമാത്മാവിനെ വെളിച്ചത്തുകൊണ്ടുവരും.

ആത്മാവിനാൽ ലോകത്തിൽ എതിർപ്പിന്റെ (നിഷേധത്തിന്റെ) വിത്തു വിതയ്ക്കപ്പെട്ടു. അതു അതല്ലെന്നു സ്വയം വിചാരിയ്ക്കുന്നു. അതു അതിൽനിന്നുതന്നെ മറവുള്ളവയുടെ രൂപം നിർമ്മിക്കുന്നു. സമരത്തിന്റെ രസങ്ങളെ ഗുണീഭവിപ്പിക്കുവാൻവേണ്ടിമാത്രം. ലോകത്തിന്റെ മുഴുവൻ ജീവൻ ആത്മാവിന്റെ ശക്തിയിൽനിന്നു വരുന്നതുകൊണ്ടു്, ജീവിതത്തിന്റെ വലിപ്പവും ഈ ശക്തിയ്ക്കനുസരിച്ചാണു്. ഈ ഭ്രമിതന്നെ അതിനെ ആശ്രയിച്ചാണു് നിലക്കൊള്ളുന്നതു്. തടവുകാരനായ ചന്ദ്രൻ അതിനെ പ്രദിക്ഷിണംവെയ്ക്കുന്നു. സൂര്യൻ ഭ്രമിയെക്കാൾ ശക്തനാണു്. അതുകൊണ്ടു് സൂര്യൻ ഭ്രമിയേക്കാൾ ശക്തനാണു്. അതുകൊണ്ടു് സൂര്യന്റെ കണ്ണു ഭ്രമിയെ ആകർഷിക്കുന്നു." (അശ്രാർ-ഇ-ഖ ദി)

ഇക്ബാലിന്റെ അഭിപ്രായപ്രകാരം ജീവിതം സ്വയം ലയിപ്പിച്ചുകൊണ്ടു് മുന്നോട്ടുള്ള ഒരു ചലനമാ

ണു്, പുതിയ ആഗ്രഹങ്ങളും ആദർശങ്ങളും സൃഷ്ടിക്കുന്നതുകൊണ്ടു് എന്നും ഒരു ക്ഷുബ്ധമായ അവസ്ഥ നിലക്കൊള്ളുന്നു; "മനുഷ്യത്വംതന്നെ ആ ക്ഷുബ്ധമായ അവസ്ഥയാണു്"; ആ അവസ്ഥ തുടർന്നുപോയാൽ മാത്രമേ മനുഷ്യത്വത്തിനു തുടർന്നുപോകാൻ കഴികയുള്ളു. ആ അവസ്ഥ നിലനിർത്തുന്നില്ലെങ്കിൽ എല്ലാം ശിഥിലമായിപ്പോകും. ഈ മനുഷ്യത്വം അഥവാ ക്ഷുബ്ധമായ അവസ്ഥ മനുഷ്യന്റെ അസാധാരണങ്ങളായ നേട്ടങ്ങളിൽ ഏറ്റവും വിലപ്പെട്ടതാണു്; ശിഥിലാവസ്ഥയിലേയ്ക്കു വീഴാതെ അവൻ സൂക്ഷിക്കണം. മനുഷ്യന്റെ ക്ഷുബ്ധമായ, ചലനാത്മകമായ അവസ്ഥ നിലനിർത്തുന്ന ഏതും നമ്മെ അമരത്വത്തിലേയ്ക്കു നയിക്കുന്നു." അങ്ങിനെ മനുഷ്യന്റെ ആത്മാവിനു (വ്യക്തിത്വം) ജീവിതത്തിൽ രണ്ടു കർത്തവ്യങ്ങളുണ്ടു്. ഒന്നാമതായി പരിതഃസ്ഥിതികളോടു പടവെട്ടി സ്വന്തം ആധിപത്യം ഉറപ്പിക്കണം; രണ്ടാമതായി ഏപ്പോഴും ശിഥിലമല്ലാത്ത അവസ്ഥ നിലനിറുത്തണം. ആദ്യത്തേതുകൊണ്ടു് ആത്മാവു് ഇപ്രപഞ്ചസന്നിധിയിലേയ്ക്കു നീങ്ങി പരിപൂർണ്ണത പ്രാപിക്കുന്നു; രണ്ടാമത്തേതുകൊണ്ടു് അവൻ അമരത്വത്തിലേയ്ക്കു നീങ്ങുന്നു. അങ്ങിനെ സ്വാതന്ത്ര്യവും അമരത്വവും സമ്പാദിയ്ക്കുന്നതുകൊണ്ടു് ഒരേസമയത്തു സ്ഥലകാലങ്ങൾക്കു് അതു് അതീതമായിത്തീരുന്നു.

അങ്ങിനെ സ്വാതന്ത്ര്യവും അമരത്വവും നേടുന്നതിനുപുറമെ ആത്മാവിനു മറെറാരു കർത്തവ്യമുണ്ടു്, ഒരു ഉയർന്തരത്തിലുള്ള മനുഷ്യനെ—ഒരതീതമനുഷ്യനെ—

സൃഷ്ടിച്ച മനുഷ്യതത്വത്തിന്റെ ഉയർച്ചയെ സഹായിയ്ക്കൽ. ഈ അതീതമനുഷ്യൻ, അഥവാ പരിപൂർണ്ണമനുഷ്യൻ ആണു് എല്ലാ ജീവന്റേയും ജീവിതത്തിന്റേയും ആദർശം.

ഇക്ബാലിന്റെ തത്വശാസ്ത്രത്തിന്റെ രത്നച്ചുരുക്കമിതാണു്. മനുഷ്യന്റെ പരിണാമത്തിൽ ഉറച്ച വിശ്വാസമുള്ള ഒരു തത്വശാസ്ത്രമാണതു്—മനുഷ്യൻ മൂന്നു വഴിയ്ക്കു വളരുന്നു; സ്വാതന്ത്ര്യം, അമരത്വം, അതീത (പരിപൂർണ്ണ) മനുഷ്യത്വം എന്നീ മൂന്നു വ്യത്യസ്തങ്ങളും എന്നാൽ പരസ്പരം ബന്ധപ്പെട്ടവയുമായ സ്ഥിതികളിലേയ്ക്കു വളരുന്നു. എന്നാൽ എങ്ങിനെയാണു് ഈ മൂന്നു് അവസ്ഥകളിലേയ്ക്കു വളരുന്നതു്; എങ്ങിനെയാണീ പരിണാമം സാദ്ധ്യമാകുന്നതു്? മനുഷ്യത്വത്തിനെ ശക്തിപ്പെടുത്തിയിട്ടു്. മനുഷ്യത്വത്തെ ശക്തിപ്പെടുത്താൻ സഹായിക്കുന്ന എല്ലാറിനേയും മനുഷ്യൻ അനുസരിക്കണം; മനുഷ്യത്വത്തെ ദുർബ്ബലമാക്കുന്ന എന്തിനേയും എതിർക്കുകയും ബഹിഷ്കരിക്കുകയും ചെയ്യണം. അങ്ങിനെ, മനുഷ്യത്വത്തെക്കുറിച്ചുള്ള ഈ ആശയം നമുക്കു് ഒരു മാനദണ്ഡം തരുന്നു—നന്മതിന്മകളെ അളന്നുനോക്കുവാൻ. മനുഷ്യത്വത്തെ ശക്തിപ്പെടുത്തുന്നതെല്ലാം നന്നു്; ദുർബ്ബലമാക്കുന്നതെല്ലാം ചീത്ത. കല, മതം, സാന്മാർഗ്ഗികനിയമസംഹിത—ഇവയെല്ലാംതന്നെ മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിൽനിന്നു നല്ലതോ ചീത്തയോ എന്നു നിർണ്ണയിക്കണം. അതുകൊണ്ടു മനുഷ്യന്റെ വ്യക്തിത്വത്തെ (ആത്മാവിനെ) ബലപ്പെടുത്തുന്ന ഏ

ടകങ്ങളേയും ശക്തികളേയുംകുറിച്ചു പഠിക്കുന്നതു മനുഷ്യന്റെ പരിണാമത്തിൽ എത്രയും പ്രധാനമായ ഒരു പങ്കിനേയാണു് വഹിക്കുന്നതെന്നു വ്യക്തമാകുന്നുണ്ടല്ലോ. ഇക്ബാലിന്റെ അഭിപ്രായത്തിൽ അവ താഴെ കൊടുക്കുംപ്രകാരമാണു്.

1. സ്നേഹം.
2. ത്യാഗം (ഫക്ക്റ്)
3. ധൈര്യം
4. സഹിഷ്ണുത
5. ന്യായമായ നേട്ടത്തിന്മേൽ ജീവിതം
6. മൌലികമായി സൃഷ്ടിപരമായ പ്രവൃത്തിയിൽ പങ്കെടുക്കൽ.

1. സ്നേഹം—വ്യക്തിപരമായ സുഖത്തെമാത്രം കൊണ്ടുവരികമാത്രമല്ല, ലോകത്തിന്റെ പുനരുദ്ധാരണത്തിനുള്ള ചൈതന്യമാണു് സ്നേഹം. മനുഷ്യന്റെ എല്ലാ ബുദ്ധിമുട്ടുകളുടെ കെട്ടുപാടുകളും അതു വെട്ടിമുറിക്കുന്നു; സുന്ദരമായ വസ്തുക്കളും ചിന്തകളും അതു ആവിഷ്കരിപ്പിക്കുന്നു. എല്ലാ ഉർജ്ജനങ്ങൾക്കും അതു് ഏറ്റവും ഫലപ്രദമായ മരമരുന്നാണു്. സ്നേഹം എന്നുവെച്ചാൽ സ്നേഹിക്കപ്പെടുന്ന ആളുടെ നല്ല ഗുണങ്ങളും ആത്മാവിലേയ്ക്കു ആവാഹിച്ചു അതിൽ ലയിപ്പിയ്ക്കലാണു്. ഇക്ബാൽ സ്നേഹം എന്ന പദം കുറെ വിപുലമായ ഒരർത്ഥത്തിലാണു് ഉപയോഗിക്കുന്നതു്. ആവാഹിച്ചു ലയിപ്പിക്കുക എന്ന അർത്ഥത്തിലാണു് അദ്ദേഹം ആ വാക്കുപയോഗിക്കുന്നതു്. സ്നേഹം സ്നേഹിക്കുന്നവനേയും സ്നേഹി

ക്കപ്പെടുന്ന ആളേയും വേറെ വേറെ വ്യക്തികളാക്കുന്നു. പരസ്പര സദ്ഗുണങ്ങളെ ആവാഹിച്ചു ലയിപ്പിക്കുന്നതു കൊണ്ടു് രണ്ടുപേരുടേയും ആത്മാവിനു വളർച്ചകിട്ടുന്നു. എന്നുതന്നെയല്ല പരസ്പരം അധികം അർഹരാകുവാൻ വേണ്ടി സ്നേഹിക്കുന്ന ആളും സ്നേഹിക്കപ്പെടുന്ന ആളും അധികമധികം സദ്ഗുണങ്ങളെ ആകർഷിച്ചു സ്വയം ലയിപ്പിക്കുന്നതുകൊണ്ടു് ആത്മാവിന്റെ പരിപൂർണ്ണതയിലേയ്ക്കുള്ള പ്രയാണത്തിൽ ആ സ്നേഹം വളരെ സഹായകമായിപ്പരണമിക്കുന്നു. അദ്ദേഹം പറയുന്നു:

"ആത്മാവെന്നുപറയുന്ന ആ പ്രകാശമുള്ള ബിന്ദു വുണ്ടല്ലോ, അതാണു് നമ്മുടെ മണ്ണിന്റെ അടിയിലുള്ള ജീവച്ചൈതന്യം.

സ്നേഹംകൊണ്ടതു് ശക്തിപ്പെടുന്നു; അധികം നിലനില്ക്കുന്നതും, ക്രൂരതൽ ജീവനുള്ളതും, ക്രൂരതൽ ദാഹകശക്തിയുള്ളതും, ക്രൂരതൽ പ്രഭയുള്ളതും ആയി ഒരുപിടി മണ്ണിനെ അതു സ്വർണ്ണമായി മാറ്റുന്നു. ഒരു പരിപൂർണ്ണ മനുഷ്യന്റെ വീടിന്റെ ഉമ്മറപ്പടി ചുംബിപ്പിക്കുന്നു. സ്നേഹത്തിന്റെ മാദകലഹരിയിൽനിന്നു വളരെ ആത്മീയഗുണങ്ങളും ഉയർന്നുവരുന്നു;

സ്നേഹത്തിന്റെ സ്വഭാവങ്ങളിൽ ഒന്നു കണ്ണുമൂടിയ ഭക്തിയാണു്. സ്നേഹഭാജനത്തോടു് അചഞ്ചലമായ ഭക്തിയുള്ള ഒരു പ്രേമിയായിരിക്കുക. നിങ്ങളുടെ വലയെറിഞ്ഞു് നിങ്ങൾക്കു് ഈശ്വരനെപ്പിടിയ്ക്കാൻ കഴിയും."

എല്ലാ ഭാഷയിലും, എല്ലാ രാജ്യങ്ങളിലും കവിക

ളും ശ്രദ്ധാത്മവാദികളും സ്നേഹത്തിന്റെ മാഹാത്മ്യത്തെ പാടിപ്പുകഴ്ത്തിയിട്ടുണ്ടെങ്കിലും അവരാരെങ്കിലും ഇക്ബാലിനെപ്പോലെ ആത്മാവിന്റെ വളർച്ചയ്ക്കു ആവശ്യമായ ആദ്യത്തെ ഘടകമായി അതിനെ സ്വീകരിച്ചിട്ടുണ്ടോ എന്നു സംശയമാണു; എന്നാൽ, അദ്ദേഹം സ്നേഹത്തിനു നൽകിയിരിക്കുന്ന നിർവ്വചനവും അതുകൊണ്ടു സുവിസ്തൃതമാണു്.

2. ത്യാഗം (ഫക്കീർ)—അദ്ദേഹം ഫക്കീർ എന്ന വാക്കുകൊണ്ടു നിർദ്ദേശിക്കുന്നതു ത്യാഗം എന്ന വാക്കുകൊണ്ടു നിർദ്ദേശിയ്ക്കാൻ കഴിയുമോ എന്നു സംശയമാണു്. ഐഹികവും പാരത്രികവുമായ എല്ലാ പ്രതിഫലങ്ങളോടും അവജ്ഞ, തികഞ്ഞ അശ്രദ്ധ എന്നാണു് ഈ വാക്കിന്റെ അർത്ഥം. അർഹങ്ങളായ ലക്ഷ്യങ്ങളിലേയ്ക്കു, അതിന്റെ ഫലമോ പ്രതിഫലമോ ഒന്നും നോക്കാതെ നീങ്ങുന്ന പ്രവൃത്തികളം ചെയ്യുന്നവനാണു് ഒരു ഫക്കീർ. ആ വാക്കു് ഇന്നു ഹിന്ദുസ്ഥാനിൽ ഒരു ഭിക്ഷക്കാരൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. സന്യാസി എന്ന പദത്തിനും ഏതാണ്ടിങ്ങനെ ഒരു പാതിത്യം സംഭവിച്ചിട്ടുണ്ടല്ലോ. ഭൌതികമായ എല്ലാറ്റിൽനിന്നും ഒറപ്പെട്ട അതിനെല്ലാം ഉപരിയായി നില്ക്കുകയെന്നാണു് ഇക്ബാൽ ഈ വാക്കുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. അങ്ങിനെ ലോകത്തിലെ പ്രലോഭനങ്ങൾക്കെതിരായി ശക്തിയേറിയ ഒരു പടച്ചട്ടയാണതു്. ഒരു യഥാർത്ഥഫക്കീർ ഉദ്ദേശംവെച്ചു ഒന്നിനും ശ്രമിയ്ക്കുകയില്ല. അദ്ദേഹം പറയുന്നു:

സ്വാഭിമാനമുള്ള ഫക്കീറേ, അങ്ങയുടെ അവസരം അടുത്തുവരുന്നുണ്ട്";

സ്വർണ്ണത്തിനും വെള്ളിയ്ക്കുമുള്ള അത്യാഗ്രഹം പാശ്ചാത്യരാജ്യങ്ങളുടെ ആത്മാവിനെ നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു.

പിന്നേയും, 5-280

ഒരു യഥാർത്ഥവിശ്വാസിയുടെ ത്യാഗമെന്താണു്? ദീക്കാലങ്ങളെ അതിവർത്തിയ്ക്കൽ, അതു ഒരടിമയ്ക്കു അതിന്റെ യജമാനന്റെ ഗുണങ്ങളെ കൊടുക്കുന്നു.

3. ധൈര്യം—ശാരീരികവും സന്മാർഗ്ഗികവും ആയ ധൈര്യമില്ലാത്ത ഒരാൾക്കും ലോകത്തിൽ കായ്മായൊന്നും നേടുവാൻ സാധ്യമല്ല. പുരോഗതി പ്രതിബന്ധങ്ങളെ എതിരിട്ടു ജയിയ്ക്കുന്നതിലും, ആ സമരത്തിൽ നമ്മിലുള്ള ഏറ്റവും നല്ല ഗുണങ്ങളെ പ്രദർശിപ്പിക്കുന്നതിലുമാണു് സ്ഥിതിചെയ്യുന്നതു്. പ്രതിബന്ധങ്ങൾക്കു മുമ്പിൽ തല കുനിച്ചു പിൻമടങ്ങുന്നവർ ദുർബ്ബലരാണു്; ധീരന്മാർക്കു് പ്രതിബന്ധങ്ങൾ അവരുടെ സ്വഭാവത്തെ ദൃഢീകരിക്കുവാനും അവരുടെ ഏറ്റവും നല്ല വശങ്ങളെ പുറത്തുകൊണ്ടുവരുവാനുമാണു് ഉപകരിയ്ക്കുന്നതു്. ധീരനെ തുളച്ചു ചീന്തി മുറിപ്പെടുത്തുക; അവന്റെ ലക്ഷ്യത്തെ പ്രാപിയ്ക്കുവാൻ അവൻ എടുത്തിട്ടുള്ള ദൃഢനിശ്ചയത്തെ ഭയത്തിനുമീതെ വിജയം കിട്ടുമെന്നുള്ള നിശ്ചയത്തെ അതു ദൃഢീകരിക്കുമെന്നുമാത്രം. തളർച്ചയില്ല; ഉഷ്ണതയ്ക്കു വഴങ്ങലില്ല; അവനവന്റെ വിശ്വാസത്തിനല്ലാതെ മറെറാന്നിനും വകവെച്ചുകൊടുക്കലില്ല. ധീര

ന്റെനേരെ ശക്തി (ക്രൂരമായ മൃഗീയശക്തി) പ്രയോഗിച്ചിട്ടു യാതൊരു ഫലവുമില്ല.

ഇക്ബാൽ പറയുന്നു:

സ്നേഹം എല്ലാ സംശയങ്ങളേയും ദഹിപ്പിക്കട്ടെ.
സത്യത്തിനു മാത്രം കീഴടങ്ങുക;
അതു നിങ്ങളെ ഒരു സിംഹമാക്കും."

ജീവിതത്തിലെ വിജയം ആചല്പരമായി ജീവിക്കുന്നതിലാണു്; നിയമാനുസൃതമായ അവകാശങ്ങൾ അനുഭവിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന എല്ലാ ശക്തികളേയും പുല്ലുപോലെ തള്ളിക്കളയുന്നതിലാണു്.

"ധീരന്മാക്കുള്ള നിയമസംഹിത
സത്യവും നിർഭയത്വവുമാണു്.
ഈശ്വരന്റെ സിംഹങ്ങൾക്കു്
കുക്കന്റെ സൂത്രങ്ങൾ അറിഞ്ഞുകൂടാ"

ധൈര്യം എന്നാൽ ആപത്തുകളെ എതിരിടുമ്പോൾമാത്രം കാണുന്ന ഒരു ഗുണമല്ല. കാര്യങ്ങൾ തകരാറായി, ജനങ്ങൾ അവനവന്റെ ആദർശങ്ങളെ അധിക്ഷേപിയ്ക്കുമ്പോഴും സ്വന്തം ജീവിതമാനദണ്ഡങ്ങളിൽ വിശ്വാസം നഷ്ടപ്പെടാതിരിക്കുന്നതു അതിലും വലിയ ധൈര്യമാണു്. സ്വന്തം സ്നേഹിതന്മാരും ശത്രുക്കളും തെറ്റിദ്ധരിച്ചു് അധിക്ഷേപിക്കുമ്പോൾ ശാന്തമായിരിക്കുന്ന ധീരതയാണതിലും മഹത്തായിട്ടുള്ളതു്. ദുർഘടം പിടിച്ച ഈ കാലഘട്ടത്തിൽ ധൈര്യം മനുഷ്യന്റെ ജീവിതത്തിന്റെ നങ്കൂരമാണു്; മറ്റു ഗുണങ്ങൾ ചുറ്റിത്തിരിയുന്ന കേന്ദ്രമാണു്.

4. സഹിഷ്ണുത—മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കും സ്വഭാവവിശേഷങ്ങൾക്കും വകവെച്ചുകൊടുക്കുന്ന സഹിഷ്ണുത വളരെ സമുന്നതമായ തോതിലുള്ള ഒരു ശക്തിയെയാണു് കാണിക്കുന്നതു്; അതു വളർത്തിക്കൊണ്ടുവരുന്നതു ഏതു മനുഷ്യസമുദായത്തിന്നും നല്ലതിന്നായേ ഭവിയ്ക്കൂ. ഒരു സമൂഹത്തിലെ ഓരോ വ്യക്തിക്കും പരിപൂർണ്ണതയിലേക്കു വളരേണ്ടതായിരിക്കെ, സഹിഷ്ണുതയില്ലെങ്കിൽ നിരന്തരമായ കലഹവും കലാപവുമായിരിക്കും ഫലം. "ആത്മാവിനെ ശക്തിപ്പെടുത്തുന്ന പ്രവർത്തനത്തിന്റെ മൌലികതത്വം എന്നിലുള്ള ആത്മാവിനെയെന്നപോലെ മറ്റുള്ളവരിലുള്ള ആത്മാവിനേയും മാനിക്കുന്നതിലാണു് കിടക്കുന്നതു്." അങ്ങിനെ സഹിഷ്ണുത ആത്മാവിനെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. സഹിഷ്ണുത ദൌർബ്ബല്യത്തിൽനിന്നല്ല ബലത്തിൽനിന്നാണുളവാകുന്നതു്. ഇക്ബാൽ പറയുന്നു:

"ഒരു ക്രീസ്തവാക്കു പറയുന്നതുപോലും തെറ്റാണു്.

അവിശ്വാസിയും വിശ്വാസിയും ഈശ്വരന്റെ മക്കളാണു്.

മനുഷ്യത്വം മനുഷ്യനെ മാനിക്കുന്നതിലാണു് കിടക്കുന്നതു്.

അതുകൊണ്ടു മനുഷ്യന്റെ അന്തസ്സുമായി ഇടപഴകുക.

സ്നേഹിക്കുന്ന മനുഷ്യൻ ഈശ്വരനിൽ നിന്നു നി

ർത്തേശം സ്വീകരിച്ചു് അവിശ്വാസിയേയും വിശ്വാസിയേയും ഒരുപോലെ സ്നേഹിക്കണം."

5. ന്യായമായ നേട്ടത്തിന്മേലുള്ള ജീവിതം: മനുഷ്യപ്രയത്നത്തിന്റെ എല്ലാ തുറകളിലും ഉപയോഗിക്കേണ്ട ഒരു തത്വമാണു് ന്യായമായ നേട്ടത്തിന്മേൽമാത്രം ജീവിക്കണമെന്നുള്ള തത്വം. 'ന്യായമായ' എന്ന വാക്കു് നിയമപണ്ഡിതന്മാക്കു് ന്യായീകരിക്കാൻ കഴിയുന്ന അർത്ഥത്തിലല്ല; നേരെമറിച്ചു സ്വന്തം പ്രയത്നംകൊണ്ടു് എന്നുള്ള അർത്ഥത്തിലാണു് പ്രയോഗിച്ചിട്ടുള്ളതു്. ഇതു് മനുഷ്യനെ പ്രവൃത്തിവിമുഖതയിൽനിന്നു പ്രവൃത്തിരംഗത്തിലേയ്ക്കു് പിടിച്ചുവലിക്കുന്ന ഒരു തത്വമാകുന്നു. അവനവൻ പ്രയത്നിക്കാതെ കിട്ടിയ എന്തെങ്കിലും അനുഭവിക്കുന്നതു ആത്മാവിനു ദോഷകരമാണു്; പരമ്പരയായി സ്വത്തു കിട്ടുന്നതുകൂടി അനുഭവിച്ചുകൂടെന്നു ഈ തത്വം നിഷ്കർഷിക്കുന്നു.

"പൂർവ്വികന്മാരുടെ പക്കൽനിന്നു നിങ്ങൾക്കു് ഒരു വൈരക്കല്ലു കിട്ടണമെന്നു മോഹം തോന്നുന്നുവെങ്കിൽ ലജ്ജിയ്ക്കുക. വൈരക്കല്ലു കഴിച്ചെടുക്കുന്നതിൽനിന്നു കിട്ടുന്ന സുഖം നിങ്ങൾക്കു് അതിൽനിന്നു ഒരിക്കലും കിട്ടുകയില്ല."

അതുപോലെത്തന്നെ അദ്ദേഹം ആശയങ്ങളെ കടം വാങ്ങുന്നതും നിഷ്കൃഷ്ടയോടെ അധിക്ഷേപിക്കുന്നു:

"കാണാൻ കഴിയാത്ത ആ അഗ്നിയെ നിങ്ങളുടെ സ്വന്തം മണ്ണിൽനിന്നുൽപ്പാദിപ്പിക്കുക. മറ്റുള്ളവരിൽ

നിന്നു കിട്ടുന്ന വെളിച്ചം സ്വന്തമാക്കാൻ കൊള്ളാവുന്നതല്ല."

6. സൃഷ്ടിപരമായ മൌലികപ്രവർത്തനം: സ്വപ്രയത്നംകൊണ്ടുള്ള നേട്ടംകൊണ്ടു ജീവിക്കണമെന്നു ഇക്ബാൽ നിർബ്ബന്ധിക്കുന്നുവെന്നു നാം കണ്ടുവല്ലോ. ആത്മാവിന്നു ശരിയായ പുരോഗതിയുണ്ടാകണമെങ്കിൽ ആ പ്രവർത്തനം സൃഷ്ടിപരവും മനുഷ്യാവശ്യങ്ങളെ മൌലികമായി സഹായിക്കുന്നതുമായിരിക്കണമെന്നദ്ദേഹം വീണ്ടും ശാസിക്കുന്നു. അനുകരണംകൊണ്ടു ഒന്നും നേടുന്നില്ല. ആത്മാവിനെ ബലപ്പെടുത്തണമെങ്കിൽ സ്വന്തം ചിന്തയിൽനിന്നുദിച്ച പ്രയത്നംതന്നെ ആവശ്യമാണു്. എല്ലാവർക്കും ഒരുപോലെ സൃഷ്ടിപരമായ പ്രവർത്തനംചെയ്യുവാനുള്ള കഴിവുണ്ടെന്നല്ല; സൃഷ്ടിപരമായ പ്രവർത്തനം ആത്മാവിനെ മൃഗീയതയിൽനിന്നു മനുഷ്യത്വത്തിലൂടെ ദിവ്യതയിലേയ്ക്കുയർത്തുന്നു; എന്നുള്ളതാണു് പ്രധാനമായ കാര്യം. സൃഷ്ടിപരമായ ശക്തിയെ ഉപയോഗിക്കാതിരിക്കുകയെന്നതു് മനുഷ്യത്വത്തെ ദുരുപയോഗപ്പെടുത്തലാണു്. സൃഷ്ടിപരമായ പ്രവർത്തനത്തിലെ ജയാപജയങ്ങൾക്കു് യാതൊരു പ്രാധാന്യവുമില്ല; അതു ചെയ്യുവാനുള്ള ശ്രമംതന്നെ ചൈതന്യമുള്ളതും മനുഷ്യത്വത്തിനു മാറ്റുകൂട്ടുന്നതുമാണു്.

അങ്ങിനെ മനുഷ്യത്വത്തെ (പൌരുഷത്തെ) ബലപ്പെടുത്തുവാനുള്ള ശക്തികളെ മനസ്സിലാക്കിയ ശേഷം മനുഷ്യത്വത്തെ ക്ഷീണിപ്പിക്കുന്ന ശക്തികളെക്കുറിച്ചും ആലോചിയ്ക്കേണ്ടതുണ്ടു്. അവ താഴെ കൊടുക്കുന്ന ശക്തികളാണു്.

1. ഭയം.
2. യാചന.
3. അടിമത്തം.
4. പാരമ്പര്യത്തിൽ ദുരഭിമാനം.

ഇവയെക്കുറിച്ച് സംക്ഷിപ്തമായി ഇക്ബാൽ പ്രതിപാദിച്ചിട്ടുണ്ട്.

1. ഭയം: ഭയമാണ്, വിവിധരൂപങ്ങളിൽ .മനുഷ്യവംശത്തിന്റെ ഏറ്റവും ഭയങ്കരനായ ശത്രു. ഭയത്തിന്റെ വിവിധരൂപങ്ങൾ മനസ്സിനെ അലട്ടൽ, കോപം, അസൂയ, അധൈര്യം എന്നിങ്ങനെയാണ്. മനുഷ്യന്റെ വളർച്ചയെ തടയുന്ന ശക്തികളിൽ ഭയം ഒന്നുമാത്രം മറേറതൊരു ശക്തിയേക്കാളും മനുഷ്യന്റെ സുഖത്തെയും പ്രവർത്തനശക്തിയേയും കവർന്ന് എടുത്തു വളരെപ്പേരെ നിരുപയോഗമാക്കി ഭീരുക്കളാക്കി അവരുടെ ജീവിതങ്ങൾ പരാജയമടയുവാൻ കാരണമായിട്ടുണ്ട്. ഭയം മനുഷ്യനിൽ എല്ലാത്തരം അനാരോഗ്യകരങ്ങളും കൃത്രിമങ്ങളുമായ മാനസികപ്രവർത്തനങ്ങൾക്ക് കാരണമാകുന്നു.

> "മാനസികമായ അലട്ടലിന്റെ തടവുമുറിയിലെതടവുകാരാ, പ്രവാചകനിൽനിന്നു "ദുഃഖിയ്ക്കരുതെ"ന്ന പാഠം പഠിയ്ക്കൂ. നീ ഈശ്വരനിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ സമാധാനിയ്ക്കുക. ലാഭചേതങ്ങളെക്കുറിച്ചുള്ള ചിന്ത കളയുക. വിശ്വാസത്തിന്റെ ശക്തി ജീവനെ ബലപ്പെടുത്തുന്നു. തുടർച്ചയായി ജപിക്കണം: "ഭയപ്പെടേണ്ട.

ഈശ്വരനെ ഒഴിച്ച് എന്തിനേയുംകുറിച്ചുള്ള ഭയം പ്രവൃത്തിയുടെ ശത്രുവാണ്. ജീവിതയാത്രയിൽ അതു സ്വത്തു കക്കുന്ന കള്ളനാണ്. പ്രവാചകന്റെ രഹസ്യം മനസ്സിലാക്കിയിട്ടുള്ളവൻ ഭയത്തിൽ അവിശ്വാസം ഒളിച്ചിരിക്കുന്നതായി കാണുന്നു.

2. യാചന: യാചനയെന്ന വാക്കിനു് ഇക്ബാൽ വളരെ വിപുലമായ ഒരർത്ഥമാണു് കൊടുക്കുന്നതു്. മറെറാരാളോടു ചോദിക്കുകയെന്നതുക്രൂടാതെ, സ്വപ്രയത്നംക്രൂടാതെ കിട്ടുന്നതു് എല്ലാംതന്നെ യാചനകൊണ്ടു കിട്ടിയതാണു്. ഒരു ധനികന്റെ മകനു് സ്വത്തു പൈതൃകമായി കിട്ടുമ്പോൾ അതും യാചനയാണു്; മറെറാരാളോടു് ആശയം കടംവാങ്ങുന്നതും യാചനയാണു്.

> യാചനകൊണ്ടു് ദാരിദ്ര്യംതന്നെ ക്രൂടുതൽ അധ:പതിക്കുന്നു. യാചനകൊണ്ടു, യാചകൻതന്നെ ക്രൂടുതൽ ദരിദ്രനാകുന്നു. യാചന ആത്മാവിനെ ഭേദിക്കുന്നു, ആത്മാവിന്റെ പ്രകാശം അപഹരിക്കുന്നു."

ഏററവും ചെറിയ സാധനമോ സേവയോ നൽകുവാൻ പ്രാർത്ഥിക്കുന്നതുപോലും നിഷിദ്ധമാണു്. രണ്ടാമത്തെ ഖലീഫയായ ഹസറത്തു് ഒമർ ഒട്ടകത്തിന്റെ പുറത്തു സവാരിചെയ്യുമ്പോൾ ഒരു ദിവസം ചമ്മട്ടി താഴെ വീണു. മറെറാരാളോടു് എടുത്തുകൊടുക്കാൻ പറയുന്നതുപോലും യാചനയാകകൊണ്ടു് അദ്ദേഹം താഴെ ഇറങ്ങി അതെടുക്കുകയാണുണ്ടായതു്. ഒമറിനെപ്പോലെയാ

യിരിക്കണം; കടപ്പെട്ടവൻ ഇടംകൊടുക്കരുതെന്നു ഇ ക്ബാൽ ഉപദേശിക്കുന്നു.

മറവുള്ളവരെ ചൂഷണംചെയ്തു ജീവിക്കുന്ന എല്ലാവരും യാചകന്മാരാണു്; അവർ ധാരാളിത്തത്തിൽ കിടന്നുരുളുന്നുണ്ടെങ്കിലും അവരുടെ ആത്മാവിന്നു സ്വപ്രയത്നത്തിന്റെ ജീവൻ കൊടുക്കുന്ന സ്പൃശമേല്ക്കുന്നില്ല. പ്രജകളെ ആശ്രയിച്ചു, സ്വന്തം കൈകൊണ്ടു യാതൊരു ജോലിയും ചെയ്യാതെ ജീവിക്കുന്ന രാജാക്കന്മാർപോലും യാചകന്മാരത്രെ. കപ്പം ആവശ്യപ്പെട്ടുന്ന രാജാവും ഭിക്ഷയാചിക്കുന്ന ഇരപ്പാളിയും ഒരേനിലയിലാണു്. സമുദായത്തിൽ വലിയ പേരുകൾവെച്ചു ഞെളിയുന്ന എല്ലാ ഇത്തിക്കണ്ണികളും യാചകന്മാരാണു്.

3. അടിമത്തം: മനുഷ്യൻ സഹജീവികളെ ചൂഷണംചെയ്യാൻ നിർമ്മിച്ചിട്ടുള്ള സമ്പ്രദായങ്ങളിൽ ഏറ്റവും അധഃപതിച്ച സമ്പ്രദായമാണു് അടിമത്തം. അടിമത്തം മനുഷ്യസ്വഭാവത്തെ വികൃതമാക്കുന്നു; മനുഷ്യനെ മൃഗത്തിന്റെ നിലയിലേയ്ക്കു താഴ്ത്തുന്നു. സ്വഭാവേന അതു ആത്മാവിനെ ഉർബ്ബലപ്പെടുത്തുന്ന ഒന്നാണു്. മനുഷ്യാത്മാവിനു വളരണമെങ്കിൽ അടിമത്തം നശിപ്പിച്ചേ തീരൂ. സ്വതന്ത്രമായ ഒരന്തരീക്ഷത്തിലേ യഥാർത്ഥമനുഷ്യർ വളരുകയുള്ളൂ.

"അടിമത്തത്തിൽ ഹൃദയം ദേഹത്തിൽവെച്ചു കൊല്ലപ്പെടുന്നു. അടിമത്തത്തിൽ ആത്മാവു് ദേഹത്തിനു ഒരു ഭാരമായിത്തീരുന്നു. അടിമത്ത

ത്തിൽ സമുദായസംഘടന തകൻ ഛിന്നഭിന്നമാകുന്നു. അംഗങ്ങൾ തമ്മിൽതമ്മിൽ കലഹിക്കുന്നു.

സാധാരണഅത്ഥത്തിലുള്ള അടിമത്തം ഇല്ലായ്മചെയ്യുകഴിഞ്ഞിരിക്കുന്നുവെങ്കിലും സാമ്പത്തികവും രാഷ്ട്രീയവുമായ അടിമത്തവും മനുഷ്യാത്മാവിനെ അധഃപതിപ്പിക്കുന്നു. അവക്രൂടി ഇല്ലാതാക്കിയാൽമാത്രമേ മനുഷ്യസമുദായത്തിനു സാന്മാർഗ്ഗികവും ആത്മീയവുമായ വളർച്ച ഉണ്ടാവുകയുള്ളൂ.

4. പാരമ്പര്യത്തിൽ ദുരഭിമാനം: മനുഷ്യനും മനുഷ്യനും തമ്മിൽ വിഭിന്നതകൾ കണ്ടു, അവരെ വേർതിരിക്കുന്ന തടസ്സങ്ങൾ നിർമ്മിക്കുവാൻ സഹായിക്കുന്നതാകകൊണ്ടു് വംശപാരമ്പര്യത്തിലുള്ള ദുരഭിമാനത്തെ വളർത്തുവാനോ പ്രോത്സാഹിപ്പിക്കുവാനോ പാടുള്ളതല്ല. ഓരോ രാജ്യക്കാരും, വംശക്കാരും, കുടുംബക്കാരും, ജാതിക്കാരും, സമുദായങ്ങളും താൻതാങ്ങളാണു ദൈവത്തിന്നിഷ്ടപ്പെട്ടവർ, ശ്രേഷ്ഠന്മാർ എന്നു് അവകാശപ്പെടുന്നു. ഇതു് നിരർത്ഥകമാണു്. ബാഹ്യമായ കാരണങ്ങളെ അടിസ്ഥാനപ്പെടുത്തി ദുരഭിമാനംകൊള്ളുന്നതു് ആത്മാവിനു നല്ലതല്ല, അതു ആത്മാവിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുന്നു.

പാരമ്പര്യത്തെക്കുറിച്ചു അഭിമാനംകൊള്ളുന്നതു് തെറ്റാണു്; പാരമ്പര്യം ദേഹത്തെ സംബന്ധിക്കുന്നതാണു്. ദേഹം ക്ഷണഭംഗുരമാണു്. നമ്മുടെ സമുദായത്തിന്റെ അടിസ്ഥാനം വേറെയാണു്. അതിന്റെ രഹസ്യം നമ്മുടെ ഹൃദയങ്ങളിലാണു്.

അങ്ങിനെ മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാംതന്നെ ഒന്നിന്റെ രണ്ടു വശങ്ങളാണെന്നു വ്യക്തമാകും. ആത്മാവിനെ ശക്തിപ്പെടുത്തുന്ന സ്വാധീനശക്തികളെ ഒഴിച്ചു നിർത്തുകയും ചെയ്യുന്നതുകൊണ്ടു് ആത്മാവു് ക്രൂരതൽ ക്രൂരതൽ ശക്തമായിത്തീരുന്നു. ഈ പരിണാമത്തിൽ ആത്മാവിനു് മൂന്നു ഘട്ടങ്ങളിൽക്കൂടി കടന്നുപോകേണ്ടിയിരിക്കുന്നു.

1. നിയമത്തിനു വിധേയത്വം.

2. ആത്മസംയനം—ഇതാണു് ഏറ്റവും ഉന്നതമായ ആത്മബോധം.

3. ഈശ്വരപ്രീതിനിധ്യം. (ഖിലാഫത്) എന്നിവയാകുന്നു ആ മൂന്നു ഘട്ടങ്ങൾ.

നിയമത്തിനു വിധേയനായിരിക്കുകയും ആത്മാവിനെ സംയമനത്തിൻകീഴിൽ കൊണ്ടുവരികയും ആത്മാവിനെ ശക്തിപ്പെടുത്തുന്നതിൽ ഒരു വലിയ പങ്കു നിർവ്വഹിക്കുന്നുണ്ടെങ്കിലും ഇക്ബാൽ അവയെ പ്രധാനലക്ഷ്യത്തിലേയ്ക്കുള്ള—അതീതമനുഷ്യത്തിലേയ്ക്കുള്ള അഥവാ പൂർണ്ണമനുഷ്യത്വത്തിലേയ്ക്കുള്ള-യാത്രയിലെ നാഴികക്കല്ലുകളായേ കണക്കാക്കുന്നുള്ളൂ. ശരിയായ അച്ചടക്കത്തിലും രക്ഷയിലും വളർന്നവന്ന ഒരാത്മാവിനു ആദ്യത്തെ ഘട്ടം അറിയാതെത്തന്നെ തരണംചെയ്യുവാൻ സാധിക്കും. അതു എപ്പോഴും നിയമവിധേയമായിരിക്കും; നിയമത്തെ സ്സംബന്ധിച്ചിടത്തോളം അതിനു യാതൊരു പ്രതിബന്ധവുമില്ല. നേരെമറിച്ചു നിയമത്തെ അനുസരിച്ചു മറ്റു പരിത:സ്ഥിതികളും അനുകൂലമായിത്തീർന്നാൽ ആത്മാ

വ് ക്രമേണ രണ്ടാമത്തെ ഘട്ടത്തിൽ പ്രവേശിക്കുകയായി. ആ ഘട്ടം—ആത്മസംയമനം—മൂന്നാമത്തെ ഘട്ടത്തിനു ആത്മാവിനെ തയ്യാറാക്കുന്നു. അതു ഈശ്വര പ്രതിനിധ്യ(ഖിലാഫത്)മാകുന്നു. മൂന്നാമത്തെ ഘട്ടത്തെ ഇക്ബാലിന്റെ വാക്കുകളിൽത്തന്നെ വിവരിക്കുകയായിരിക്കും നല്ലതു്. അദ്ദേഹം പറയുന്നു:

"ആത്മാവ് പരിപൂർണ്ണതയിലെത്തിക്കഴിഞ്ഞാൽ അതു് ഭൂമിയിൽ ഈശ്വരന്റെ പ്രതിനിധിയായി. അതു പരിപൂർണ്ണമായ ആത്മശക്തിയാണു്, മനുഷ്യത്വത്തിന്റെ ലക്ഷ്യം, ദേഹത്തിലും മനസ്സിലും ജീവിതത്തിന്റെ സത്തു്. ആ സ്ഥിതിയിൽ മനുഷ്യന്റെ മാനസികജീവിതത്തിലെ അപശ്രുതികളെല്ലാം സംഗീതമാധുര്യമുള്ളവയായിത്തീരുന്നു. അയാളിൽ ഏറ്റവും അധികം ശക്തി ഏറ്റവും ഉന്നതമായ ജ്ഞാനവുമായി സമ്മേളിച്ചിരിക്കുന്നു. അയാളുടെ ജീവിതത്തിൽ, ചിന്തയും പ്രവൃത്തിയും, യുക്തിയും സ്വഭാവവും, സമഞ്ജസമായി യോജിച്ചിരിക്കുന്നു. മനുഷ്യത്വവൃക്ഷത്തിന്റെ പരമമായ ഫലമാണു് അയാൾ. വേദനയോടുകൂടിയ ഒരു പരിണാമത്തിന്റെ എല്ലാ ബുദ്ധിമുട്ടുകളും അയാൾ ഒടുവിൽ ആവിർഭവിക്കുന്നതുകൊണ്ടുമാത്രം ന്യായീകരിക്കപ്പെടുന്നു. അയാളാണു് മനുഷ്യധർമ്മശാസ്ത്രത്തിന്റെ യഥാർത്ഥഭരണകർത്താവ്, അദ്ദേഹത്തിന്റെ രാജ്യം ഭൂമിയിൽ ഈശ്വരന്റെ രാജ്യം സ്ഥാപിക്കപ്പെട്ടതാണു്.

ഈ വിഷയത്തെ പുരസ്കരിച്ചു അദ്ദേഹം എഴുതിയ ഒരു കവിതയിതാ:

"വിധിയെ സവാരിചെയ്യുന്നവനേ, ആവിർഭവിയ്ക്കൂ,
പരിണാമത്തിന്റെ ഇരുണ്ടരാജ്യത്തിലെ
വെളിച്ചമേ ആവിർഭവിക്കൂ.
രാഷ്ട്രങ്ങളുടെ ശബ്ദത്തെ നിശ്ശബ്ദമാക്കൂ.
അങ്ങയുടെ സംഗീതംകൊണ്ടു് ഞങ്ങളുടെ ചെ-
വികളെ സചേതനമാക്കൂ.
ഉദിയ്ക്കൂ, സഹോദര്യത്തിന്റെ വീണമീട്ടിയാലും
സ്നേഹമാകുന്ന മധുവിന്റെ പാത്രം ഞങ്ങൾക്കു്
തിരികെ തരൂ.
ലോകത്തിൽ ഒരിക്കൽക്കൂടി സമാധാനത്തിന്റെ
ദിനങ്ങൾ കൊണ്ടുവരൂ.
യുദ്ധം കൊതിക്കുന്നവർക്കു് സമാധാനത്തിന്റെ
ഒരു സന്ദേശം നൽകൂ
മനുഷ്യസമുദായം വയലും അങ്ങു വിളയുമാണു്.
ജീവിതയാത്രയുടെ ലക്ഷ്യം അങ്ങാണു്.

വ്യക്തിയുടെ ആത്മാവിന്റെ വളർച്ചയ്ക്കുള്ള നിയമങ്ങൾ നിശ്ചയിച്ചതോടൊപ്പം, വ്യക്തിയ്ക്കു മറ്റു വ്യക്തികളോടൊന്നിച്ചു വളരുവാൻ കഴിയുകയുള്ളുവെന്ന തത്ത്വം ഉന്നിപ്പറഞ്ഞു. പരിപൂർണ്ണമനുഷ്യനതന്നെയും മറ്റുള്ളവരോടു സഹകരിച്ചുമാത്രമേ പ്രവർത്തിയ്ക്കുവാൻ കഴിയുകയുള്ളൂ; അങ്ങിനെമാത്രമേ ഭൂമിയിൽ ഈശ്വരന്റെ രാജ്യം സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. അയാൾ ഏതൊരു സമുദായത്തിന്റെ ഭാഗമാണോ, ഏതൊരു സമൂഹത്തിലെ അംഗമാണോ അതിൽനിന്നു വ്യത്യാസപ്പെട്ടു ഒറ്റപ്പെട്ടു ജീവിക്കുവാൻ അയാൾക്കു സാധ്യമല്ല.

യഥാർത്ഥത്തിൽ, ഈ സമൂഹത്തിന്റെ താല്പര്യങ്ങൾക്ക നുസരിച്ചുള്ള ജീവിതം പരിപൂർണ്ണമനുഷ്യനതന്നെ ഗുണ കരമാണു്. സ്വന്തം കഴിവുകളെ ഏറ്റവും അധികം ഫ ലപ്രദമായി ആവിഷ്കരിക്കുവാൻ സമൂഹത്തിന്റെ ആ വശ്യവുമായി ഏകതാനം തോന്നാതിരുന്നാൽ സാധ്യമല്ല. അപ്പോൾ ആത്മാവിനെ വഹിക്കുന്ന ദേഹത്തിനു സമുദായത്തിൽ ജീവിച്ചുപ്രവർത്തിക്കണം. ഏറ്റവും സ്വ തന്ത്രമായി ആത്മാവിനു വളരുവാനും ഏറ്റവും അധി കം ആത്മാവിനു വികസിക്കുവാനും സൌകര്യംനൽകുന്ന സമുദായത്തിന്റെ സ്വഭാവവിശേഷങ്ങൾ എന്തെല്ലാമെ ന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിനുമുമ്പു സമൂഹവും വ്യക്തിയും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവങ്ങളെക്കു റിച്ചു ആലോചിക്കണം. കാരണം, ചിലർ വ്യക്തിയുടെ വളർച്ചമാത്രമാണു് വ്യക്തിയുടേയും സമൂഹത്തിന്റേയും നിലനില്പിന്റെതന്നെ ഉദ്ദേശം എന്നു വാദിയ്ക്കുമ്പോൾ മറ്റു ചിലർ സമുദായത്തിന്റെ അഥവാ രാഷ്ട്രത്തിന്റെ നിലനിൽപ്പുമാത്രമാണു് പ്രധാനമായിട്ടുള്ളതു്. വ്യക്തി യുടെ താല്പര്യങ്ങൾക്കു് യാതൊരു പ്രാധാന്യവുമില്ലെന്നു വാദിക്കുന്നു. ഈ രണ്ടു് അത്യന്തികവാദങ്ങൾക്കിടയിൽ ഒരു മദ്ധ്യസ്ഥനിലപാടാണു് ഇക്ബാൽ അംഗീകരിക്കു ന്നതു്. വ്യക്തിയുടെ ആത്മസത്തയ്ക്കു വളരണമെങ്കിൽ സമൂഹത്തിൽനിന്നു പോഷകാംശം വലിച്ചെടുക്കാതെ നിവൃത്തിയില്ല. നേരെമറിച്ചു, സമൂഹം വ്യക്തിയോടു ചെയ്യേണ്ടതായിട്ടുള്ള ഒരു ധർമ്മമുണ്ടു്; അതിന്റെ ആത്മ സത്തയുടെ വളർച്ചയ്ക്കു തടസ്സമായി നില്ക്കാതിരിക്കുക.

സമൂഹത്തിന്റെ ജീവിതത്തിന്റെ സ്വഭാവം വ്യക്തിയുടെ ജീവിതത്തിന്റെ ഒരു വലിയ പതിപ്പാണ്. വ്യക്തിയുടേയും സമൂഹത്തിന്റേയും ജീവിതങ്ങൾ തികച്ചും അച്ചടക്കത്തോടുകൂടിയതായിരിയ്ക്കണം; അല്ലെങ്കിൽ ജീവിതം ഒരു കശപിശയായിരിക്കും.

ഇക്ബാൽ പറയുന്നു:

"വ്യക്തിയ്ക്കു സമൂഹത്തോടു ബന്ധം ഒരനുഗ്രഹമാണ്. അയാളുടെ മൂല്യം സമൂഹത്തിൽനിന്നു പരിപൂർണ്ണത പ്രാപിക്കുന്നു. ഒരു വ്യക്തി സമുദായവുമായി ഏകഭാവം പ്രാപിക്കുമ്പോൾ ബിന്ദു വളരുവാൻ ശ്രമിച്ചു ഒരു സമുദ്രമായിത്തീരുന്നു. ഒറ്റപ്പെട്ട വ്യക്തിക്കു ലക്ഷ്യങ്ങളെക്കുറിച്ചു ബോധമില്ല. അവന്റെ ശക്തി ക്രമേണ ക്ഷയിച്ചെയ്യും."

ഒരു ആദർശസമുദായത്തിനുള്ള എട്ടു ലക്ഷണങ്ങൾ അദ്ദേഹം പറഞ്ഞുവെച്ചിട്ടുണ്ട്.

1. അതു ആത്മീയതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയതായിരിക്കണം.

2. അതു പ്രവാചകന്റെ നേതൃത്വത്തിലുള്ളതായിരിക്കണം.

3. അതിന്റെ നടത്തിപ്പിനു ഒരു നിയമസംഹിതയുണ്ടായിരിക്കണം.

4. അതിനൊരു കേന്ദ്രം വേണം.

5. അതിനു ഒരു വ്യക്തമായ ലക്ഷ്യംവേണം; സമൂഹം ആ ലക്ഷ്യപ്രാപ്തിയ്ക്കു ഒരുമിച്ചുപ്രവർത്തിപ്പിയ്ക്കണം.

6. പ്രകൃതിശക്തികളെ അതു കീഴടക്കണം.

7. വ്യക്തിയുടെ ആത്മാവെന്നപോലെ സമൂഹത്തിന്റെ ആത്മാവും അഭിവൃദ്ധിപ്പെട്ടുതിക്കൊണ്ടിരിക്കണം.

8. മാതൃത്വത്തിനെ അതു പരിപാലിയ്ക്കണം.

ഇവയോരോന്നും ഒന്നൊട്ടുത്തു ആലോചിച്ചുനോക്കാം.

1. ആത്മീയതത്വത്തിൽ വിശ്വാസം: ആത്മീയതത്വമെന്നുവെച്ചാൽ ഒരു ഈശ്വരനിലുള്ള, ഒരേ ശക്തിയിലുള്ള വിശ്വാസംപോലെയുള്ള ഒരു പൊതുവായ അടിസ്ഥാനമെന്നർത്ഥം. മനുഷ്യന്റെ സ്വഭാവമായ സാഹോദര്യംമറന്നു പ്രവർത്തിക്കുന്ന ഏതൊരു സമൂഹവും പരാജയമടയാതെ തരമില്ല. വർണ്ണം, ജാതി, ഭൂമിശാസ്ത്രം മുതലായവയെ അടിസ്ഥാനപ്പെടുത്തി പണിചെയ്യുന്ന സാമൂഹ്യവ്യവസ്ഥയുടെ അടിസ്ഥാനങ്ങൾ ദുർബ്ബലങ്ങളാണു്. സമുദായവ്യവസ്ഥയുടെ അടിസ്ഥാനം ആത്മീയമായിരിക്കണം. ഇതിനുള്ള പ്രചോദനം ഒരേ ഒരു ഈശ്വരനിലുള്ള വിശ്വാസംകൊണ്ടു മനുഷ്യനു സൃഷ്ടിക്കുവാൻകഴിയും. സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും, ചിന്തയ്ക്കും പ്രവൃത്തിയ്ക്കും ഏകരൂപം നൽകുന്നതു ഇത്തരത്തിലുള്ള ഒരാത്മീയാടിസ്ഥാനമാണു്. ഈശ്വരൻ എല്ലാ ജീവിതവ്യാപാരങ്ങളുടേയും പരമമായ അടിസ്ഥാനമായതുകൊണ്ടു് ഈശ്വരനോടുള്ള ഐക്യം മനുഷ്യന്റെ ആദർശമായ എല്ലാറ്റിനോടുമുള്ള ഐക്യമാണു്. വെറുപ്പിനെ ഉദ്പാദിപ്പിക്കുന്നതും ശത്രുതയെ വളർത്തുന്നതുമായ എല്ലാ ചിൻതിരിപ്പൻശക്തികൾക്കും ഒരു കൈക

ണ്ട മറമരുന്നു് ഈശ്വരനിലുള്ള വിശ്വാസംകൊണ്ടു കൈവരുന്നു. മനുഷ്യസമുദായംമുഴുവൻ വമ്പിച്ച ഒരു സാഹോദര്യമാണു് എന്നു മനസ്സിലാക്കുവാൻ, ആത്മീയമായ ഒരു ബന്ധംമാത്രമാണു് മനുഷ്യനെ മനുഷ്യനോടിണക്കുന്നതു് എന്നു മനസ്സിലാക്കുവാൻ ഈശ്വരവിശ്വാസം മാർഗ്ഗദർശനം ചെയ്യുന്നു. ലോകത്തെ മുഴുവൻ ആകർഷിച്ചു പ്രവർത്തിയ്ക്കുന്ന ഒരു ശക്തിതായി അതു മാത്രം നിലനില്ക്കുന്നു. ഇക്ബാൽ പറയുന്നതു നോക്കുക:

> "ഒരു നൂറു വ്യക്തികളിൽ ഒരേ ചിന്തയുണ്ടാക്കുന്നതു ഈശ്വരവിശ്വാസത്തിന്റെ രഹസ്യങ്ങളിൽ ഒരു രഹസ്യം മാത്രമാണു്. മതം, ജ്ഞാനം, നിയമം—ഇവയെല്ലാം അതിന്റെ ഫലങ്ങളാണു്. ശക്തി, കായികബലം, ആധിപത്യം—ഇവയെല്ലാം അതിൽനിന്നുദിയ്ക്കുന്നു. അതിന്റെ സ്വാധീനശക്തി അടിമകളെ ഉദ്ധരിക്കുന്നു. അവരെ ഒരു പുതിയ വർഗ്ഗമാക്കി മാറ്റുന്നു. അതുകൊണ്ടു (ഈശ്വരവിശ്വാസംകൊണ്ടു്) ഭയവും സന്ദേഹവും നമ്മെ വിട്ടുപോകുന്നു, പ്രവർത്തനശക്തി ഉണർന്നെഴുന്നേല്ക്കുന്നു; കണ്ണു് ബ്രഹ്മാണ്ഡത്തിന്റെ രഹസ്യങ്ങളെത്തന്നെ കണ്ടറിയുന്നു."

2. പ്രവാചകനേതൃത്വം: മനുഷ്യസമുദായത്തിന്റെ നാമത്തിൽ പ്രവാചകന്മാർ വഹിച്ചിട്ടുള്ള പങ്കു വളരെ പ്രധാനമായ ഒന്നാണെന്നു് ആരും സമ്മതിയ്ക്കും. അവരോടു മനുഷ്യർ കാണിക്കുന്ന ഭക്തിബഹുമാനങ്ങൾ അകടപ്പാടിനെക്കുറിച്ചു മനുഷ്യനുള്ള ബോധത്തെയാണു്

കാണിക്കുന്നതും. പ്രവാചകന്മാരിൽ ഉള്ള അചഞ്ചലമായ വിശ്വാസം മനുഷ്യസമുദായത്തിന്റെ ശക്തിക്കു ഒരു ഉൽപത്തിസ്ഥാനമായിരുന്നിട്ടുണ്ട്. മുസ്ലിംസമുദായത്തെ സ്സംബന്ധിച്ചിടത്തോളം ഇപ്പറഞ്ഞതു് ഏറ്റവും അധികം വാസ്തവമാണു്.

ഇക്ബാൽ പറയുന്നു:

"പ്രവാചകന്റെ നേതൃത്വത്തിലാണു് ഈ ഭൂമിയിൽ നമ്മുടെ നിലനില്പു് സ്ഥിതി ചെയ്യുന്നതു്. പ്രവാചകന്റെ നേതൃത്വത്തിൽനിന്നാണു് നമ്മുടെ മതവും നിയമസംഹിതയും ഉണ്ടായതു്. പ്രവാചകൻ ലക്ഷക്കണക്കിനുള്ള നമ്മളെ ഒന്നായി ശുപപ്പെടുത്തി. അങ്ങിനെ പല ഭാഗങ്ങളും വേർപെടുത്താൻ കഴിയാത്തവണ്ണം പരസ്പരം ഇണക്കപ്പെട്ടു. അതു നമുക്കു് ജീവിതത്തിലും ലക്ഷ്യത്തിലും ഒരേ സ്വഭാവം പ്രദാനംചെയ്തു."

സമുദായം ഒരേ ഈശ്വരനിലുള്ള വിശ്വാസത്തിലും പ്രവാചകന്റെ നേതൃത്വത്തിലും സംഘടിച്ചുകഴിഞ്ഞാൽ അതു ദിക്കാലങ്ങളാൽ ബന്ധിക്കപ്പെട്ടതല്ലാത്തതായി, നശിയ്ക്കാത്തതും ശാശ്വതമായതുമായ ഒന്നായിത്തീരുന്നുവെന്നദ്ദേഹം വിശ്വസിച്ചു. ഉള്ളിൽനിന്നും പുറത്തുനിന്നുമുള്ള എല്ലാ നശീകരണശ്രമങ്ങളേയും എതിരിടാനുള്ള കഴിവു് അതിനുണ്ടാകുന്നുവെന്നു ഇക്ബാൽ പറയുന്നു.

3. നിയമസംഹിത: അനിശ്ചിതാവസ്ഥകളിലും അസമാധാനത്തിലും സമുദായത്തിന്റെ പ്രവർത്തനങ്ങ

ളെ നിയന്ത്രിക്കുന്നതും, ശരിയായ മാർഗ്ഗം കാട്ടിക്കൊട്ടുക്കുന്നതുമായ ഒരു നിയമസംഹിത അത്യാവശ്യമാണു്. ഒരു തലമുറ പ്രധാനവും വിലപ്പെട്ടതുമായിക്കരുതുന്ന സത്യങ്ങളും സുസ്ഥാപിതസംഗതികളും പിന്നത്തെ തലമുറ അസത്യങ്ങളും വെറും പൊള്ളയായ ആചാരങ്ങളുമായാണു് വ്യാഖ്യാനിക്കുന്നതു്. ഈ ഘട്ടത്തിലാണു് നിയമസംഹിത ജീവിതത്തിൽ വ്യവസ്ഥാപിതമായ ഒരു നിലകൊട്ടുക്കുന്നതു്. മനുഷ്യന്റെ മൂല്യങ്ങളും വിശ്വാസപ്രമാണങ്ങളും മാറിക്കൊണ്ടിരിക്കുമ്പോൾ നിയമസംഹിത ജീവിതയാത്രയിൽ ശക്തിയായ ഒരു നങ്കൂരമായി പ്രവത്തിക്കുന്നു. മനുഷ്യനു ബുദ്ധിമുട്ടുകളെക്കൊണ്ടും തടസ്സങ്ങളെക്കൊണ്ടും ജീവിതത്തിലെ അടിസ്ഥാനതത്വങ്ങളിൽ വിശ്വാസം കുറഞ്ഞുവരുമ്പോൾ നിയമസംഹിത മനുഷ്യനെ സൽപന്ഥാവിലേയ്ക്കു നയിക്കുന്നു. ശരിയായ ഒരു നിയമസംഹിതയുടെ അഭാവത്തിൽ സാമൂഹ്യജീവിതം ഒരു വലിയ കശപിശയിൽ പര്യവസാനിയ്ക്കും. മുസ്ലീം സമുദായത്തെസ്സംബന്ധിച്ചിടത്തോളം ഈ കോഡ് (നിയമസംഹിത) ഖുറാനാകുന്നു.

കേന്ദ്രം: സാംസ്കാരികവും സാമൂഹ്യവുമായ പ്രവത്തനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു കേന്ദ്രം ഏതൊരു സമുദായത്തിനും ഒഴിച്ചുകൂടാത്തതാണു്. ഈ കേന്ദ്രം, ഹൃദയം ദേഹത്തിന്റെ ഇതരഭാഗങ്ങൾക്കെന്നപോലെ, സമുദായത്തിന്റെ ഓരോ ഭാഗത്തിനും രക്തവും ശക്തിയും കൊട്ടുക്കുന്നു. ഈ കേന്ദ്രം ശരിക്കു പ്രവത്തിക്കുന്നിടത്തോളംകാലം സമുദായം മുഴുവ

ന്നും ശരിക്കു പ്രവർത്തിക്കും. അതു തകർന്നാൽ സമുദായം തകരും. മുസ്ലീമിങ്ങളെസ്സംബന്ധിച്ചിടത്തോളം ഈ കേന്ദ്രം മെക്കയാകുന്നു.

5. ലക്ഷ്യം: ഓരോ സമൂഹത്തിന്നും ശക്തിയും ഐക്യവും കിട്ടണമെങ്കിൽ അതിലെ ഓരോ അംഗത്തിന്നും ഒരേ ഒരു ലക്ഷ്യംവേണം. ആ ലക്ഷ്യപ്രാപ്തിക്കായി ഓരോരുത്തരും ചെയ്യുന്ന പ്രവർത്തനം അംഗങ്ങളെ തമ്മിൽ യോജിച്ചു ബന്ധിക്കുകയും സാമൂഹ്യജീവിതത്തിന്നു അർത്ഥമുണ്ടാക്കുകയും ചെയ്യുന്നു. മറ്റു ദോഷകരങ്ങളായ സ്വാധീനശക്തികൾ സാമൂഹ്യജീവിതത്തെ താറുമാറാക്കാൻ ശ്രമിയ്ക്കുമ്പോൾ ഒരേ ലക്ഷ്യത്തെ ഉദ്ദേശിച്ചുള്ള എല്ലാ അംഗങ്ങളുടേയും പ്രവർത്തനം സമൂഹത്തിന്റെ ശക്തിയെ നിലനിർത്തുന്നു. ഈ ലക്ഷ്യം എത്രത്തോളം സമുന്നതമാണോ അത്രത്തോളം ഉറച്ചതായിരിക്കും സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനവും.

6. പ്രകൃതിശക്തികളെ കീഴ്പെടുത്തൽ: ആത്മാവിനെ ബലപ്പെടുത്തുവാനായി ഓരോ വ്യക്തിയും ചുറ്റുപാടുകളുടെമേൽ ആധിപത്യം സ്ഥാപിക്കണം; അതായതു ശാസ്ത്രം പഠിച്ചു അതിലെ തത്വങ്ങൾ ഉപയോഗിച്ചു പ്രകൃതിശക്തികളുടെമേൽ ആധിപത്യം സ്ഥാപിച്ചു, അവയെ മനുഷ്യന്റെ ഭൃത്യന്മാരാക്കിമാറ്റണം. ഇതിന്റെ അർത്ഥം ശാസ്ത്രീയമായ ഒരു വീക്ഷണഗതി വളർത്തിക്കൊണ്ടുവരണമെന്നതന്നെയാണു് ഒരു വ്യക്തിയെസ്സംബന്ധിച്ചുള്ള ആവശ്യമാണു്; ഒരു സമൂഹത്തെ, സമുദായത്തെസ്സംബന്ധിച്ചിടത്തോളം ഇതു അ

ത്യന്താപേക്ഷിതമാണു്; ഇതു് ജീവിത-മരണപ്രശ്നങ്ങളിൽ ഒന്നാണു്. ശാസ്ത്രം പഠിച്ച പ്രകൃതിശക്തികളെ കീഴടക്കിയവർ ലോകചരിത്രത്തിന്റെ ഏതു കാലഘട്ടത്തിലും ആധിപത്യം വഹിച്ചിട്ടുണ്ടു്. ശാസ്ത്രത്തെ വിസ്മരിച്ചു, പഠിക്കാതെ കഴിച്ചുകൂട്ടിയവർ അടിമത്തത്തിലും കഴിച്ചുകൂട്ടിയിട്ടുണ്ടു്. അറബികളുടെ ശാസ്ത്രീയ സംഭാവന ലോകവിജ്ഞാനത്തെ വളരെ സമ്പന്നമാക്കി; അവർ അതു കൈവിട്ട മനോരാജ്യക്കാരും ശ്രദ്ധാത്മവാദികളുമായിത്തീർന്നതോടെ, ആ സമുന്നതമായ സ്ഥാനം, ലോകത്തിലെ ശാസ്ത്രജ്ഞന്മാരുടെ നേതൃത്വം അവക്കു നഷ്ടപ്പെട്ടു. അതുകൊണ്ടു പ്രകൃതിശക്തികളെ കീഴടക്കുവാൻ മനുഷ്യനു കഴിയുന്നിടത്തോളം അവനു സാമൂഹ്യജീവിതത്തെ ശക്തിപ്പെടുത്താനും സ്വന്തം ശക്തികളെ വർദ്ധിപ്പിക്കാനും അങ്ങിനെ അവന്റെ ജീവിതോദ്ദേശം സാധിയ്ക്കാനും കഴിയും.

7. സമൂഹത്തിന്റെ ആത്മാവിന്റെ അഭിവൃദ്ധി: ഉറപ്പും സമൃദ്ധിയും നേടണമെങ്കിൽ സമുദായം വ്യക്തിയുടെയെന്നപോലെ സമൂഹത്തിന്റേയും ആത്മചൈതന്യം ആവിഷ്കരിക്കണം. സമൂഹത്തിന്റെ ഏറ്റവും നല്ല പാരമ്പര്യങ്ങളെ പോറ്റി, പോഷിപ്പിയ്ക്കുന്നതിലാണു് ഈ ആത്മചൈതന്യം ആവിഷ്കരിക്കുന്നതിന്റെ രഹസ്യം സ്ഥിതിചെയ്യുന്നതു്. അതിന്റെ അഭിവൃദ്ധിയുടെ കാലഘട്ടത്തിൽ ഏതൊരു സമൂഹവും, കുറെ നല്ല അഭിമാനിക്കാവുന്ന പാരമ്പര്യങ്ങളെ നേടിയിട്ടുണ്ടാകും. ഏറ്റവും അധികം കഷ്ടപ്പാടുകളും അനുഭവിയ്ക്കുന്ന കാല

ത്തു് അന്തരീക്ഷം ഏറ്റവും ഇരുണ്ടതായി തോന്നുന്നസമയത്തു ഈ പാരമ്പര്യങ്ങളെ മുറുകെപിടിയ്ക്കുകയ്ല്ലാതെ ആ സമൂഹത്തിന്റെ, അന്തർല്ലീനമായ, ആത്മീയശക്തിയെ ആവിഷ്കരിക്കണം.

8. മാതൃത്വം: മാതൃത്വത്തെ മാനിയ്ക്കാത്ത ഒരു സമൂഹവും നിലനില്ക്കുകയില്ല. സ്വർണ്ണവും വെള്ളിയുമല്ല; സമുദായത്തിലെ ആരോഗ്യവും ഉശിരുമുള്ള സന്താനങ്ങളാണു് അതിന്റെ സ്വത്തു്. മാതൃത്വത്തെ അവമാനിച്ച പാശ്ചാത്യരാഷ്ട്രങ്ങൾ ഇന്നു അതിനു പ്രായശ്ചിത്തം ചെയ്കയാണു്. മാതൃത്വത്തിനു സംരക്ഷണവും പ്രോത്സാഹനവും മാത്രമല്ല, അർഹിക്കുന്ന ബഹുമാനവും കൂടി കൊടുക്കണം. ഒരു കുഡുംബത്തെ സൃഷ്ടിയ്ക്കുകയും വളത്തിക്കൊണ്ടുവരികയും ചെയ്യുന്ന ഒരു സ്ത്രീ, അവരുടെ കയ്യുകൊണ്ടുള്ള പ്രവൃത്തികൊണ്ടു നല്ല കുട്ടികളെ പരിശുദ്ധരായ സ്ത്രീ പുരുഷന്മാരായി വളത്തിക്കൊണ്ടുവരുന്നതുകൊണ്ടു, ഒരു സൃഷ്ടികർത്താവാണു്, ഒരു ഈശ്വരശക്തിയാണു്.

Love Story

ISLAM HIGH SCHOOL
Date
Class

MUSLIM HIGH SCHOOL
Date .....
ERNAKULAM.